32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 16, 2024 | Vol. XXXII No. 07 | Periodicals Postage Paid

4 സി.എം.ആർ.എൽ സാമ്പത്തിക ഇടപാട്
7 പേതൃത്ത കൂട്ടായ്മ ഒരുക്കി തിരുഹൃദയ ഇടവക
10 കേന്ദ്ര അവഗണനക്കെതിരെ കേരളത്തിന്റെ പ്രതിഷേധം
11 ഡൽഹിയിൽ വീണ്ടും കർഷകസമരം
22 മാറുന്ന ഭക്ഷണ സംസ്കാരം

## 'സമരാഗ്നി' ജ്വലിപ്പിച്ച് കോൺഗ്രസ് പ്രക്ഷോഭയാത്ര




കെ.പി.സി.സി. സമരാഗ്നി ജനകീയ പ്രക്ഷോഭയാത്ര കാസർകോട്ട് എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പതാക കൈമാറി ഉദ്ഘാടനം ചെയ്തശേഷം, യാത്ര നയിക്കുന്ന പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെയും കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരനെയും ആശ്ലേഷിക്കുന്നു

കാസർഗോഡ്: കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കെതിരെ കോൺഗ്രസിന്റെ 'സമരാഗ്നി' ജനകീയ പ്രക്ഷോഭയാത്രയ്ക്കു തുടക്കം. യു.ഡി.എഫിന്റെ ലോക്സഭാ തെരഞ്ഞെടുപ്പു പ്രചാരണത്തിനുകൂടി തുടക്കമിടുന്ന യാത്രയ്ക്കായി എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലാണ് കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരനും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും കോൺഗ്രസ് പതാക കൈമാറിയത്.

'ഇന്ത്യ തിളങ്ങുന്നു' എന്ന 2004-ലെ എൻ.ഡി.എ. മുദ്രാവാക്യത്തിന്റെ അതേ ഗതിയാകും 'മോദിയുടെ ഗാരന്റി'യെന്ന അവരുടെ ഇപ്പോഴത്തെ മുദ്രാവാക്യത്തിനെന്നു വേണുഗോപാൽ പറഞ്ഞു. (ശേഷം 24-ാം പേജിൽ)

## ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് പൗരത്വ നിയമം നടപ്പിലാക്കും: അമിത്ഷാ



ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പായി പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. 2019-ൽ പൗരത്വ ഭേദഗതി നിയമം നിലവിൽ വന്നതാണ്. ചട്ടങ്ങളിൽ തീരുമാനമാകാത്തതിനാലാണ് വൈകുന്നത്. പൗരത്വ ഭേദഗതി നിയമത്തെ സംബന്ധിച്ച് മുസ്ലിം സഹോദരങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്. പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ മതപീഡനത്തെത്തുടർന്ന് ഇന്ത്യയിലേക്ക് കടന്നവർക്കു പൗരത്വം നൽകുന്നതിനുള്ള നിയമമാണിത്. ആരുടെയും ഇന്ത്യൻ പൗരത്വം തട്ടിയെടുക്കാൻവേണ്ടി കൊണ്ടുവന്ന നിയമമല്ല: ഷാ പറഞ്ഞു. യൂണിയൻ സിവിൽ കോഡ് എന്നത് ഭരണഘടനയിലുള്ള അജണ്ടയാണ്. പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. (ശേഷം 24-ാം പേജിൽ)

കേരളാ എക്സ്പ്രസ് KERALA EXPRESS

ഡോ. സിന്ധു പിള്ള

എ. കെ. എം. ജി. പ്രസിഡന്റ്



വഴിത്താരകൾ പേജ്, 16, 17

## പടക്കപ്പുരയിൽ വൻ സ്ഫോടനം
## ഒരു മരണം; നിരവധിപേർക്ക് പരുക്ക്



കൊച്ചി: തൃപ്പൂണിത്തുറയിൽ പുതിയകാവ് വടക്കുപുറം കരയോഗത്തിന്റെ ഊരക്കാട്ടുള്ള പടക്കപ്പുരയ്ക്കു തീപിടിച്ചുണ്ടായ സ്ഫോടനത്തിൽ ഒരു മരണം. പടക്കശാല ജീവനക്കാരനായ വിഷ്ണു ആണ് മരിച്ചത്. 12 പേർക്ക് പരുക്കേറ്റു. ഗുരുതരമായി പരുക്കേറ്റ മൂന്നു പേരെ കളമശേരി മെഡിക്കൽ കോളജിലും മറ്റുള്ളവരെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലും പ്രവേശിപ്പിച്ചു. സമീപത്തെ 25 വീടുകൾക്കു കേടുപാടുകൾ പറ്റി. രണ്ടു കിലോമീറ്റർ അകലേക്കു വരെ സ്ഫോടനത്തിന്റെ ആഘാതമുണ്ടായെന്നു സമീപവാസികൾ പറയുന്നു. ഒരു വാഹനം കത്തിനശിച്ചു. അപകടത്തെ തുടർന്ന് തൃപ്പൂണിത്തുറ-വൈക്കം റോഡിൽ വൻ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടു.

ഒട്ടേറെ വ്യാപാരസ്ഥാപനങ്ങളും വീടുകളുമെല്ലാമുള്ള സ്ഥലമാണ് ഇത്. വലിയ സ്ഫോടനമാണ് ഉണ്ടായിട്ടുള്ളതെന്ന് സമീപവാസികൾ പറയുന്നു. വീടുകളുടെ ചില്ലുകളും മറ്റു വസ്തുക്കളും തകർന്നെന്ന് വീട്ടുകാർ പറയുന്നു. പുതിയകാവ് ക്ഷേത്രത്തിലെ ഉത്സവത്തിന്റെ ഭാഗമായി പടക്കങ്ങൾ സൂക്ഷിച്ചിരുന്നിടത്താണ് അപകടം. വാഹനത്തിൽനിന്നു പടക്കങ്ങൾ ഇറക്കുന്നതിനിടെയാണ് അപകടം. ആറു തവണ സ്ഫോടനം ഉണ്ടായതായാണ് വിവരം. ഫയർഫോഴ്സും പോലീസും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി. ആദ്യം ഗ്യാസ് പൊട്ടിത്തെറിച്ചത് എന്നാണ് എല്ലാവരും കരുതിയത്. പിന്നീടാണ് പടക്കപ്പുരയിൽ ഉണ്ടായ പൊട്ടിത്തെറി എന്നു മനസ്സിലാകുന്നത്. (ശേഷം 24-ാം പേജിൽ)

## 129-ാമത് മാരാമൺ കൺവൻഷന് തുടക്കമായി




129-ാമത് മാരാമൺ കൺവൻഷൻ മാർത്തോമ്മ സഭാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. (വാർത്ത 4-ാം പേജിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

# ACTIVELY SEEKING YOUTH PASTOR

IPC Hebron, Des Plaines, Chicago congregation is seeking a youth pastor

## QUALIFICATION

- The candidate shall be a dedicated man of God with a true calling for youth ministry, anointed with the Holy Spirit
- A theological graduate from an accredited Bible College/University
- 3 years of Pastoral experience
- Must be Married
- Fluent in English & Malayalam
- Should have completed schooling in the US
- Has the pastoral skills to teach, interact, mentor, counsel, and lead the younger generation in the church to spiritual growth
- US citizen or Permanent Resident

Candidates who are interested and meet the above qualifications may email their resume, personal details, including their family details, family pictures and references to hp@ipcofgod.org

**MEDICARE SUPPLEMENTS & ADVANTAGE PLANS**
**GET YOUR MEDICARE QUESTIONS ANSWERED**

# MEDICARE

Medicare coverage can be confusing and it is important to make the best decision for you and your health. There are four different parts of Medicare:

| | |
|---|---|
| Part A<br>Hospital Insurance | Part C<br>$0 Premium Medicare Advantage Plans |
| Part B<br>Medical Insurance | Part D<br>Prescription Drug Coverage |

Medicare Supplement Plans Offered by Various Companies at competitive Rates

CALL or TEXT **RAJ SURENDRAN**

Senior Medicare Specialist
Investment Advisor Representative, MBA

**708-945-3985**

www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com



*There is no obligation,*
*All consultations are complimentary!*



Michael Crifase Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

## സി.എം.ആർ.എൽ സാമ്പത്തിക ഇടപാട്

# അന്വേഷണം നടക്കുന്നതാണ് നല്ലതെന്ന് ഹൈക്കോടതി

കൊച്ചി: എക്സാലോജിക്-സി.എം.ആർ.എൽ. സാമ്പത്തിക ഇടപാട് കേസിൽ അന്വേഷണം നടക്കുന്നതാണ് നല്ലതെന്ന് ഹൈക്കോടതി. എസ്.എഫ്.ഐ.ഒ. അന്വേഷണം സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ടു കെ.എസ്.ഐ.ഡി.സി. നൽകിയ ഹർജിയിലാണ് ഹൈക്കോടതി പരാമർശം.

അന്വേഷണത്തിൽ ആശങ്ക എന്തിനാണെന്നും നിർത്തിവെക്കാൻ ആവശ്യപ്പെടുന്നത് എന്തിനാണെന്നും കോടതി ചോദിച്ചു.

അന്വേഷണം പേരിനു കളങ്കം വരുത്തുന്നതായി കെ.എസ്.ഐ.ഡി.സി. കോടതിയെ അറിയിച്ചു. സി.എം.ആർ. എലിനെതിരായ അന്വേഷണത്തിൽ എതിർപ്പില്ലെന്നും അവർ വ്യക്തമാക്കി. എന്നാൽ എക്സാലോജിക് കരാറിൽ സി.എം.ആർ.എലിനോട് വിശദീകരണം തേടിയതിന്റെ പകർപ്പ് ഹാജരാക്കാൻ കെ.എസ്.ഐ.ഡി.സിയോട് കോടതി ആവശ്യപ്പെട്ടു. ഇതിനു സമയം വേണമെന്ന് കെ.എസ്.ഐ.ഡി.സി. പറഞ്ഞതിനാൽ ഹർജി ഈ മാസം 26-ലേക്കു മാറ്റി.

ഇതിനിടെ, സ്വകാര്യ കരിമണൽ കമ്പനിയായ സി.എം.ആർ.എലിനു പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള വഴിവിട്ട ഇടപാടുകൾ സംബന്ധിച്ച കൂടുതൽ രേഖകൾ പുറത്ത്. 2018-ൽ ആലപ്പുഴ തോട്ടപ്പള്ളിയിൽനിന്നു മണൽ വാരാൻ പൊതുമേഖലാ സ്ഥാപനങ്ങൾക്കു സർക്കാർ നൽകിയ അനുമതി ദുരുപയോഗം ചെയ്ത് സി.എം.ആർ. എൽ. കോടികൾ നേട്ടമുണ്ടാക്കിയതും സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്.എഫ്.ഐ.ഒ.) പരിശോധിക്കുന്നു.

മണൽ വാരാൻ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിനും (കെ.എം.എം.എൽ.) ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിനും (ഐ.ആർ.ഇ. എൽ.) ആണ് അനുമതി നൽകിയത്. എന്നാൽ ഐ.ആർ.ഇ.എലിൽനിന്ന് മണൽ സി.എം.ആർ.എലിനു കിട്ടിയെന്നാണ് ജി.എസ്.ടി. ഇ-വേ ബില്ലുകളിൽനിന്നു വ്യക്തമാകുന്നത്. ഇൽമനൈറ്റിൽനിന്ന് ഇരുമ്പ് വേർതിരിച്ച് സിന്തറ്റിക് റൂട്ടൈൽ (ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റ്) നിർമിക്കുന്നതിനുള്ള സാങ്കേതികവിദ്യ കെ.എം.എം.എലിന് ഉണ്ട്. പക്ഷേ 2018-ൽ തോട്ടപ്പള്ളി മണൽവാരൽ തുടങ്ങിയശേഷം 2019 വരെ സി.എം.ആർ.എലിൽനിന്ന് കെ.എം.എം.എൽ. ടൺ കണക്കിനു സിന്തറ്റിക് റൂട്ടൈൽ വാങ്ങിയതായി രേഖകളുണ്ട്. ആദായനികുതി വകുപ്പിന്റെ ഇന്ററിം സെറ്റിൽമെന്റ് ബോർഡിന് സി.എം.ആർ.എൽ. നൽകിയ മൊഴി അടിസ്ഥാനമാക്കിയാണ് ഇക്കാര്യത്തിൽ അന്വേഷണം വ്യാപിപ്പിക്കുന്നത്.

## വീണയ്ക്ക് ആശ്വാസവും കുരുക്കും

ബാംഗ്ളൂർ: മാസപ്പടി കേസിൽ എസ്എഫ്ഐഒ നടത്തുന്ന അന്വേഷണത്തിനെതിരെ വീണാ വിജയൻ ഡയറക്ടറായ എക്സാലോജിക് കമ്പനി കർണാടക ഹൈക്കോടതിൽ കൊടുത്തിരുന്ന ഹർജിയിൽ അന്തിമ വിധി വരുന്നതു വരെ വീണാ വിജയന്റെ അറസ്റ്റ് ഹൈക്കോടതി തടഞ്ഞു. എന്നാൽ, എസ്എഫ്ഐഒയുടെ നോട്ടീസിനു മറുപടി നല്കുകയും രേഖകൾ ഹാജരാക്കുവാനും ഹൈക്കോടതി വീണയ്ക്ക് നിർദ്ദേശം നല്കി.

## മോൺ. ജസ്റ്റിൻ മഠത്തിപറമ്പിൽ അഭിഷിക്തനായി

ജസ്റ്റിൻ മഠത്തിപറമ്പിൽ അഭിഷിക്തനായി. ഫെബ്രുവരി 12-ന് ഉച്ചകഴിഞ്ഞ് നടന്ന ചടങ്ങുകൾക്ക് വിജയപുരം ബിഷപ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. നിയുക്ത മെത്രാനെയും മറ്റ് മെത്രാന്മാരെയും വിശിഷ്ടാതിഥികളെയും വിമലഗിരി കത്തീഡ്രലിലെ പ്രധാന കവാടത്തിൽനിന്നു സ്വീകരിച്ചു.




കോട്ടയം: വിജയപുരം രൂപതയുടെ പ്രഥമ സഹായമെത്രാനായി മോൺ.

വരാപ്പുഴ ആർച്ച്ബിഷപ് റവ.ഡോ. ജോസഫ് കളത്തിപ്പറമ്പിലും തിരുവനന്തപുരം ആർച്ച്ബിഷപ് റവ.ഡോ. തോമസ് നെറ്റോയും പ്രധാന സഹകാർമ്മികരായി. വിവിധ റീത്തുകളിലെ മെത്രാന്മാരും ഇരുന്നൂറിലേറെ വൈദികരും ശുശ്രൂഷകളിൽ സഹകാർമ്മിത്വം വഹിച്ചു.

കേരള ലത്തീൻ മെത്രാൻ സമിതി പ്രസിഡണ്ടും കോഴിക്കോട് ബിഷപ്പുമായ റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ വചനപ്രഘോഷണം നടത്തി.

വിശുദ്ധ കുർബാനയ്ക്കുശേഷം മലങ്കര കത്തോലിക്കാസഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയും കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും അനുഗ്രഹപ്രഭാഷണം നടത്തി.

## പ്രശസ്ത ചിത്രകാരൻ എ. രാമചന്ദ്രൻ അന്തരിച്ചു



ന്യൂഡൽഹി: പ്രശസ്ത ചിത്രകാരൻ എ. രാമചന്ദ്രൻ (89) അന്തരിച്ചു. വൃക്കരോഗം ബാധിച്ച് ഏറെ നാളായി ചികിത്സയിലായിരുന്നു. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിലാണു ജനനം. 2005-ൽ ഇന്ത്യ പദ്മഭൂഷൺ പുരസ്കാരം നൽകി ആദരിച്ചു. ഡൽഹി ജാമിഅ മില്ലിയ സർവകലാശാലയിൽ ചിത്രകലാ വിഭാഗം മേധാവിയായിരുന്നു.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽനിന്നു സാഹിത്യത്തിൽ ബിരുദാനന്തരബിരുദം പൂർത്തിയാക്കിയ എ. രാമചന്ദ്രൻ 1961-ൽ പശ്ചിമബംഗാളിലെ ശാന്തിനികേതനിൽനിന്നു ഫൈൻ ആർട്സിൽ ഡിപ്ലോമ നേടി. തുടർന്നു കേരളത്തിലെ ചുമർചിത്രകലയെക്കുറിച്ചു പഠനം നടത്തി. യാതി, ഉർവശി, ന്യൂക്ലിയർ രാഗിണി തുടങ്ങിയവയാണ് പ്രശസ്ത ചിത്രങ്ങൾ. ബുക്ക് ഇല്ലസ്ട്രേഷന് രണ്ടു തവണ ജപ്പാനിൽനിന്നുള്ള നോമ പുരസ്കാരത്തിനും അർഹനായി. രണ്ടു തവണ ചിത്രകലയ്ക്കുള്ള ദേശീയ പുരസ്കാരം, കേരള സർക്കാരിന്റെ രാജാരവി വർമ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

'ഗാന്ധി-ലോൺലിനെസ് ഓഫ് ദ ഗ്രേറ്റ്' എന്ന പേരിൽ ഗാന്ധിയുടെ രേഖാചിത്രങ്ങളുടെ പരമ്പര, ആത്മകഥാപരമായും കലാചരിത്രപരമായുമുള്ള നിരവധി ലേഖനങ്ങൾ, വിവിധ ഭാഷകളിൽ കുട്ടികൾക്കുള്ള പുസ്തകങ്ങളും കവറുകളും ചിത്രകഥകളും പുറത്തിറക്കിയിട്ടുണ്ട്. ടാൻ യുവാൻ ചമേലിയാണ് ഭാര്യ. സുജാത, രാഹുൽ എന്നിവരാണു മക്കൾ.

## ജനങ്ങളുടെ കണ്ണീരൊപ്പാൻ ഭരണകൂടത്തിന് കടമയുണ്ട്: മാർത്തോമ്മ മെത്രാപ്പോലീത്ത

മാരാമൺ: ജനങ്ങളുടെ കണ്ണീരു തുടയ്ക്കാൻ നിയോഗിക്കപ്പെട്ടവരാണ് ഭരണാധികാരികളെന്ന് ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത. 129-ാമത് മാരാമൺ കൺവൻഷൻ പമ്പാ മണൽപ്പുറത്ത് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഭരണസംവിധാനങ്ങൾ എല്ലാമുണ്ടായിട്ടും മാനന്തവാടിയിൽ ഒരു മനുഷ്യജീവൻ കാട്ടാനയുടെ ആക്രമണത്തിൽ ഹോമിക്കപ്പെടേണ്ടിവന്നത് ദൗർഭാഗ്യകരമാണ്. വനാതിർത്തിയിൽ താമസിക്കുന്ന കർഷകർ ഈ നാടിന്റെ ഭാഗമാണ്. ഓരോ പൗരന്റെയും സ്വാതന്ത്ര്യവും അന്തസും ഉയർത്തിപ്പിടിക്കാൻ നമ്മുടെ ഭരണഘടന പിന്തുണ നൽകുന്നുണ്ടെന്ന് മെത്രാപ്പോലീത്ത ചൂണ്ടിക്കാട്ടി. എന്നാൽ, ചിലപ്പോഴെങ്കിലും കാര്യങ്ങൾ കൈവിട്ടുപോകുന്നുവോ എന്നു തോന്നിപ്പിക്കുന്ന സംഭവങ്ങളും ഇല്ലാതില്ല.

ജനക്കൂട്ടം നിയമം കൈയിലെടുക്കുമ്പോൾ നമ്മുടെ പ്രതീക്ഷയായി നിൽക്കേണ്ടത് സർക്കാരും ഉദ്യോഗസ്ഥരുമാണ്. ദുർബലർ ആക്രമിക്കപ്പെടുമ്പോൾ അവിടെ ധർമം സ്ഥാപിക്കേണ്ടവരാണ് തങ്ങളെന്ന സത്യം ഭരണാധികാരികൾ മറന്നുപോകരുത്. ഏതുതരം ഹിംസയും ആരെയും ഒരുതരത്തിലും അസ്വസ്ഥതപ്പെടുത്താത്ത ഒരു സമൂഹം രൂപപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നത് ആശങ്കാജനകമാണ്. ആൾക്കൂട്ടങ്ങളെ ഉത്തരവാദിത്വമുള്ള സമൂഹമായി മാറ്റിയെടുക്കാനുള്ള ചുമതല രാഷ്ട്രീയക്കാർക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. യുവത്വത്തിനു സഹിഷ്ണുത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. നീതിപാലകരെയും വിദ്യാർഥികളെയും ഈ സാംക്രമികരോഗം ബാധിച്ചോ എന്നും തോന്നിപ്പിക്കുന്നതാണ് സമീപകാല സംഭവങ്ങളെന്ന് മാർത്തോമ്മ മെത്രാപ്പോലീത്ത പറഞ്ഞു. ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾ കടുത്ത ആശങ്കയിലാണ്. ഉത്തരവാദപ്പെട്ടവർ മതന്യൂനപക്ഷങ്ങളുടെ ആശങ്ക അകറ്റണം. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഇനിയും നടപ്പാക്കിയിട്ടില്ല. ദളിത് ക്രൈസ്തവർക്ക് അർഹതപ്പെട്ട ആനുകൂല്യം ഉറപ്പാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കണം.

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ചവരുടെ എണ്ണം 16 ലക്ഷം കവിഞ്ഞു. ചെറുപ്പക്കാർ നാടുവിടുന്നതിനു പിന്നിലെ കാരണങ്ങൾ പലതാണ്. 2023-ൽ 45,133 പേരോളം ഉപരിപഠനത്തിനായി കേരളം വിട്ടു. ഇവരൊന്നും തിരികെ വരുമെന്നു തോന്നുന്നില്ല. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധികൾ അതിരൂക്ഷമാണ്. ഇതു സാധാരണക്കാരായ വിദ്യാർത്ഥികളെ നിരാശയിലാക്കുന്നു. ഈ സ്ഥിതി മാറ്റാൻ സർക്കാരിന് ബാധ്യതയുണ്ടെന്നും മാർത്തോമ്മ മെത്രാപ്പോലീത്ത പറഞ്ഞു. ലോകത്തെ അറുപതോളം രാജ്യങ്ങൾ ഇക്കൊല്ലം പൊതുതെരഞ്ഞെടുപ്പിനെ നേരിടാനൊരുങ്ങുകയാണ്.

നമ്മുടെ രാജ്യവും ലോക്സഭാ തെരഞ്ഞെടുപ്പിനൊരുങ്ങുന്നു. മതേതരത്വം, ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങളെ ചേർത്തുപിടിക്കാനുള്ള അവസരമായി ഇതിനെ മാറ്റിയെടുക്കണമെന്നും ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 07
February 16, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

കടം വീട്ടുമ്പോൾ നാം മറ്റുള്ളവരെപ്പോലെയാണ്. എന്നാൽ, പ്രതികാരത്തിന്റെ കടം വീട്ടാതിരിക്കുമ്പോൾ നാം മറ്റുള്ളവരെക്കാൾ മഹനീയരാകും.

**ചാൾസ് ഡിക്കൻസ്**


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കേന്ദ്രത്തിന്റെ ഇരട്ടനീതിക്കെതിരെ കേരളവും

കേന്ദ്ര സർക്കാർ സാമ്പത്തികമായി അവഗണിക്കുന്നെന്നാരോപിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രിമാരും ഇടതു ജനപ്രതിനിധികളും ഡൽഹി ജന്തർ മന്തറിൽ പ്രതിഷേധ സമരം നടത്തി. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഇത്തരത്തിലൊരു സമരം സംസ്ഥാന സർക്കാർ ഇന്ത്യാ തലസ്ഥാനത്തു നയിക്കുന്നത്. കേരളം അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി ഉൾപ്പെടെയുള്ള കാര്യങ്ങൾക്കു കേന്ദ്രത്തെ മുഖ്യ പ്രതിസ്ഥാനത്തു നിർത്തുന്ന നയമാണു കേരളത്തിന്റേത്. കേന്ദ്രവും കേരളവും തമ്മിൽ തുടരുന്ന ഏറ്റുമുട്ടലിന്റെ ക്ലൈമാക്സായി സമരം മാറാനിടയില്ലെങ്കിലും ജനാധിപത്യ ഇന്ത്യയുടെ ചരിത്രത്തിലെ ഉജ്വല അധ്യായമായി സമരം മാറുമെന്ന പ്രതീക്ഷയാണ് എൽ.ഡി. എഫ്. നേതാക്കൾക്കുള്ളത്.

ഇന്ത്യയുടെ മതനിരപേക്ഷതയും ഭരണഘടനാ മൂല്യങ്ങളും സംരക്ഷിക്കാൻ ബി.ജെ.പിയെ അധികാരത്തിൽനിന്നു പുറത്താക്കാനായി പ്രതിപക്ഷ പാർട്ടികളും വോട്ടർമാരും ജാഗ്രത പാലിക്കണമെന്ന് പിണറായി ആഹ്വാനം ചെയ്തു. ബി.ജെ.പിക്കു തുടർഭരണം കിട്ടാതിരിക്കാൻ ബി.ജെ.പിയെ എതിർക്കുന്നവർ യോജിച്ചു പ്രവർത്തിക്കണം. വടക്കു-തെക്കു വിഭജനത്തിന്റെ പ്രശ്നമില്ല. കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ കർണാടക, തമിഴ്നാട്, ഡൽഹി, പഞ്ചാബ് അടക്കമുള്ള സംസ്ഥാനങ്ങൾ പോരാടുന്നുണ്ട്. കേരളം അടക്കമുള്ള ബി.ജെ.പി. ഇതര സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുകയാണ് കേന്ദ്രം ചെയ്യുന്നതെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളോട് ലാളനയും മറ്റുള്ളവയോട് പീഡനവും എന്നതാണ് കേന്ദ്രസർക്കാർ നിലപാട്. കേരളത്തിന്റെ നികുതി വിഹിതവും ഗ്രാന്റും കടമെടുപ്പു പരിധിയും വെട്ടിക്കുറച്ചു.

ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ ബജറ്റ് പ്രസംഗത്തിലും കേന്ദ്രത്തിനെതിരെ ശക്തമായ പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. കേന്ദ്രത്തിന്റെ ശത്രുതാപരമായ സമീപനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉപരോധത്തിലേക്കു കേരളത്തെ തള്ളിവിടുന്നതായി ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു. കേന്ദ്രത്തിന്റെ സമീപനത്തിൽ പരിതപിച്ചു കൈയുംകെട്ടി നോക്കിനിൽക്കാനല്ല കേരളം തയാറാവേണ്ടതെന്ന ആഹ്വാനവുമുണ്ടായി. നിയമപരമായും ഭരണഘടനാപരമായും അർഹമായ മുഴുവൻ അവകാശങ്ങളും സഹകരണ ഫെഡറലിസത്തിലൂന്നി ശക്തമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിനു നേടിയെടുക്കേണ്ടതുണ്ടെന്നും ബജറ്റ് പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. ഈയൊരർത്ഥത്തിൽ കേരളത്തിന്റെ പ്രതിഷേധ സമരത്തെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടമെന്നു വിശേഷിപ്പിക്കാം.

കേരളത്തിന്റെ അവകാശവാദത്തിലും കേന്ദ്രത്തിനെതിരായ പരാതിയിലും എത്രമാത്രം സത്യമുണ്ടെന്നതാണു പ്രധാനം. കേരളം കേന്ദ്രത്തിനെതിരെയും കേന്ദ്രം തിരിച്ചും പറയുന്ന കാര്യങ്ങളിൽ കൂടുതൽ വ്യക്തത കൊണ്ടുവരാൻ സമരം സഹായകരമാകട്ടെ. ഫെഡറൽ തത്വങ്ങൾ പൂർണമായും ലംഘിക്കുന്ന രീതിയിലാണ് കേന്ദ്രം സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിരിക്കുന്നതെന്ന് കേരളം ആരോപിക്കുന്നു. പതിനഞ്ചാം ധനകാര്യ കമ്മിഷൻ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിച്ചപ്പോൾ തന്നെ കേരളത്തിനു വലിയ നഷ്ടമുണ്ടായതായി ധനകാര്യമന്ത്രി പറഞ്ഞു. അതിനു പുറമേ കമ്മിഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകളെ മറികടന്ന് കേരളത്തിന്റെ വായ്പാ പരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറച്ചതായും കേരളം ആരോപിക്കുന്നു. ഈയൊരു വിഷയം ചൂണ്ടിക്കാട്ടി കേരളം ഫയൽ ചെയ്ത കേസ് സുപ്രീം കോടതിയിൽ നിലനിൽക്കേയാണ് സമരം. എന്നാൽ, കേരളത്തിന്റെ സാമ്പത്തിക ക്ലേശത്തിനു കാരണം ധനമാനേജ്മെന്റിലെ പിടിപ്പുകേടാണെന്ന മറുപടിയാണ് കേന്ദ്രം സുപ്രീം കോടതിയിൽ നൽകിയത്. എടുക്കുന്ന കടം ശമ്പളവും പെൻഷനും ഉൾപ്പെടെ ദൈനംദിന പ്രവർത്തനങ്ങൾക്കു കേരളം ചെലവഴിക്കുന്നതായും കുറ്റപ്പെടുത്തലുണ്ടായി. ധൂർത്തും സാമ്പത്തിക അച്ചടക്കമില്ലായ്മയും കേരള സർക്കാരിനെതിരെ സാധാരണക്കാർ പോലും ഉന്നയിക്കുന്ന വിമർശനമാണ്.

കടമെടുപ്പു വിഷയത്തിൽ സുപ്രീം കോടതി ഉത്തരവ് കേരളത്തിനും കേന്ദ്രത്തിനും നിർണായകമാണ്. സുപ്രീം കോടതി കൈവിടുന്ന സാഹചര്യമുണ്ടായാൽ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനു രാഷ്ട്രീയ തിരിച്ചടിയാകും. കേന്ദ്ര സർക്കാരിന്റെ നയസമീപനങ്ങളെ തുറന്ന് എതിർക്കുന്ന രാഷ്ട്രീയം കേരളത്തിൽ എൽ.ഡി.എഫിനെ തുണച്ചിട്ടേയുള്ളൂ. കോടതിയിലൂടെ വ്യക്തത വന്ന വിഷയങ്ങളിൽ വീണ്ടും കേന്ദ്ര വിമർശനം തുടർന്നാൽ ഇപ്പോൾ ലഭിക്കുന്ന പിന്തുണ തുടർന്നും ലഭിച്ചെന്നു വരില്ല.

# യു.പി.എ. ഭരണകാലത്ത് അഴിമതിയും കിട്ടാക്കടങ്ങളും പെരുകി: കേന്ദ്രസർക്കാർ

ന്യൂഡൽഹി: മികച്ച സമ്പദ്വ്യവസ്ഥ ലഭിച്ചിട്ടും മോശം നയങ്ങളും അഴിമതിയും രണ്ടക്കത്തിലുള്ള വിലക്കയറ്റവും മൂലം യു.പി.എ. ഭരണകാലത്ത് ഇന്ത്യയിലെ സാമ്പത്തികരംഗം തകർന്നതായി കേന്ദ്രസർക്കാരിന്റെ ധവളപത്രം. 2004 മുതൽ 2014 വരെ ഭരിച്ച യു.പി.എ. സഖ്യത്തിന്റെ നയങ്ങളാണ് സാമ്പത്തിക തകർച്ചയ്ക്കു കാരണമായതെന്ന് ധനമന്ത്രി നിർമലാ സീതാരാമൻ പാർലമെന്റിന്റെ മേശപ്പുറത്തു വെച്ച 59 പേജുള്ള ധവളപത്രത്തിൽ പറയുന്നു.

2014-ൽ മോദിസർക്കാർ അധികാരത്തിൽ എത്തിയപ്പോൾ സാമ്പത്തിക രംഗം ദുർബലമായിരുന്നു. പൊതു ധനകാര്യ രംഗം മോശം സ്ഥിതിയിലുമായിരുന്നു. മുൻസർക്കാരിന്റെ സാമ്പത്തിക കെടുകാര്യസ്ഥതയും മോശം സമ്പത്തിക അച്ചടക്കവും വൻതോതിലുള്ള അഴിമതിയുമായിരുന്നു ഇതിനു കാരണം. ആ പ്രതിസന്ധിഘട്ടത്തിൽനിന്നു പടിപടിയായി മോദിസർക്കാർ സാമ്പത്തികസ്ഥിതി ഉയർത്തിക്കൊണ്ടു വന്നതായി ധവളപത്രത്തിൽ പറയുന്നു.

2004-ൽ യു.പി.എയ്ക്ക് മാറ്റങ്ങൾക്കു സാധ്യമാകുന്ന മികച്ച സമ്പദ്ഘടനയാണു ലഭിച്ചത്. പക്ഷേ പത്തു വർഷം ഒന്നും ചെയ്തില്ല. 1991-ലെ മാറ്റങ്ങൾക്കു ശേഷം 2004-ൽ സാമ്പത്തിക പരിഷ്കാരങ്ങൾ നടത്തിയിട്ടില്ല. 2008-ലെ സാമ്പത്തികമാന്ദ്യം മൂലം ഇന്ത്യയിൽ വിലക്കയറ്റം വർധിച്ചു. 2009 സാമ്പത്തിക വർഷം മുതൽ 2014 സാമ്പത്തികവർഷം വരെ വാർഷിക വിലക്കയറ്റ സൂചിക രണ്ടക്കം കടന്നു. 2004 മുതൽ 2014 വരെ വാർഷിക വിലക്കയറ്റം 8.2 ശതമാനമാണ്.

ഇക്കാലയളവിൽ ഇറക്കുമതിയും വൻതോതിലുണ്ടായിരുന്നു. 2008-ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിനുശേഷം യു.പി.എ. സർക്കാർ പ്രഖ്യാപിച്ച പാക്കേജുകൾ അപര്യാപ്തമായിരുന്നു. ആ കാലയളവിൽ അടിസ്ഥാന വികസന മേഖലയിൽ കാര്യമായ നിക്ഷേപമൊന്നും നടന്നില്ല. കൽക്കരി, 2ജി സ്പെക്ട്രം, കോമൺവെൽത്ത് അഴിമതികൾ സംഭവിച്ചു. സി.എ.ജിയുടെ കണ്ടെത്തലിൽ 122 ടെലികോം ലൈസൻസിൽ 1.76 ലക്ഷം കോടി രൂപയും കൽക്കരി അഴിമതിയിൽ 1.86 ലക്ഷം കോടിയുമാണ് നഷ്ടം സംഭവിച്ചത്. എൻ.ഡി.എ. സർക്കാരിന്റെ പത്തു വർഷത്തെ നേട്ടങ്ങൾ ധവളപത്രത്തിൽ എണ്ണിപ്പറയുന്നുണ്ട്. ദേശീയപാതാ വികസനം, ചരക്കുനീക്കം, ട്രെയിൻ റൂട്ടുകളുടെ വൈദ്യുതീകരണം, എയർപോർട്ട് എണ്ണത്തിലെ വർധന എന്നിവയെക്കുറിച്ചും ധവളപത്രത്തിൽ പരാമർശമുണ്ട്.

# മോദിയുടെ ഭരണം ദുരന്തഭരണം: കോൺഗ്രസ്

ന്യൂഡൽഹി: മോദിയുടെ പത്തു വർഷത്തെ ഭരണം ദുരന്തമാണെന്ന് കോൺഗ്രസ്. കേന്ദ്രസർക്കാരിന്റെ ധവളപത്രത്തിനു മുമ്പായി കോൺഗ്രസ് പുറത്തുവിട്ട കറുത്ത പത്രത്തിലാണ് ഈ വിമർശനം. മോദിസർക്കാരിന്റെ പത്തു വർഷക്കാലത്ത് സാമ്പത്തിക ദുരന്തങ്ങൾക്കും തൊഴിലില്ലായ്മയ്ക്കും പുറമേ സാമ്പത്തിക അന്തരവും അസമത്വവും കൂടുകയും ചെയ്തു. വിദ്വേഷത്തിന്റെയും ധ്രുവീകരണത്തിന്റെയും ഭിന്നിപ്പിന്റെയും രാഷ്ട്രീയം ഇന്ത്യയുടെ സാമൂഹിക ഘടനയെയും ഭാവിയെയും നശിപ്പിച്ചുവെന്നും കറുത്ത പത്രത്തിലുണ്ട്.

ന്യൂനപക്ഷങ്ങൾക്കെതിരെ കടുത്ത അനീതികൾ കണ്ട ബി.ജെ.പി. ഭരണത്തിൽ കാർഷികമേഖലയടക്കം സാധാരണക്കാരുടെ ജീവിതോപാധികളായ നിരവധി മേഖലകൾ തകർന്നു. മോദിയുടെ ദുർഭരണത്തിന്റെ വിശദാംശങ്ങളുമായി 'അനീതിയുടെ പത്തു വർഷം' എന്ന പേരിൽ (10 സാൽ അന്യായ് കാൽ 2014-2024) കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പുറത്തിറക്കിയ കറുത്ത പത്രത്തിൽ (ബ്ലാക്ക് പേപ്പർ) ബി.ജെ.പി. സർക്കാരിനെതിരേ രൂക്ഷ വിമർശനങ്ങളാണുള്ളത്. നികുതി അനീതിക്കെതിരെ ദേശീയ തലസ്ഥാനത്ത് ബി.ജെ.പി. ഇതര സംസ്ഥാന സർക്കാരുകൾ നടത്തുന്ന പ്രതിഷേധങ്ങളെ എ.ഐ.സി.സി. അധ്യക്ഷൻ ശരിവെച്ചതു കേരള സർക്കാരിന്റെ സമരത്തിനുള്ള പരോക്ഷ അംഗീകാരം കൂടിയായി. സംസ്ഥാനങ്ങൾക്ക് മോദിസർക്കാർ ഫണ്ട് അനുവദിക്കുന്നില്ലെന്നു പറഞ്ഞ ഖാർഗെ, കേന്ദ്രം അനുവദിച്ച പണം ശരിയായി ചെലവഴിക്കുന്നില്ലെന്നു കേരളത്തെ കുറ്റപ്പെടുത്തി. കോൺഗ്രസാണ് ഇന്ത്യയുടെ സ്വാതന്ത്ര്യം ഉറപ്പാക്കിയതെന്നും 2024-ൽ ബി.ജെ.പിയുടെ അനീതിയുടെ ഇരുട്ടിൽനിന്നു ഇന്ത്യയെ കരകയറ്റുമെന്നും ഖാർഗെ കൂട്ടിച്ചേർത്തു.

ഉയർന്ന തൊഴിലില്ലായ്മ നിരക്ക്, നോട്ട് നിരോധനം, തെറ്റായ ജി.എസ്.ടി. തുടങ്ങിയ സാമ്പത്തിക ദുരന്തങ്ങൾ സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിഭജനം വർധിപ്പിക്കുകയും ഭാവിയെ നശിപ്പിക്കുകയും ചെയ്തതാണ് മോദിയുടെ വർഷങ്ങളെന്ന് കറുത്തപത്രത്തിൽ കോൺഗ്രസ് ചൂണ്ടിക്കാട്ടി.

# മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

ന്യൂഡൽഹി: സീറോ മലബാർസഭാ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി.

സഭാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടശേഷമുള്ള ആദ്യ സന്ദർശനമായിരുന്നു. സാമൂഹിക-രാഷ്ട്രീയ വിഷയങ്ങൾ ചർച്ചയായില്ലെന്നും സൗഹൃദസന്ദർശനം മാത്രമായിരുന്നെന്നും മാർ റാഫേൽ തട്ടിൽ മാധ്യമങ്ങളോടു പറഞ്ഞു.

ഹൃദ്യമായ സംഭാഷണം എന്നതിനപ്പുറം പ്രത്യേക അജൻഡകൾ ഉണ്ടായിരുന്നില്ല. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനോടുള്ള ആദരവും സഹകരണവും പ്രധാനമന്ത്രിയെ അറിയിച്ചു.

മണിപ്പൂർ സംഘർഷമടക്കം ക്രൈസ്തവസമൂഹത്തിന് ആശങ്കയുള്ള ഒരുപാട് വിഷയങ്ങളുണ്ടെങ്കിലും കൂടിക്കാഴ്ചയിൽ അതൊന്നും ഉന്നയിക്കപ്പെട്ടില്ല.

ബെംഗളൂരുവിൽ നടന്ന സി.ബി.സി.ഐ. സമ്മേളനത്തിൽ ആശങ്കകൾ വിശദമായി ചർച്ചയായിരുന്നു. ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിനെ അറിയിക്കാൻ മൂന്ന് സഭകളുടെയും പൊതു സംവിധാനമായ സി.ബി.സി.ഐ. തീരുമാനിച്ചിട്ടുണ്ട്. മാർപാപ്പ ഇന്ത്യയിൽ വരുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ സന്ദർശിച്ചപ്പോൾ

# പേതൃത്ത കൂട്ടായ്മ ഒരുക്കി തിരുഹൃദയ ഇടവക





ചിക്കാഗോ: തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ഒരുക്കിയ പേതൃത്ത സംഗമം നവ്യാനുഭവമായി മാറി. ഇടവകയിലെ മെൻസ്-വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കൂട്ടായ്മ ഏറെ പുതുമകൾ കൊണ്ട് ഏവരെയും ആകർഷിച്ചു.

പരിശുദ്ധ കുർബാനയും പ്രത്യേക പ്രാർത്ഥനകളും ബറുമറിയം ഗാനവും ഏറെ ആത്മീയ ഉണർവേകി.

തുടർന്ന് നടന്ന വിവിധ മത്സരങ്ങളും ഗാനമേളയും ഏവരെയും അത്ഭുതപ്പെടുത്തി. സംഗമം ഫൊറോന വികാരി ഫാ. തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

ഏറെ പുതുമനിറഞ്ഞ മത്സരങ്ങൾ ഏറെ ഹൃദ്യമായി മാറി. വിവിധ കമ്മിറ്റികളുടെ ചിട്ടയായ ക്രമീകരണം പരിപാടി വലിയ വിജയകരമാക്കി മാറ്റി.

# ക്നാനായ റീജിയൻ ചിക്കാഗോ ഫൊറോന പാരിഷ് കൗൺസിൽ സംഗമം



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: നോർത്തമേരിക്കയിലെ ക്നാനായ റീജിയന്റെ ആഭിമുഖ്യത്തിൽ ചിക്കാഗോ ഫൊറോന പാരിഷ് കൗൺസിൽ സംഗമം ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ഫെബ്രുവരി പത്തിന് ശനിയാഴ്ച നടത്തി. ഫൊറോനായിലെ എല്ലാ ഇടവകകളിലെയും പാരിഷ് കൗൺസിൽ അംഗങ്ങളുടെ സംഗമമായിരുന്നു ഇത്. ക്നാനായ റീജിയൻ ഡയറക്ടറും ഫൊറോന വികാരിയുമായ ഫാ. തോമസ് മുളവനാൽ ഈ സംഗമം ഉദ്ഘാടനം ചെയ്തു.


ഇടവകയിലെ പാരിഷ് കൗൺസിൽ അംഗങ്ങളുടെയും കൈക്കാരന്മാരുടെയും ഉത്തരവാദിത്വങ്ങളെയും ദൗത്യങ്ങളെയുംകുറിച്ച് കാനൻ നിയമങ്ങളുടെയും സീറോമലബാർ സഭയുടെ പൊതു നിയമങ്ങളുടെയും രൂപതാ നിയമാവലിയുടെയും അടിസ്ഥാനത്തിൽ ചിക്കാഗോ രൂപതയുടെ വൈസ് ചാൻസലർ ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ ക്ലാസ് നയിച്ചു. ഡിട്രോയിറ്റ് സെന്റ് മേരീസ് പള്ളി വികാരി ഫാ. ജോസ് തറയ്ക്കൽ, ചിക്കാഗോ സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിയിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, ചിക്കാഗോ തിരുഹൃദയ ഇടവക അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ഓരോ ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പാരിഷ് കൗൺസിൽ അംഗങ്ങളും ഫൊറോനയുടെ കർമ്മപരിപാടികളുടെ രൂപീകരണത്തിന് കളമൊരുക്കുന്ന ഈ സംഗമത്തിൽ പങ്കെടുത്തു.

# പഞ്ചാബിൽ മുഴുവൻ സീറ്റിലും എഎപി മത്സരിക്കും

ചണ്ഡിഗഢ്: നരേന്ദ്ര മോദിക്കെതിരെ രൂപംകൊണ്ട ഇന്ത്യാ സഖ്യത്തെ കൂടുതൽ ദുർബലമാക്കി പഞ്ചാബിൽ ഒറ്റയ്ക്കു മത്സരിക്കാനൊരുങ്ങി ആം ആദ്മി പാർട്ടി. പഞ്ചാബിലെ 13 സ്ഥാനാർത്ഥികളെയും ചണ്ഡിഗഢിലെ ഒരു സ്ഥാനാർത്ഥിയെയും പ്രഖ്യാപിക്കുമെന്നാണ് എഎപി ദേശീയ കൺവീനർ അരവിന്ദ് കേജ്‌രിവാൾ പറയുന്നത്. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ വീടുകളിൽ എത്തിച്ചു നല്കുന്ന പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഡൽഹി മുഖ്യമന്ത്രി കേജ്‌രിവാൾ.

ഇന്ത്യാ സഖ്യത്തിന്റെ തുടക്കം മുതൽ കോൺഗ്രസ് നേതൃത്വവുമായി എഎപി ആശയഭിന്നതയിലായിരുന്നു. ഡൽഹിയിലെയും പഞ്ചാബിലെയും കോൺഗ്രസ് ഘടകങ്ങളുടെ എതിർപ്പായിരുന്നു ഇതിനു പ്രധാന കാരണം. സഖ്യത്തിലെ മറ്റൊരു പ്രധാന കക്ഷിയായ തൃണമൂൽ കോൺഗ്രസും ഒറ്റയ്ക്കു മത്സരിക്കാനുള്ള ശ്രമത്തിലാണ്. ബംഗാളിൽ കോൺഗ്രസുമായി സഖ്യത്തിനില്ലെന്ന് മുഖ്യമന്ത്രി മമതാ ബാനർജി പ്രഖ്യാപിച്ചിരുന്നു. പ്രതിപക്ഷത്തിനു പ്രതീക്ഷയുള്ള മറ്റൊരു സംസ്ഥാനമായ ഉത്തർപ്രദേശിലും പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. അഖിലേഷ് യാദവ് നേതൃത്വം നല്കുന്ന സമാജ്‌വാദി പാർട്ടിയുമായുള്ള ബന്ധം ഉപേക്ഷിച്ച് ബിജെപിക്കൊപ്പം ചേരുമെന്ന് ജയന്ത് ചൗധരി നേതൃത്വം നല്കുന്ന ആർഎൽഡി പ്രഖ്യാപിച്ചതും സഖ്യത്തെ ദുർബലമാക്കിയിരിക്കുകയാണ്.

# കെ.എം. അബ്രഹാം കല്ലേലുമണ്ണിൽ അന്തരിച്ചു



തിരുവനന്തപുരം: കെ.എം. അബ്രഹാം കല്ലേലുമണ്ണിൽ (81) അന്തരിച്ചു. ഭാര്യ ചിന്നമ്മ റാന്നി ഐക്കാട്ടുമണ്ണിൽ കുടുംബാംഗമാണ്. മക്കൾ: അനി വാച്ചാച്ചിറ (ചിക്കാഗോ), അനീഷ് കല്ലേലുമണ്ണിൽ (ചിക്കാഗോ), അഞ്ജു കുന്നശ്ശേരി (യു.കെ). മരുമക്കൾ: ബെന്നി വാച്ചാച്ചിറ (ചിക്കാഗോ), അനു കോണമല (ചിക്കാഗോ), സിബി കുന്നശ്ശേരി (യു.കെ).

കൊച്ചുമക്കൾ: ഫിയോണ ആൻഡ് പുരവ്, അനീസ്സ ആൻഡ് ഷോൺ, മരിയ ആൻഡ് ഷോബിൻ, ജോസഫിൻ, റയാൻ, നേവ, റെനൈ, ജോൺ, മിറിയം, മാത്യു.

St. Pius X Knanaya Catholic Church, Barton hill, Opp. Law College, Trivandrum

Home Address: 321 Prasanth Nagar, Ulloor, Medical College P.O, TVM-695011

Service starts at home from 10.30 am Thursday Feb. 15th followed by Church & Funeral Services.

# ബേബി ഊരാളിൽ ഫോമാ മുഖ്യ ഇലക്ഷൻ കമ്മീഷണർ

ചിക്കാഗോ: ബേബി ഊരാളിലിനെ ഫോമായുടെ മുഖ്യ ഇലക്ഷൻ കമ്മീഷണറായും മാത്യു ചെരുവിൽ, അനു സ്കറിയ എന്നിവരെ കമ്മീഷണർമാരായും ഫോമാ നാഷണൽ കമ്മിറ്റി തെരഞ്ഞെടുത്തു. ഇലക്ഷൻ സംബന്ധിച്ച നിർദ്ദേശങ്ങളും തീരുമാനങ്ങളും കമ്മീഷൻ അറിയിക്കും. ഇലക്ഷൻ സുതാര്യവും നിഷ്പക്ഷവുമായി നടത്താൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ബേബി ഊരാളിൽ പറഞ്ഞു.

ഫോമായുടെ സ്ഥാപകരിലൊരാളും മൂന്നാമത്തെ പ്രസിഡണ്ടുമാണ് ബേബി ഊരാളിൽ. പിന്നീട് അഡ്വൈസറി ബോർഡ് ചെയർ ആയി പ്രവർത്തി



ച്ചു. സംഘടനയ്ക്ക് കരുത്തുറ്റ അടിത്തറ പാകുന്നതിൽ മുഖ്യപങ്കു വഹിച്ച നേതാവാണ്. മലയാളം ടെലിവിഷന്റെ സിഇഒ, കെസിസിഎൻഎയുടെ മുൻ പ്രസിഡണ്ട് തുടങ്ങിയ എല്ലാ പദവികളിലും സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കേരളാ സെന്ററിന്റെ കമ്യൂണിറ്റി സർവീസ് അവാർഡ് ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടി.

അവിഭക്ത ഫൊക്കാന ജനറൽ സെക്രട്ടറിയും ഫോമാ ജുഡീഷ്യൽ കമ്മീഷൻ ചെയറുമായിരുന്ന മാത്യു ചെരുവിൽ സംഘടനയിൽ ഏറെ ആദരിക്കപ്പെടുന്ന നേതാവാണ്. ഏവരുമായും നല്ല ബന്ധം കാക്കുന്ന അദ്ദേഹത്തെപ്പോലെ ചുരുക്കം പേരെയുള്ളൂ. ഡിട്രോയിറ്റ് മലയാളി അസോസിയേഷനിൽ ദീർഘകാലമായി പ്രവർത്തിക്കുന്നു. ഫോമാ ബൈലോ കമ്മിറ്റി ചെയറായും പ്രവർത്തിച്ചു. സംഘടനയുടെ യുവത്വത്തിന്റെ പ്രതീകമാണ് അനു സ്കറിയ. മലയാളി അസോസിയേഷൻ ഓഫ് ഫിലാഡൽഫിയയിലെ സജീവ പ്രവർത്തകനായ അനു ഫോമാ നാഷണൽ കമ്മിറ്റി അംഗമായിരുന്നു. പ്രായത്തേക്കാൾ പക്വതയോടെ കാര്യങ്ങളെ സമീപിക്കുന്ന വ്യക്തി. മികച്ച സംഘാടകൻ എന്ന പേരെടുത്തിട്ടുള്ള അനു ഫോമാ യൂത്ത് കോ-ഓർഡിനേറ്ററും മാപ്പ് പ്രസിഡണ്ടും ആയിരുന്നു. മാപ്പിൽ വിവിധ സ്ഥാനങ്ങൾ വഹിച്ചു.

# ആകമാന സുറിയാനി സഭയ്ക്ക് റമ്പാൻമാരെ വാഴിച്ച് പാത്രിയർക്കീസ് ബാവ



തൂത്തൂട്ടി മാർ ഗ്രിഗോറിയൻ ധ്യാനകേന്ദ്രത്തിൽ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ മുഖ്യകാർമികത്വത്തിൽ റമ്പാൻ സ്ഥാനാരോഹണ ശുശ്രൂഷ നടന്നപ്പോൾ.

കോട്ടയം: ദയറാ ജീവിതം സമൂഹത്തിന്റെ നന്മയ്ക്കും സഭയ്ക്കും വേണ്ടിയുള്ളതാണെന്നു പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ. തൂത്തൂട്ടി മാർ ഗ്രിഗോറിയൻ ധ്യാനകേന്ദ്രത്തിൽ 7 വൈദികരെ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തുന്ന ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു പ്രസംഗിക്കുകയായിരുന്നു പരിശുദ്ധ ബാവാ. ഏഴ് വൈദികരും അനേകർക്കു മാതൃകയും നിയോഗവുമാണ്. പ്രതിസന്ധികളിലും പ്രശ്നങ്ങളിലും പങ്കുചേരുന്നതാണു ദയറാ ജീവിതം. വിനയത്തിന്റെ ശുശ്രൂഷയാണു റമ്പാൻമാർ നടത്തേണ്ടതെന്നും ബാവാ പറഞ്ഞു.

ഏലിയാ റമ്പാൻ (ഫാ. പി.കെ. കുര്യൻ), ഡോ. സലിബ റമ്പാൻ (ഫാ. ഡോ. കുര്യാക്കോസ് കൊള്ളന്നൂർ), കുര്യാക്കോസ് റമ്പാൻ (ഫാ. കുര്യാക്കോസ് ജോൺ), ജോഷ്വ റമ്പാൻ (ഫാ. ജോഷി വെട്ടിക്കാട്ടിൽ), ബർസൗമോ റമ്പാൻ (ഫാ. ജോർജ് വയലിപ്പറമ്പിൽ), മത്തായി റമ്പാൻ (ഫാ. മാത്യു ജോൺ പൊക്കത്തായിൽ), ഗീവർഗീസ് റമ്പാൻ (ഫാ. വർഗീസ് കുറ്റിപ്പുഴയിൽ) എന്നിവരെയാണു പാത്രിയർക്കീസ് ബാവാ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തിയത്.

മാർ അന്തോണിയോസ് മൊണാസ്ട്രിക്കു വേണ്ടി അഖില മലങ്കര മർത്തമറിയം വനിതാസമാജം സ്പോൺസർ ചെയ്ത ഒരു മുറിക്കുള്ള ആദ്യ സാമ്പത്തികവിഹിതം ബാവാ ഏറ്റുവാങ്ങി. കോട്ടയം ഭദ്രാസനം വനിതാസമാജം നിർധനകുടുംബത്തിനു നിർമിച്ചു നൽകുന്ന വീടിന്റെ താക്കോൽ ബാവാ കൈമാറി.

# ലാവ്‌ലിൻ കേസ് 38–ാം തവണയും മാറ്റിവെച്ചു

ന്യൂഡൽഹി: എസ്.എൻ.സി. ലാവ്‌ലിൻ കേസ് പരിഗണിക്കുന്നത് സുപ്രീം കോടതി 38–ാം തവണയും മാറ്റിവെച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ളവരെ കുറ്റവിമുക്തരാക്കിയ ഹൈക്കോടതി വിധിക്കെതിരായി സി.ബി.ഐ. നൽകിയ ഹർജിയിലാണ് ജസ്റ്റിസുമാരായ സൂര്യകാന്ത്, കെ.വി. വിശ്വനാഥ് എന്നിവർ അടങ്ങിയ ബെഞ്ചിന്റെ നടപടി. മുതിർന്ന അഭിഭാഷകർക്ക് വക്കാലത്ത് മാറ്റാൻ സമയം അനുവദിച്ചുകൊണ്ടാണ് കേസ് വീണ്ടും മാറ്റിയത്. മേയ് ഒന്നിന് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് കേസ് വീണ്ടും പരിഗണിക്കും. ഇതിനുമുമ്പ് ഒക്ടോബർ 31–നാണ് അവസാനമായി കേസ് പരിഗണിച്ചത്.

ലാവ്‌ലിൻ ഹർജി ഫെബ്രുവരി എട്ടിന് പരിഗണനയ്ക്കെടുത്തപ്പോൾ വി.എം. സുധീരനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ദേവദത്ത് കാമത്ത്, കേസ് മുപ്പതിലധികം തവണ മാറ്റിവെച്ചതാണെന്ന് സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടി. അന്വേഷണ ഏജൻസിയായ സി.ബി.ഐ. ആവശ്യപ്പെട്ടിട്ടാണ് ഏറ്റവും കൂടുതൽ തവണ കേസ് മാറ്റിവെച്ചതെന്നും സി.ബി.ഐക്ക് കേസിൽ താത്പര്യം നഷ്ടപ്പെട്ടുവെന്നും അദ്ദേഹം ആരോപിച്ചു.

എന്നാൽ ദേവദത്ത് കാമത്തിന്റെ ആരോപണം സി.ബി.ഐക്കുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജു തള്ളി. കേസ് ഗൗരവത്തോടെയാണ് കാണുന്നതെന്നും സുപ്രീംകോടതി നിശ്ചയിക്കുന്ന ദിവസം കേസിൽ വാദം ഉന്നയിക്കാൻ തയാറാണെന്നും അറിയിച്ചു. കേസിൽ അടിയന്തരമായി വാദം കേൾക്കണമെന്നും അദ്ദേഹം കോടതിയിൽ ആവശ്യപ്പെട്ടു.

# സ്വകാര്യ സർവകലാശാല ബിൽ: വിദേശ വാഴ്സിറ്റിയും വരും

തിരുവനന്തപുരം: മെഡിക്കൽ, എഞ്ചിനിയറിംഗ് കോഴ്സുകൾ ഉൾപ്പെടെ നടത്താനുള്ള അവകാശത്തോടെ കേരളത്തിൽ സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ബിൽ മന്ത്രിസഭായോഗത്തിൽ പാസാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സ്ഥിരീകരിച്ചു. അടുത്ത നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കാനാണു നീക്കം.

സർവകലാശാലാ ബില്ലിലെ വ്യവസ്ഥകളിൽ ചെറിയ ഭേദഗതികളോടെയായിരിക്കും വിദേശ സർവകലാശാലാ ക്യാംപസുകൾക്കുള്ള നിയമം തയാറാക്കുകയെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ സൂചിപ്പിച്ചു. എന്നാൽ, സ്വകാര്യ സർവകലാശാലാ ബില്ലിൽ സംവരണം നിഷ്കർഷിക്കുന്നുണ്ടെങ്കിലും വിദേശ സർവകലാശാലകൾ ഇവിടെ സ്ഥാപിക്കുന്ന ക്യാംപസുകൾക്ക് അതു ബാധകമാക്കാൻ സാധിക്കുമോയെന്നു പഠിക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

വിദേശ സർവകലാശാലാ ക്യാംപസുകൾക്കുള്ള മാനദണ്ഡം യു.ജി.സി. പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യാന്തര റാങ്കിങ്ങിൽ ആദ്യ 500–ൽ എങ്കിലും ഉൾപ്പെട്ട സർവകലാശാലകൾക്കേ ഇന്ത്യയിൽ ക്യാംപസ് ആരംഭിക്കാൻ അനുമതി നൽകുകയുള്ളൂ. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഡിഗ്രി, പി.ജി. ഗവേഷണ കോഴ്സുകൾ നടത്താനും സർട്ടിഫിക്കറ്റുകൾ നൽകാനും അധികാരമുണ്ടായിരിക്കും. യു.ജി.സിയുടെ ഈ വ്യവസ്ഥകൾ സംസ്ഥാന നിയമത്തിലും ഉൾപ്പെടുത്തും.

മൊത്തം വിദ്യാർത്ഥികളിൽ 25 ശതമാനം കേരളത്തിൽ നിന്നുള്ളവരായിരിക്കണം. പട്ടികജാതി–വർഗ വിദ്യാർത്ഥികൾക്കു സംവരണം നൽകണം. എത്ര ശതമാനമെന്നു മന്ത്രിസഭാ യോഗം തീരുമാനമെടുക്കും. സർക്കാർ ഏജൻസികൾ നിർദേശിക്കുന്ന യോഗ്യതയുള്ള അധ്യാപകരെ മാത്രമേ നിയമിക്കാവൂ. മെഡിക്കൽ, എഞ്ചിനിയറിങ്, ആർട്സ് ഉൾപ്പെടെ എല്ലാ വിഷയങ്ങളിലും ഡിഗ്രി മുതൽ പി.എച്ച്.ഡി. വരെയുള്ള കോഴ്സുകൾ നടത്താം.

സർക്കാർ, സ്വകാര്യ മേഖലയിലെ സർവകലാശാലകൾക്കു സഹകരിച്ചു പ്രവർത്തിക്കുന്നതിനു തടസ്സമില്ല. കോർപറേഷൻ പരിധിയിലാണെങ്കിൽ 20 ഏക്കർ സ്ഥലം, മുനിസിപ്പാലിറ്റി മേഖലയിൽ 30 ഏക്കർ, പഞ്ചായത്തിൽ 40 ഏക്കർ. സർവകലാശാലയ്ക്കു പുറത്ത് ക്യാംപസ് നിർമിക്കുന്നുണ്ടെങ്കിൽ ആസ്ഥാനത്തിനു 10 ഏക്കർ മതി.

# എൻ.സി.പി. ശരദ് പവാർ പക്ഷത്തിന് പുതിയ പേര്

ന്യൂഡൽഹി: എൻ.സി.പി. ശരദ്പവാർ പക്ഷത്തിന്റെ പേര് നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി – ശരദ്ചന്ദ്ര പവാർ എന്നായിരിക്കുമെന്ന് തെരഞ്ഞെടുപ്പു കമ്മിഷൻ അറിയിച്ചു. പവാർ പക്ഷം നൽകിയ മൂന്നു പേരുകളിൽ ആദ്യത്തെതായിരുന്നു ഇത്. രാജ്യസഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിർത്താനുള്ള ഒരു തവണത്തെ ഓപ്ഷനായാണ് ഇതു നൽകുന്നതെന്നും കമ്മിഷൻ ഉത്തരവിൽ പറഞ്ഞു. നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി–ശരദ് റാവു പവാർ, എൻ.സി.പി–ശരദ്പവാർ എന്നിവയായിരുന്നു മറ്റു രണ്ട് പേരുകൾ. എൻ.സി.പിയുടെ ഔദ്യോഗിക പക്ഷം അജിത് പവാർ വിഭാഗമായിരിക്കുമെന്ന് ഈയിടെ കമ്മിഷൻ വിധിച്ചിരുന്നു. പവാർ പക്ഷത്തിന്റെ ചിഹ്നവും പേരും സംബന്ധിച്ച അന്തിമ തീരുമാനം പിന്നീടായിരിക്കും.

മഹാരാഷ്ട്രയിൽ അജിത് പവാറിന്റെ നേതൃത്വത്തിലുള്ള എൻ.സി.പി. വിഭാഗത്തെ ഔദ്യോഗികവിഭാഗമായി തെരഞ്ഞെടുപ്പു കമ്മിഷൻ അംഗീകരിച്ചു. പാർട്ടിയുടെ പേരും 'ക്ലോക്ക്' ചിഹ്നവും ഇവർക്കുപയോഗിക്കാം. ആറ് മാസത്തോളം നീണ്ട ഹിയറിങ്ങിനു ശേഷമാണ് കമ്മിഷന്റെ തീരുമാനം.

ജയന്ത് പാട്ടീൽ പ്രസിഡണ്ടായ ശരദ് പവാർ പക്ഷത്തിന് 27–നു നടക്കുന്ന രാജ്യസഭാ തെരഞ്ഞെടുപ്പിനു മുൻപ് പുതിയ പേരും ചിഹ്നവും അനുവദിക്കുന്നതിന് മൂന്ന് നിർദേശങ്ങൾ വീതം നൽകാനും സമയം നൽകിയിട്ടുണ്ട്.







JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS
MATHEW
മത്തായിച്ചൻ
JORGE
MATHEW 630-205-5585 JORGE 630-335-2987
ROOFING & SIDING
We Specialize In Storm Damage Repair
We Work With All Home Insurance
FREE ESTIMATE
COMMERCIAL & RESIDENTIAL
REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!


പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ
മഹത്വചനം
പുസ്തകം ലഭിക്കുന്നതിനായി ബന്ധപ്പെടുക
Paradise Audio Ministries Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA
www.paradiseaudioministries.com
www.facebook.com/susan.babu.52493
USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com
YouTube channel: susan b. john
Paradise
Audio Ministries FL
INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120
YouTube
Watch Many More


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

## മുന്നാക്കമെത്തിയ ഉപജാതികളെ സംവരണത്തിൽ ഒഴിവാക്കാം: സുപ്രീംകോടതി

ന്യൂഡൽഹി: പിന്നാക്ക വിഭാഗത്തിൽപ്പെട്ട സാമൂഹികമായി മുന്നാക്കമെത്തിയ ഉപജാതികളെ സംവരണത്തിൽനിന്ന് ഒഴിവാക്കാമെന്ന സുപ്രധാന നിരീക്ഷണവുമായി സുപ്രീംകോടതി. സംസ്ഥാന സർക്കാരുകൾക്ക് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ ഉപജാതികളെ നിർദേശിക്കാൻ സാധിക്കുമോയെന്ന പഞ്ചാബ് സർക്കാരിന്റെ ഹർജി പരിഗണിക്കവേയാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ഭരണഘടനാ ബെഞ്ചിൽ പരാമർശമുണ്ടായത്. ബെഞ്ചിലെ ജഡ്ജി വിക്രം നാഥാണ് നിരീക്ഷണം നടത്തിയത്. ബി.ആർ. ഗവായ്, ബേല എം. ത്രിവേദി, പങ്കജ് മിത്തൽ, മനോജ് മിശ്ര, സതീഷ് ചന്ദ്ര ശർമ എന്നിവരാണ് ബെഞ്ചിലെ മറ്റംഗങ്ങൾ.

ഒരു തലമുറയ്ക്ക് സംവരണാനുകൂല്യം ലഭിച്ചാൽ അടുത്ത തലമുറയ്ക്കു നൽകണമോയെന്നും വാദത്തിനിടെ ചോദ്യമുയർന്നു. സാമൂഹികപശ്ചാത്തലത്തിൽ മുന്നോട്ടുപോയ ഉപജാതികൾ പൊതുവിഭാഗവുമായി മത്സരിക്കണമെന്ന് ജസ്റ്റിസ് വിക്രം നാഥ് അഭിപ്രായപ്പെട്ടു.

ഒരാൾക്ക് സംവരണത്തിലൂടെ ഉന്നത ജോലി ലഭിച്ചു കഴിഞ്ഞാൽ അയാളുടെ ജീവിത സാഹചര്യം മാറുകയാണ്. ആ വ്യക്തിയുടെ കുടുംബത്തിനോ കുട്ടികൾക്കോ മറ്റു സാമൂഹിക സാഹചര്യത്തിൽനിന്ന് മാറ്റം ഉണ്ടാകുമ്പോൾ പിന്നെന്തിനാണ് വീണ്ടും തലമുറകൾക്ക് സംവരണം നൽകുന്നതെന്ന ചോദ്യം വാദത്തിനിടെ ജസ്റ്റിസ് ബി.ആർ. ഗവായ് ഉന്നയിച്ചു.

സാമൂഹികസാഹചര്യം ഉയർന്നവരെ ഒഴിവാക്കി സംവരണം നൽകുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് പഞ്ചാബ് അഡ്വക്കേറ്റ് ജനറൽ ഗുർമീന്ദർ സിംഗ് പറഞ്ഞു.

# കേന്ദ്ര അവഗണനക്കെതിരെ കേരളത്തിന്റെ പ്രതിഷേധം

ന്യൂഡൽഹി: കേന്ദ്ര സർക്കാരിന്റെ വിവേചനത്തിനെതിരെ എൻ.ഡി.എ. ഇതര സർക്കാരുകൾ ഒറ്റക്കെട്ടായി പോരാടണമെന്ന ആഹ്വാനമുയർത്തി ഇന്ത്യാതലസ്ഥാനത്ത് കേരള സർക്കാരിന്റെ പ്രതിഷേധ സമരം. കേരള ഹൗസിനു സമീപമുള്ള ജന്തർ മന്തറിൽ സംഘടിപ്പിച്ച പ്രതിഷേധത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃനിരയ്ക്കൊപ്പം മുഖ്യമന്ത്രിമാരായ അരവിന്ദ് കേജ്രിവാൾ (ഡൽഹി), ഭഗവന്ത് മാൻ (പഞ്ചാബ്), ജമ്മു കാശ്മീരിലെ മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് നേതാവുമായ ഫാറൂഖ് അബ്ദുല്ല, തമിഴ്നാട് ഐ.ടി. മന്ത്രി പളനിവേൽ ത്യാഗരാജൻ തുടങ്ങിയവർ അണിനിരന്നു. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ വീഡിയോ സന്ദേശത്തിലൂടെ സമരത്തെ അഭിസംബോധന ചെയ്തു. മിസോറം മുഖ്യമന്ത്രി ലാൽഡുഹോമ സമരത്തിന് ആശംസകൾ നേർന്ന് സന്ദേശമയച്ചു.

കേരളമടക്കമുള്ള സംസ്ഥാനങ്ങളെ കേന്ദ്രം ശിക്ഷിക്കുകയാണെന്നും അതിനെ അതിജീവിക്കാൻ ഒന്നിച്ചുനിന്നേ മതിയാകൂവെന്നും ഉദ്ഘാടന പ്രസംഗത്തിൽ പിണറായി ചൂണ്ടിക്കാട്ടി. ഒരുമയെ അസ്ഥിരപ്പെടുത്താനുള്ള ആസൂത്രിത ശ്രമങ്ങൾക്കെതിരെ കൂടുതൽ യോജിപ്പോടെ പ്രവർത്തിക്കണം. നമുക്ക് അർഹതപ്പെട്ടതു നേടിയെടുക്കാൻ പോരാടണം. സംസ്ഥാനങ്ങളുടെ അധികാരങ്ങളിലേക്കുള്ള കയ്യേറ്റങ്ങളെ ഒന്നിച്ചു നിന്നു കൈകാര്യം ചെയ്യണം. അധികാരം കയ്യടക്കാനുള്ള ഏകാധിപത്യ നീക്കങ്ങളുമായി ഏതറ്റം വരെയും കേന്ദ്രം പോകും. സംസ്ഥാനങ്ങളുടെ ന്യായമായ ആവശ്യങ്ങളെ ദക്ഷിണേന്ത്യയും ഉത്തരേന്ത്യയും തമ്മിലുള്ള പ്രശ്നം എന്ന നിലയിൽ ചിത്രീകരിക്കുന്നത് അടിസ്ഥാനരഹിതമാണ്. ഫെഡറൽ ഘടന ഇല്ലാതാക്കാനുള്ള നീക്കത്തിനെതിരായ ജനാധിപത്യപരമായ പോരാട്ടമാണിത്. കേരളത്തിലെ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കേണ്ട ഞങ്ങൾക്കു നിശ്ശബ്ദരായിരിക്കാൻ സാധിക്കില്ല. സംസ്ഥാനങ്ങളുടെ കൂട്ടായ്മയായി ഇന്ത്യ നിലനിൽക്കണം. സംസ്ഥാനങ്ങൾക്കു മേൽ കേന്ദ്രം എന്ന ഏകാധിപത്യ രീതിയിലേക്കു ഇന്ത്യ മൂക്കുകുത്തി വീഴാൻ പാടില്ല. ജനാധിപത്യ സമരത്തിൽ കൂടുതൽ സംസ്ഥാനങ്ങൾ ചേരുമെന്നാണു പ്രതീക്ഷയെന്നും മുഖ്യമന്ത്രി പറഞ്ഞു.




കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരെ ഡൽഹി ജന്തർ മന്തറിൽ നടത്തിയ പ്രതിഷേധത്തിൽ നിന്ന്

## ഡോ. വന്ദന ദാസ് വധക്കേസ്: പോലീസിനും ഐ.എം.എക്കും എതിരെ പിതാവ്

കടുത്തുരുത്തി: ആശുപത്രി സംരക്ഷണ ബിൽ പാസാക്കിയെടുക്കാൻ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും (ഐ.എം.എ.) പോലീസും ചേർന്നു തന്റെ മകളുടെ മരണം ഉറപ്പാക്കിയെന്ന ആരോപണവുമായി, കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കൊല്ലപ്പെട്ട ഡോ. വന്ദന ദാസിന്റെ പിതാവ് മുട്ടുചിറ നമ്പിച്ചിറക്കാലായിൽ മോഹൻദാസ്. വന്ദന ദാസിന്റെ കൊലപാതകത്തിലെ ദുരൂഹത നീക്കാൻ സി.ബി.ഐ. അന്വേഷണം വേണമെന്നാവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി തള്ളിയതിന്റെ പിറ്റേന്നായിരുന്നു മോഹൻദാസിന്റെ പരസ്യപ്രതികരണം.



'സർക്കാരും പോലീസും ഗൂഢാലോചന നടത്തി. സർക്കാരിനും പോലീസിനും എന്തോ ഒളിക്കാനുണ്ട്. ഇതുമൂലമാണു സർക്കാർ സി.ബി.ഐ. അന്വേഷണത്തെ എതിർക്കുന്നത്.

ഡോ. വന്ദന ദാസ് 2023-ൽ മേയ് 10-നു പുലർച്ചെയാണു കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കുത്തേറ്റു മരിച്ചത്. വന്ദനയ്ക്ക് 21 തവണ കുത്തേറ്റിട്ടും പോലീസ് പ്രതിയെ കീഴടക്കിയില്ലെന്നും വന്ദന ആവശ്യപ്പെട്ടിട്ടും പെട്ടെന്നു വേണ്ട ചികിത്സ നൽകിയില്ലെന്നും മോഹൻദാസ് ആരോപിച്ചു.

സമീപത്തെ ആശുപത്രിയിലെത്തിക്കാതെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലേക്കു കൊണ്ടുപോകാൻ ആരാണു നിർദേശം നൽകിയതെന്ന് അറിയിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പോലീസിന്റെ ഭീഷണി മൂലമാണു മകളുടെ കൂട്ടുകാരികളും സഹപ്രവർത്തകരും മൊഴിമാറ്റിയതെന്നും മോഹൻദാസ് ആരോപിച്ചു.

## കേരളത്തിൽ ബി.ജെ.പി. – സി.പി.എം. ധാരണയില്ല: അമിത് ഷാ

ന്യൂഡൽഹി: കേരളത്തിൽ ബി.ജെ.പിയും സി.പി.എമ്മുമായി ധാരണയുണ്ടെന്ന ആരോപണം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നിഷേധിച്ചു. "മുഖ്യമന്ത്രിക്കെതിരെയുള്ള ആരോപണങ്ങൾ കോടതിയിലാണ്. ഞങ്ങളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടിയുണ്ടായാൽ നിങ്ങൾ (മാധ്യമങ്ങൾ) അതിനെ രാഷ്ട്രീയപകപോക്കലെന്നു വിളിക്കും. ഒന്നും സംഭവിച്ചില്ലെങ്കിൽ ഞങ്ങളൊന്നും ചെയ്യാത്തതെന്തെന്ന് ചോദിക്കും" – അമിത് ഷാ പറഞ്ഞു.

അഭിമുഖത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രതികരണത്തിൽനിന്ന്: തെരഞ്ഞെടുപ്പിൽ കേരളത്തിൽ ബി.ജെ.പി. നേട്ടമുണ്ടാക്കും. മണിപ്പൂരിലേത് ഗോത്രപ്രശ്നമാണ്. രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ചിലർ വർഗീയപ്രശ്നമായി ചിത്രീകരിക്കുകയാണ്. രാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ ഇന്ത്യക്കു വിജയത്തിന്റെ അട്ടഹാസമല്ല, ഭക്തിയുടെ അന്തരീക്ഷമാണു സൃഷ്ടിച്ചത്. ഭാരതീയ 'ന്യായ' സംഹിത കൊണ്ടുവന്നതാണ് കഴിഞ്ഞ 160 കൊല്ലത്തെ ഏറ്റവും വലിയ പരിഷ്കാരം. സർക്കാരിനെയോ ഭരണാധികാരികളെയോ വിമർശിക്കുന്നതു പുതിയ നിയമങ്ങളനുസരിച്ച് കുറ്റകരമല്ല, എന്നാൽ ദേശദ്രോഹം അനുവദിക്കാനാകില്ല. നിയമം ദുരുപയോഗപ്പെടുത്തുമെന്ന് ആശങ്കയുണ്ടെങ്കിൽ, പിന്നെ കോടതികൾ എന്തിനാണ്? മോദിയുടെ ഗാരന്റിയിൽ ബി.ജെ.പി. സഖ്യം കഴിഞ്ഞ രണ്ട് തവണത്തെക്കാൾ മികച്ച വിജയം നേടും.






# ഡൽഹിയിൽ വീണ്ടും കർഷകസമരം: പാർലമെന്റ് മാർച്ചിന് എത്തിയവരെ തടഞ്ഞു

ന്യൂഡൽഹി: ഇന്ത്യാ തലസ്ഥാനത്ത് വീണ്ടും കർഷക പ്രതിഷേധങ്ങൾ. താങ്ങുവില ഉൾപ്പെടെയുള്ള ആവശ്യങ്ങളുമായി കേന്ദ്രസർക്കാരിനെതിരെ പാർലമെന്റ് മാർച്ചിനായി എത്തിയ കക്കാർ പിൻവാങ്ങിയെങ്കിലും പ്രതിഷേധം തുടരുമെന്നാണു നിലപാട്. ഉത്തർ പ്രദേശിലെ 100 കർഷക ഗ്രാമങ്ങളിൽ നിന്നുള്ളവരാണു ഭാരതീയ കിസാൻ പരിഷത്തിന്റെ നേതൃത്വത്തിൽ സമരടെയാണു പാർലമെന്റ് മാർച്ച് പ്രഖ്യാപിച്ചതെന്നു ബി.കെ.പി. നേതാവ് സുഖ്‌വീർ യാദവ് പറഞ്ഞു. ഭാരതീയ കിസാൻ യൂണിയനും (ബി.കെ.യു.) ഇവർക്കു പിന്തുണയുമായി എത്തിയി



പാർലമെന്റ് മാർച്ചിനായി എത്തിയ കർഷകരെ നോയിഡ അതിർത്തിയിൽ പോലീസ് തടഞ്ഞപ്പോൾ

ർഷകരെ നോയിഡ അതിർത്തിയിലെ മഹാമായ മേൽപ്പാലത്തിനു സമീപം പോലീസ് തടഞ്ഞു. പതിനായിരക്കണക്കിനു കർഷകർ റോഡിൽ നിറഞ്ഞതോടെ നഗരത്തിൽ ഗതാഗതം സ്തംഭിച്ചു. മുള്ളുവേലികളുമായി റോഡ് തടഞ്ഞ പോലീസ് പ്രദേശത്തു നിരോധനാജ്ഞയും പ്രഖ്യാപിച്ചു. വൈകിട്ടോടെ മേൽപ്പാലത്തിൽനിന്നു സമരവുമായി എത്തിയത്. സംസ്ഥാനത്തെ വികസന പദ്ധതികൾക്കായി ഗ്രേറ്റർ നോയിഡ വികസന അതോറിറ്റി ഏറ്റെടുക്കുന്ന ഭൂമിക്കു പകരമായി നൽകുന്ന നഷ്ടപരിഹാരവും ഭൂമിയും വർധിപ്പിക്കണമെന്നാവശ്യപ്പെട്ടു കഴിഞ്ഞ ഡിസംബർ മുതൽ സമരം തുടരുകയാണ്. ചെറുതും വലുതുമായ സമരങ്ങൾ കേന്ദ്ര സർക്കാർ കണ്ടില്ലെന്നു നടിച്ചതോട്ടുണ്ട്. താങ്ങുവില ഉറപ്പാക്കാൻ നിയമം, പെൻഷൻ, വിള ഇൻഷുറൻസ്, എഫ്.ഐ.ആർ. റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങളും ഇവർ ഉയർത്തുന്നുണ്ട്.

# സ്കൂളുകളിലെ ക്രിസ്തുരൂപങ്ങൾ മാറ്റണമെന്ന് അന്ത്യശാസനം

ഗോഹട്ടി: ക്രൈസ്തവർ നടത്തുന്ന സ്കൂളുകളിൽ നിന്ന് ക്രിസ്തുവിന്റെയും കന്യകാമറിയത്തിന്റെയും രൂപങ്ങളും കുരിശും ഉടൻ മാറ്റണമെന്ന് തീവ്ര ഹിന്ദുത്വ സംഘടനയുടെ അന്ത്യശാസനം. സ്കൂളുകളിൽ ജോലി ചെയ്യുന്ന വൈദികരും സിസ്റ്റേഴ്സും സഭാവസ്ത്രങ്ങൾ ധരിച്ച് ജോലി ചെയ്യരുതെന്നും സ്കൂളുകളിൽ ക്രൈസ്തവ പ്രാർത്ഥനകൾ പാടില്ലെന്നും ഇവർ നിർദേശിച്ചു. കുടുംബ സുരക്ഷാ പരിഷത്ത് പ്രസിഡണ്ട് സത്യരഞ്ജൻ ബറുവ ഗുവഹാത്തിയിൽ നടത്തിയ പത്രസമ്മേളനത്തിലാണ് ഈ ആവശ്യമുന്നയിച്ചത്.

പത്ത്-പതിനഞ്ച് ദിവസത്തിനകം ആവശ്യങ്ങൾ നടപ്പാക്കിയില്ലെങ്കിൽ തങ്ങൾ 'വേണ്ടതു' ചെയ്യുമെന്നും ഇതിന്റെ ഉത്തരവാദിത്വം സ്ഥാപന അധികൃതർക്കായിരിക്കുമെന്നും ഭീഷണിപ്പെടുത്തിയിട്ടുമുണ്ട്.

ക്രിസ്ത്യൻ മിഷണറിമാർ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മതകേന്ദ്രങ്ങളാക്കുകയാണെന്നും തങ്ങൾ ഇതനുവദിക്കുകയില്ലെന്നും രഞ്ജൻ ബറുവ പറഞ്ഞു. ഞങ്ങൾ ദയ കാണിക്കില്ല. എന്താണ് ചെയ്യുക എന്ന് പറയാനും കഴിയില്ല. പത്തു വയസുള്ള കുട്ടിക്ക് സ്കൂൾ കാമ്പസിൽ ജയ്ശ്രീറാം വിളിക്കാൻ കഴിയുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പ് ഭരണഘടനാവിരുദ്ധമാണ്. തങ്ങൾ സുപ്രീംകോടതിയെ സമീപിക്കുമെന്നും രഞ്ജൻ ബറുവ പറഞ്ഞു.

എന്നാൽ, ഇത്തരമൊരാവശ്യം ആരും ഔദ്യോഗികമായി ഉന്നയിച്ചിട്ടില്ലെന്നാണ് ക്രൈസ്തവ സ്ഥാപനങ്ങളുടെ അധികാരികൾ വ്യക്തമാക്കുന്നത്. ആവശ്യം ഉന്നയിച്ചിരിക്കുന്നവർ ചെറിയൊരു വിഭാഗമാണ്. സർക്കാർ പ്രതികരിച്ചിട്ടുമില്ല. എങ്കിലും ആശങ്കയുണ്ടെന്ന് അവർ അറിയിച്ചു.

കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ 250-ലധികം സ്കൂളുകൾ അസമിലുണ്ട്. മറ്റു ക്രൈസ്തവ വിഭാഗങ്ങളുടേതുകൂടി കണക്കിലെടുത്താൽ എണ്ണം വളരെയധികമാണ്. അസമിന്റെ വികസനത്തിലും വിദ്യാഭ്യാസ മുന്നേറ്റത്തിലും ക്രൈസ്തവരുടെ സേവനം നിസ്തുലമാണ്. പതിറ്റാണ്ടുകളായി മിഷണറിമാർ ഇവിടെ സേവനം ചെയ്യുന്നു. ഇപ്പോഴുണ്ടായിരിക്കുന്ന ആശങ്കകൾ ചർച്ച ചെയ്യാനായി അസം കാത്തലിക് എഡ്യൂക്കേഷൻ ട്രസ്റ്റ് യോഗം ചേരുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# എം.ടി. വാസുദേവൻ നായർക്ക് ആകാശ്ദീപ് പുരസ്കാരം



ന്യൂഡൽഹി: എം.ടി. വാസുദേവൻ നായർക്ക് അമർ ഉജാല ദിനപത്രത്തിന്റെ ആകാശ്ദീപ് പുരസ്കാരം (5 ലക്ഷം രൂപ). സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.

ഹിന്ദിയിലും ഇതര ഇന്ത്യൻ ഭാഷകളിലുമായി ഓരോ അവാർഡുകളാണ് നല്കുന്നത്. ഹിന്ദിയിലെ അവാർഡ് വിനോദ് കുമാർ ശുക്ലയ്ക്കാണ്. ഇതര ഭാഷകളിൽ ഈ വർഷം മലയാളമാണ് പരിഗണിച്ചത്.

# മലയാളം ഫോണ്ടുകളുടെ പിതാവ് ഫാ. ജോർജ് പ്ലാശേരി അന്തരിച്ചു

തൃശൂർ: ആദ്യമലയാളം കംപ്യൂട്ടർ അക്ഷരങ്ങളുടെ പിതാവും സിഎംഐ ദേവമാതാ പ്രോവിൻസ് അംഗവുമായ ഫാ. ജോർജ് പ്ലാശേരി (80) അന്തരിച്ചു. ഇരിങ്ങാലക്കുട രൂപതയിലെ താഴെക്കാട് ഇടവക കണ്ണിക്കര പ്ലാശേരി-ചാതേലി പരേതരായ മാത്യുവിന്റെയും മറിയത്തിന്റെയും മകനാണ്. സഹോദരങ്ങൾ: വിൻസന്റ് ജേക്കബ്, പരേതരായ സെബാസ്റ്റ്യൻ, ആന്റണി ജോസഫ്, സിസ്റ്റർ ലില്ലി.

കൊച്ചി സർവകലാശാലയിൽ നിന്ന് എംഎസ്സിയും കാലിക്കട്ട് സർവകലാശാലയിൽ നിന്ന് എംഫിലും നേടി. 1974 ഡിസംബർ 28-ന് പൗരോഹിത്യം സ്വീകരിച്ചു. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ ഫിസിക്സ് അദ്ധ്യാപകനായിരുന്നു. ഫിലാഡൽഫിയയിലെ സെ. മേരീസ് ഇടവകയിൽ പത്തുവർഷം സേവനം ചെയ്തു. തുടർന്ന് കോയമ്പത്തൂർ സായ്ബാബ കോളനിയിലും ദേവമാതാ പ്രവിശ്യയിലെ എൽത്തുരുത്ത് ആശ്രമത്തിലും പ്രവർത്തിച്ചു.

1990 പകുതിയോടെ രൂപംകൊണ്ട വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ലോകത്തുണ്ടാക്കിയ വിവര സാങ്കേതിക വിദ്യാ വിപ്ലവത്തിലേക്ക് മലയാളഭാഷയെ കൈപിടിച്ചു കയറ്റിയ മലയാളം കംപ്യൂട്ടർ അക്ഷരങ്ങളുടെ പിതാവാണ് ഫാ. ജോർജ് പ്ലാശേരി സിഎംഐ.



കംപ്യൂട്ടറിൽ ഇംഗ്ലീഷിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്ഷരത്തിൽ ടൈപ്പ് ചെയ്താൽ മലയാളം കിട്ടുന്ന സംവിധാനത്തിൽ ഒരു പക്ഷേ ആദ്യം രൂപപ്പെട്ട ലിപി പ്ലാശേരി ഫോണ്ടാണ്. ഇതിന്റെ ഉപജ്ഞാതാവാണ് ഫാ. ജോർജ് പ്ലാശേരി. കംപ്യൂട്ടർ പഠിക്കാൻ സഭ ഫാ. പ്ലാശേരിയെ അമേരിക്കയിലേക്ക് അയച്ചു. പോകുമ്പോൾ അദ്ദേഹം അതുവരെ കംപ്യൂട്ടർ കണ്ടിട്ടു പോലുമില്ലായിരുന്നുവെന്ന് ഒരു ഇന്റർവ്യൂവിൽ വ്യക്തമാക്കിയിരുന്നു.



# മോദി ജനിച്ചത് ഒ.ബി.സിയിലല്ലെന്ന് രാഹുൽ

ഭുവനേശ്വർ: പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റ് പിന്നാക്ക വിഭാഗത്തിൽ ജനിച്ച ആളല്ലെന്നും സ്വയം ഒബിസിയാണെന്ന് പ്രഖ്യാപിച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.

ഒഡീഷയിൽ ഭാരത് ജോഡോ ന്യായ് യാത്രയുടെ സമാപന ദിവസം നടന്ന പൊതുസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു രാഹുൽ. പൊതുവിഭാഗത്തിലായിരുന്ന കുടുംബത്തിലാണ് മോദി ജനിച്ചത്. ഗഞ്ചി ജാതിക്കാരനാണ് അദ്ദേഹം.

2000-ൽ ഗുജറാത്തിൽ ബിജെപി സർക്കാരിന്റെ കാലത്താണ് ഈ ജാതി ഒബിസി പട്ടികയിലേക്ക് മാറ്റിയത്. ഗുജറാത്ത് മുഖ്യമന്ത്രിയായ ശേഷം മോദി തന്റെ ജാതി പിന്നാക്കവിഭാഗത്തിലാക്കുകയായിരുന്നു: രാഹുൽ പറഞ്ഞു.

പ്രധാനമന്ത്രി ഒരിക്കലും രാജ്യത്ത് ജാതി സെൻസസ് നടത്തില്ലെന്നും അതില്ലാതെ സാമൂഹിക നീതി കൈവരിക്കാനാകില്ലെന്നും മുൻ കോൺഗ്രസ് അദ്ധ്യക്ഷൻ പറഞ്ഞു.

കോൺഗ്രസ് അധികാരത്തിൽ വന്നാൽ മാത്രമേ ജാതി സെൻസസ് നടത്തി ഇന്ത്യയിൽ സാമൂഹിക നീതി ഉറപ്പാക്കുകയുള്ളൂ. ജാതി സെൻസസിനെയും സാമൂഹിക നീതിയെയും പറ്റി പറയുമ്പോഴെല്ലാം മോദി ഒഴിഞ്ഞുമാറുന്നു, രാജ്യത്ത് പണക്കാരും പാവപ്പെട്ടവരുമെന്ന രണ്ട് ജാതികളേ ഉള്ളൂവെന്നാണ് അദ്ദേഹത്തിന്റെ വാദം.

പ്രധാനമന്ത്രി ഒബിസിക്കാർക്ക് ഒരിക്കലും കൈകൊടുക്കില്ല. എന്നാൽ, കോടീശ്വരന്മാരെ ആലിംഗനം ചെയ്യും: രാഹുൽ പറഞ്ഞു.

## നർത്തകി ഭവാനി ചെല്ലപ്പൻ അന്തരിച്ചു

കോട്ടയം: പ്രമുഖ നർത്തകി ഭവാനി ചെല്ലപ്പൻ (98) അന്തരിച്ചു. കോട്ടയം തിരുനക്കര ആസാദ് ലെയ്ൻ ശങ്കരമംഗലം വീട്ടിൽ പരേതനായ ഡാൻസർ ചെല്ലപ്പന്റെ ഭാര്യയായ ഭവാനി, കുമാരനല്ലൂരിലെ മകന്റെ വീട്ടിൽ ഫെബ്രുവരി ഒൻപതിന് വെള്ളിയാഴ്ച രാവിലെയാണ് മരിച്ചത്. അവസാനകാലംവരെ നൃത്ത അധ്യാപികയായിരുന്നു. ഗുരു ഗോപിനാഥിൽനിന്ന് കേരളനടനം ആധികാരികമായി പഠിച്ചവരിൽ ഒരാളായിരുന്നു. എന്നും കേരളത്തിലെ ബാലെ കലാരൂപത്തിന്റെ മാറ്റങ്ങൾക്കൊപ്പം നിന്നു. കേരള കലാമണ്ഡലം പുരസ്കാരം, സംഗീതനാടക അക്കാദമി പുരസ്കാരം, ഉത്രാടം തിരുനാൾ ഗുരുശ്രേഷ്ഠ അവാർഡ്, ഗുരുഗോപിനാഥ് നാട്യപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.



1952-ൽ ചെല്ലപ്പനൊപ്പം ആരംഭിച്ച 'ഭാരതീയ നൃത്ത കലാലയ'ത്തിന്റെ ബാനറിൽ കേരളത്തിനകത്തും പുറത്തും വിദേശത്തു മടക്കം ദമ്പതിമാർ ബാലെ അവതരിപ്പിച്ചിരുന്നു. കുമരകം ചെമ്പകശ്ശേരിൽ പദ്മനാഭ പിള്ളയുടെയും ഗൗരിക്കുട്ടിയമ്മയുടെയും മൂത്തമകളാണ്. ഭരതനാട്യം, മോഹിനിയാട്ടം എന്നിവയ്ക്കു പുറമേ കേരളനടനവും പഠിച്ചു. മക്കൾ: സി. ഗോപാലകൃഷ്ണൻ നായർ (റിട്ട. ഐ.ബി. ഓഫീസർ), സി. രാമചന്ദ്രൻ (റിട്ട. കെഎസ്ആർടിസി ഉദ്യോഗസ്ഥൻ), സി. രാധാകൃഷ്ണൻ (റിട്ട. ജനറൽ മാനേജർ, പാരഗൺ). മരുമക്കൾ: പ്രൊഫ. ശിവപ്രഭ ജൗഹരി, ശോഭ രാമചന്ദ്രൻ (നൃത്ത അധ്യാപിക), പത്മജാ രാധാകൃഷ്ണൻ.

## പെൻഷൻ മുടങ്ങി; ദയാവധത്തിന് തയാറെന്ന് വയോധിക ദമ്പതിമാർ

അടിമാലി: ക്ഷേമ പെൻഷനും വികലാംഗ പെൻഷനും ആറുമാസമായി മുടങ്ങിയതോടെ ദയാവധത്തിനു തയാറാണെന്ന ബാനർ സ്ഥാപിച്ച് വയോധിക ദമ്പതികളുടെ പ്രതിഷേധം. കുളമാൻകുഴി ആദിവാസി സെറ്റിൽമെന്റിൽ നിന്നുള്ള വാളിപ്ലാക്കൽ ശിവദാസനും (82) ഭാര്യ ഓമനയും (73) ആണ് അടിമാലി അമ്പലപ്പടിയിലെ തങ്ങളുടെ പെട്ടിക്കടയ്ക്കു മുന്നിൽ ബാനർ വെച്ചത്. സംഭവമറിഞ്ഞതോടെ സി.പി.എം. ഇടപെട്ടു പ്രതിഷേധം അവസാനിപ്പിച്ചു.




വലുതുകാൽ തളർന്ന ഓമനയും വാർധക്യസഹജമായ അസുഖം അലട്ടുന്ന ശിവദാസനും പെൻഷൻ മുടങ്ങിയതോടെ ബുദ്ധിമുട്ടിലാണ്.

കുളമാൻകുഴിയിൽ ഇവർക്കുള്ള ഒരേക്കറോളം ഭൂമിയിൽ കൃഷിയുണ്ടായിരുന്നെങ്കിലും കാട്ടാനയിറങ്ങി നശിപ്പിച്ചു. തുടർന്നാണു പട്ടികവർഗ വകുപ്പിന്റെ സഹകരണത്തോടെ പെട്ടിക്കട തുടങ്ങിയത്.

സംഭവമറിഞ്ഞു കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, ബി.ജെ.പി. നേതാക്കളെത്തി ദമ്പതികൾക്കു സഹായം കൈമാറി.

പിന്നീടു സി.പി.എം. ഏരിയ സെക്രട്ടറിയുടെ നേതൃത്വത്തിലെത്തി ചർച്ച നടത്തിയാണു ദമ്പതികളെ അനുനയിപ്പിച്ചത്.

## മറുകണ്ടം ചാടുന്നത് ജനാധിപത്യത്തിലെ അഴിമതി: ഹൈക്കോടതി

കൊച്ചി: ജയിപ്പിച്ചുവിട്ട പാർട്ടിക്കും മുന്നണിക്കുമൊപ്പം നിൽക്കാതെ മറുകണ്ടം ചാടുന്നത് കൂറുമാറ്റം മാത്രമല്ല, ജനാധിപത്യത്തിലെ അഴിമതി കൂടിയാണെന്ന് ഹൈക്കോടതി.

മണ്ഡലത്തിലെ വോട്ടർമാരുടെ താത്പര്യം സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ള തെരഞ്ഞെടുക്കപ്പെടുന്ന അംഗം ഓന്തിന്റെ സ്വഭാവം കാണിക്കുന്നത് ജനപ്രതിനിധികൾക്കു ചേർന്നതല്ല.


ഏതെങ്കിലും പാർട്ടിയുടെയോ മുന്നണിയുടെയോ ഭാഗമായോ, സ്വതന്ത്രനായോ വിജയിച്ചശേഷം വീണ്ടും ജനവിധി തേടാതെ, സീറ്റു നല്കിയ പാർട്ടിക്കെതിരെ നിലപാടെടുക്കാനാകില്ലെന്നാണ് കൂറുമാറ നിരോധന നിയമത്തിലെ വ്യവസ്ഥ. ആ മണ്ഡലത്തിലെ വോട്ടർമാരുടെ പ്രതിനിധിയും അവരുടെ ശബ്ദവുമായാണ് പ്രവർത്തിക്കേണ്ടത്. വോട്ടർമാരുടെ ആഗ്രഹത്തിന് എതിരു നിന്നുകൊണ്ട് തോന്നുംപടി ചെയ്യാനാകില്ല.

എന്നാൽ, അടുത്തിടെയായി ജനാധിപത്യത്തിലെ ഈ തത്വം പല ജനപ്രതിനിധികളും മറന്നുപോകുന്നതായും കോടതി ചൂണ്ടിക്കാട്ടി. അടിമാലി പഞ്ചായത്തിലെ കൂറുമാറ്റവുമായി ബന്ധപ്പെട്ട ഹർജി തീർപ്പാക്കിയുള്ള ഉത്തരവിലാണ് കോടതിയുടെ ഈ വിലയിരുത്തൽ.

## നിർമിത ബുദ്ധി എല്ലാറ്റിനും പരിഹാരമല്ലെന്ന് നൊബേൽ ജേതാവ് മോർട്ടൻ പി. മെൽഡൽ

തിരുവനന്തപുരം: നിർമിതബുദ്ധി വീടുകളിലും വ്യവസായങ്ങളിലും കാര്യങ്ങൾ സുഗമമാക്കിയേക്കാമെങ്കിലും എല്ലാറ്റിനും അതൊരു പരിഹാരമാകുമെന്ന് കരുതരുതെന്ന് നൊബേൽ ജേതാവ് മോർട്ടൻ പി. മെൽഡൽ പറഞ്ഞു.

ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരളയുടെ ഭാഗമായി നടന്ന പബ്ലിക് ടോക്കിലാണ് അദ്ദേഹം തന്റെ കാഴ്ചപ്പാടുകൾ വിശദീകരിച്ചത്. നിർമിതബുദ്ധി പഠിക്കുന്നതിൽ വളരെയധികം ജാഗ്രത വേണമെന്നും സഹാനുഭൂതിയോ അസാധാരണമായ ചിന്തകളോ അതിലൂടെ ലഭ്യമാക്കാനാകില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



2022-ൽ രസതന്ത്രത്തിനുള്ള നൊബേൽ നേടിയ മെൽഡൽ തന്റെ പഠനരീതികളെപ്പറ്റി വിശദീകരിച്ചു. കെമിസ്ട്രിയിൽ ചിത്രങ്ങൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. പുസ്തകങ്ങളിലെ ചിത്രങ്ങൾ നോക്കിയാണ് ഞാൻ കാര്യങ്ങൾ ഓർമയിലാക്കിയിരുന്നത്. വാക്കുകളെ ഓർമയിൽ സൂക്ഷിച്ച് കെമിസ്ട്രി പഠിക്കാനാകില്ലെന്നും വിഷ്വൽ മെമ്മറിയാണ് തന്നെ കെമിസ്ട്രിയിൽ ശക്തനാക്കിയതെന്നും അദ്ദേഹം പറഞ്ഞു. കുട്ടികൾക്ക് ചിത്രങ്ങൾ മനസിൽ സൂക്ഷിക്കാൻ അതിശയകരമായ കഴിവുണ്ട്. അവർ കാണുന്ന കാര്യങ്ങൾ ജീവിതകാലം മുഴുവൻ ഓർമിക്കും. അതിനാൽ രസതന്ത്രത്തിൽ കുട്ടിക്കാലത്തെ പരിശീലനം വളരെ പ്രധാനമാണെന്ന് കരുതുന്നതായി അദ്ദേഹം പറഞ്ഞു.

സയൻസ് ലാഭത്തിനു വേണ്ടിയാകരുതെന്നും പാശ്ചാത്യശാസ്ത്രജ്ഞരുടെ ഏറ്റവും വലിയ തെറ്റ് ലാഭത്തിനുവേണ്ടി നയിക്കപ്പെടുന്നുവെന്നതാണെന്നും മെൽഡൽ വ്യക്തമാക്കി. വിദ്യാർത്ഥികളിലൂടെ സമൂഹത്തിൽ ശാസ്ത്രീയചിന്ത വളർത്തിയെടുക്കാൻ കഴിയുമെന്നും കുട്ടികളിൽ താൽപര്യം വളർത്തുന്നതിൽ രക്ഷിതാക്കൾക്ക് വലിയ പങ്കുണ്ടെന്നും മെൽഡൽ പറഞ്ഞു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ചിക്കാഗോ കെ.സി.എസ് വിമൻസ് ഫോറം ഹോളിഡേ പാർട്ടി വർണ്ണശബളമായി

സിബു കുളങ്ങര

ചിക്കാഗോ: ചിക്കാഗോ കെ.സി.എസിന്റെ പ്രേരകശക്തിയായ വിമൻസ് ഫോറത്തിന്റെ 2024-ലെ ഹോളിഡേ പാർട്ടി ജനുവരി 27-ന് ശനിയാഴ്ച വൈകുന്നേരം കെ.സി.എസ് ക്നാനായ സെന്ററിൽ വെച്ച് അസെൻഷൻ ഹോളിഫാമിലി ഹോസ്പിറ്റലിന്റെ വൈസ് പ്രസിഡണ്ടും ചീഫ് നേഴ്സിംഗ് ഓഫീസറുമായ ഡോ. ഷിജി അലക്സ് ഉദ്ഘാടനം ചെയ്ത് 'Reflect and Refocus Life: A Balancing act' എന്ന വിഷയത്തിൽ ക്ലാസ് എടുത്തു.




ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പോഷകസംഘടനയായ വിമൻസ് ഫോറം സംഘടിപ്പിച്ച ഹോളിഡേ പാർട്ടി അസെൻഷൻ ഹോളിഫാമിലി ഹോസ്പിറ്റൽ വൈസ് പ്രസിഡണ്ടും ചീഫ് നേഴ്സിഗ് ഓഫീസറുമായ ഡോ. ഷിജി അലക്സ് ഉദ്ഘാടനം ചെയ്യുന്നു. സ്വീഡിഷ് ഹോസ്പിറ്റലിലെ നേഴ്സിംഗ് ഡയറക്ടർ ആയ ഡോ. അജിമോൾ പുത്തൻപുരയിൽ, കെ.സി.എസ് പ്രസിഡണ്ട് ജെയിൻ മാക്കീൽ, സെക്രട്ടറി സിബു കുളങ്ങര, കെ.സി.സി.എൻ.എ ആർവിപി സ്റ്റീഫൻ കിഴക്കേക്കുറ്റ്, വിമൻസ് ഫോറം പ്രസിഡണ്ട് റ്റോസ്മി കൈതക്കതൊട്ടിയിൽ, മറ്റ് ഭാരവാഹികളായ ഷൈനി വിരുത്തക്കുളങ്ങര, ഡോ. സൂസൻ ഇടുക്കുതറ, ഡോ. ഫെബിൻ തേക്കനാട്ട്, ബിനി മണപ്പള്ളിൽ എന്നിവരാണ് സമീപം.

വിമൻസ് ഫോറം പ്രസിഡണ്ട് ടോസ്മി കൈതക്കതൊട്ടിയിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും കഴിഞ്ഞ ഒരു വർഷ




ത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

സ്വീഡിഷ് ഹോസ്പിറ്റലിലെ നേഴ്സിംഗ് ഡയറക്ടർ ആയ ഡോ. അജിമോൾ പുത്തൻപുരയിൽ കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന വിള്ളലുകൾ കൂട്ടിയിണക്കുവാൻ വിമൻസ് ഫോറം പുതുതായി ആരംഭിച്ച വെൽനെസ്സ് പ്രോഗ്രാമിന്റെ കിക്കോഫ് നടത്തി സംസാരിച്ചു.

കെ.സി.എസ് പ്രസിഡണ്ട് ജെയിൻ മാക്കീൽ, കെ.സി.സി.എൻ.എ ചിക്കാഗോ ആർവിപി സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവർ ആശംസകൾ നേർന്നു.

സിന്ധു പുളിക്കത്തൊട്ടിയിൽ പ്രാർത്ഥനാഗാനം ആലപിച്ചു. വൈസ് പ്രസിഡണ്ട് ഷൈനി വിരുത്തകുളങ്ങര വിശിഷ്ടാതിഥികളെ സ്വാഗതം ചെയ്തു. സെക്രട്ടറി ഡോ. ഫെബിൻ തേക്കനാട്ട് എംസിയായിരുന്നു.

വിമൻസ് ഫോറം ട്രഷറർ ബിനി മണപ്പള്ളിൽ, കെ.സി.എസ് സെക്രട്ടറി സിബു കുളങ്ങര എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

ഡിജെ, വൈവിദ്ധ്യമാർന്ന മത്സരങ്ങൾ, പ്രായഭേദമെന്യേ വിവിധ വനിതകൾ പാടിയ ഗാനങ്ങൾ തുടങ്ങിയവ ചടങ്ങിന് മാറ്റ് കൂട്ടി.

വിവിധ തുറകളിൽ മികച്ച സംഭാവനകൾ നല്കിയ ചിന്നു തോട്ടം, മിനി എടാട്ട്, ഡോ. ഷിജി അലക്സ്, ഡോ. അജിമോൾ പുത്തൻപുരയിൽ എന്നിവർക്ക് പ്രശംസാഫലകം നല്കി ആദരിച്ചു.

ആനീസ് മേനമറ്റത്തിലും ആൻസി കൂപ്ലികാട്ടും ചേർന്നു നടത്തിയ ഐസ് ബ്രേക്കിംഗ് ആകർഷകമായി.

ആസ്വാദ്യകരമായ വിവിധതരം ഭക്ഷണപാനീയങ്ങൾ പാർട്ടിയെ ഏറെ ആനന്ദദായകമാക്കി. ജോയിന്റ് സെക്രട്ടറി ഡോ. സൂസൻ ഇടുക്കുതറ കൃതജ്ഞത പറഞ്ഞു.











# ചിക്കാഗോ കെ.സി.എസ് വിമൻസ് ഫോറം ഹോളിഡേ പാർട്ടി ചിത്രങ്ങളിലൂടെ...

ഫോട്ടോ: മോനു വർഗീസ്





























# ചിക്കാഗോ കെ.സി.എസ് വിമൻസ് ഫോറം ഹോളിഡേ പാർട്ടി ചിത്രങ്ങളിലൂടെ...

ഫോട്ടോ: മോനു വർഗീസ്
































കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024







# ഡോ. സിന്ധു പിള്ള കുട്ടികളുടെയും എ. കെ. എം. ജിയുടെയും ഡോക്ടർ



**'നേതൃത്വം ഒരു വ്യക്തിയോ പ്രസ്ഥാനമോ അല്ല. വിശ്വാസം, കടപ്പാട്, പ്രതിബദ്ധത, കാഴ്ചപ്പാട് എന്നിവയെ അടിസ്ഥാനമാക്കിയുള്ള ധാർമ്മിക ബന്ധമാണത്'**

ഭൂമിയുടെ അറ്റം വരെ നടന്നടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത് നമ്മുടെ പാഷനാണ്. പാഷൻ ഒരു ഊർജ്ജമാണ്. നമ്മെ ആവേശം കൊള്ളിക്കുന്ന ഏതൊരു കാര്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചാൽ ലഭിക്കുന്ന ശക്തി നമ്മെ ഭൂമിയുടെ അറ്റം വരെ കൊണ്ടെത്തിക്കും. ഇങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്ത ഒരു വ്യക്തിത്വത്തെ ഈ വഴിത്താരയിൽ നാം കണ്ടുമുട്ടുന്നു.

ഡോ. സിന്ധു പിള്ള. അമേരിക്കയിലെ അറിയപ്പെടുന്ന ഡോക്ടർ. അതും കുട്ടികളുടെ പ്രിയപ്പെട്ട കൊച്ചുഡോക്ടർ. ഡോ. സിന്ധു പിള്ള ഇന്ന് ചവിട്ടി നിൽക്കുന്ന പടി അത്ര ചെറുതല്ല. അമേരിക്കയിലെ മലയാളി ഡോക്ടർമാരുടെ സംഘടനയായ എ. കെ.എം.ജിയുടെ പ്രസിഡന്റ് കൂടിയായ ഡോ. സിന്ധു പിള്ള തന്റെ ജീവിത വഴികളെ നമുക്ക് മുൻപിൽ വരച്ചിടുന്നു.

## തൊട്ടതെല്ലാം പൊന്നാക്കിയ ബാല്യം

തുടക്കം നന്നായാൽ എല്ലാം നന്നായി എന്നാണ് ചൊല്ല്. ഡോ. സിന്ധു പിള്ളയുടെ ജീവിതവും അങ്ങനെ തന്നെ. ചേർത്തല മരുത്തോർവട്ടത്ത്, പൊന്നാരത്ത് ജി.എൻ. വാസുദേവപ്പണിക്കരുടേയും (അക്കൗണ്ടന്റ്), അദ്ധ്യാപികയായ സരസ്വതി ദേവിയുടേയും മകളായി ജനനം. ഒന്നു മുതൽ ഏഴാം ക്ലാസ് വരെ മതിലകം ലിറ്റിൽ ഫ്ളവർ യു.പി. സ്കൂളിൽ പഠനം. എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലും പഠനം. ഒന്നാം ക്ലാസ്മുതൽക്കേ പഠനത്തിൽ ക്ലാസിൽ ഒന്നാം സ്ഥാനം. സ്കൂൾ കലോത്സവങ്ങളിലും മിന്നുന്ന പ്രകടനവുമായി സിന്ധു എന്ന കൊച്ചു മിടുക്കി എല്ലാവരുടേയും കണ്ണിലുണ്ണിയായി. ലളിതഗാനം, നൃത്ത മത്സരം, പദ്യപാരായാണം, നാടോടി നൃത്തം, തിരുവാതിര, അധികമാരും കൈ വെക്കാത്ത അക്ഷര ശ്ലോകം എന്നിവയിലെല്ലാം സമ്മാനം നേടി ലിറ്റിൽ ഫ്ളവർ സ്കൂളിന്റേയും, സെന്റ് മേരീസ് സ്കൂളിന്റേയും അഭിമാന താരമായി മാറി. പഠനത്തിൽ സ്കൂളിൽ ഒന്നാം സ്ഥാനം. പത്താം ക്ലാസിനോട് വിടപറയുമ്പോൾ അച്ഛന്റെ ആഗ്രഹം മകളെ ഡോക്ടർ ആക്കണം എന്നായിരുന്നു. അങ്ങനെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ പ്രീഡിഗ്രി സെക്കന്റ് ഗ്രൂപ്പിന് ചേർന്നു. റിസൾട്ട് അറിയുന്നതിന് മുൻപേ എറണാകുളം എ.സി.എസ് സെന്ററിൽ എൻട്രൻസ് കോച്ചിംഗിന് ചേർന്നു. മോക്ക് ടെസ്റ്റിൽ ഉയർന്ന സ്കോർ നേടിയത് വലിയ പ്രതീക്ഷയായി. അറുപത്തിയഞ്ചാം റാങ്കോടെ ആലപ്പുഴ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് പഠനത്തിന് തുടക്കം.

## മനസ്സുകൊണ്ട് ഡോക്ടറായ നിമിഷങ്ങൾ

പത്താം ക്ലാസിൽ തൊണ്ണൂറ്റിഒൻപത് ശതമാനം മാർക്ക് നേടി ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പടി കയറുമ്പോൾ ഇതാണ് തന്റെ വഴിയെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങൾ. ലോകത്തെ ഏറ്റവും മികച്ച ഒരു പ്രൊഫഷനിലേക്കാണ് തന്റെ യാത്രയെന്ന് കണ്ടെത്തിയ നിമിഷങ്ങൾ. ആതുര സേവനം എന്ന പ്രൊഫഷന്റെ മഹത്വം മനസ്സിലാക്കിയ പഠനകാലങ്ങൾ സിന്ധുവെന്ന പ്രതിഭയെ അവിടെയും രൂപപ്പെടുത്തിയെടുത്തു. പഠനത്തിൽ അവിടെയും ഒന്നാമതായ സിന്ധുവിന്റെ സാമൂഹിക നേതൃത്വ രംഗത്തേക്കുള്ള തുടക്കം കുറിച്ചതും ആലപ്പുഴ മെഡിക്കൽ കോളേജ് തന്നെ. ഒന്നാം വർഷം തന്നെ വനിതാ പ്രതിനിധിയായി മത്സരിച്ച് ജയിച്ചു. കുട്ടികളുടെ ഏതൊരു ആവശ്യത്തിനും ഓടിയെത്തിയ വിദ്യാർത്ഥി നേതാവ് മെഡിസിൻ പൂർത്തിയാക്കിയത് ഒന്നാം റാങ്കോടെ. ആഗ്രഹിച്ചത് കഷ്ടപ്പെട്ട് നേടിയ വൻവിജയത്തിന്റെ തുടക്കം. പ്രൊഫഷണലായി ജീവിതത്തെ മാറ്റുന്ന തിരക്ക്. ആ തിരക്കുകൾക്കിടയിൽ 1990-ൽ വിവാഹം.

## കുഞ്ഞുങ്ങളുടെ സിന്ധു ഡോക്ടർ – ചിക്കാഗോ മുതൽ കാലിഫോർണിയ വരെ

ആലപ്പുഴ മെഡിക്കൽ കോളേജിൽ പഠിക്കുമ്പോൾ തന്നെ ഒരു തീരുമാനമെടുത്തിരുന്നു. കുഞ്ഞുങ്ങളുടെ ഡോക്ടറായി മാറണമെന്ന്. വേദനകളും രോഗങ്ങളും തിരിച്ചറിയുവാൻ സാധിക്കാത്ത കുഞ്ഞുകുഞ്ഞുങ്ങൾ മുതൽ കൗമാരക്കാരായ കുട്ടികൾ വരെയുള്ളവരുടെ ആരോഗ്യ ജീവിതത്തിന് കരുത്താകാൻ തയ്യാറെടുക്കുമ്പോഴായിരുന്നു വിവാഹം. 1991-ൽ അമേരിക്കയിൽ എത്തി. കാലിഫോർണിയായിലേക്കാണ് വന്നതെങ്കിലും റഡിഡൻസി ലഭിച്ച് ചിക്കാഗോയിലേക്ക് മാറി. നാല് വർഷത്തിന് ശേഷം കാലിഫോർണിയായിലേക്ക് തിരികെവന്നു. പീഡിയാട്രീഷ്യൻസ് ആയ മൂന്ന് പേരോടൊപ്പം ഒരു ഗ്രൂപ്പായി പ്രാക്ടീസ് തുടങ്ങി. ചെറുപ്പം മുതൽക്കേ കുട്ടികളോടുള്ള ഇഷ്ടം കൊണ്ടാവാം ഏറെ കുട്ടികളും രക്ഷിതാക്കളും ഡോ. സിന്ധു പിള്ളയുടെ ക്ലൈന്റുകളായി മാറി. സ്വാഭാവികമായും ഒരു ഡോക്ടർക്ക് തന്റെ പ്രൊഫഷനിൽ തിരക്കാകുമ്പോൾ സ്വന്തമായി പ്രാക്ടീസ് ചെയ്യാൻ താല്പര്യം കൂടും. 2004-ൽ മറിയേറ്റയിൽ സ്വന്തമായി പ്രാക്ടീസ് തുടങ്ങി. പ്രൊഫഷനിൽ ഉണ്ടാക്കിയെടുത്ത ക്രഡിബിലിറ്റി കൊണ്ട് അവിടെയും നിരവധി കുട്ടികളുടെ പ്രിയപ്പെട്ട തിരക്കുള്ള ഡോക്ടറായി ഡോ. സിന്ധു പിള്ള മാറി. തനിക്ക് പ്രത്യേക മാജിക് ഒന്നും












# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

ഇല്ലായെന്നും തന്റെ കുഞ്ഞുങ്ങൾക്ക് അസുഖം വരുന്ന സമയത്ത് എങ്ങനെ അവരെ പരിചരിക്കുമോ അതുപോലെയാണ് തന്റെ മുന്നിലെത്തുന്ന ഓരോ കുഞ്ഞുങ്ങളേയും നോക്കുക. ഏറ്റവും വലിയ ആനന്ദം ആദ്യകാലത്ത് ചികിത്സിച്ച കുട്ടികൾ അവരുടെ മക്കളുമായി തന്നെ കാണാനെത്തുന്ന നിമിഷങ്ങൾ ഏറെ കൗതുകത്തോടെയാണ് നോക്കി കാണുന്നതെന്ന് ഡോ. സിന്ധു പിള്ള പറയുന്നു. ഗർഭാവസ്ഥ മുതൽ ജനിച്ച് പതിനെട്ട് വയസുവരെയുള്ള ബന്ധം ഒരു അമ്മ-മക്കൾ ബന്ധമായി തന്നെ വളർത്തിയെടുക്കാറുണ്ട്.

തിങ്കൾ മുതൽ വെള്ളിവരെ ദീർഘമായ പ്രാക്ടീസ്, കുട്ടികളുമായി കൂടുതൽ അടുക്കുവാനും അവരുടെ മാനസിക പ്രശ്നങ്ങളേയും മറ്റും അടുത്തറിയുവാനും ഡോക്ടർ എന്ന നിലയിൽ സാധിക്കുന്നുണ്ട്. ഫിസിഷ്യൻ അസിസ്റ്റന്റായി രണ്ട് പേരും, സ്ഥാപനം തുടങ്ങിയ സമയത്ത് ഒപ്പം ഉണ്ടായിരുന്ന സീനിയർ നഴ്സും ഓഫീസ് മാനേജരും ഇപ്പോഴും ഒപ്പം ഉണ്ടെന്ന് പറയുമ്പോൾ സഹപ്രവർത്തകരോടുള്ള ഡോ. സിന്ധു പിള്ളയുടെ സമീപനവും കരുതലും നമുക്ക് തിരിച്ചറിയുവാൻ പറ്റും. ഇപ്പോൾ പതിനഞ്ചോളം സ്റ്റാഫുകൾ ഒപ്പം പ്രവർത്തിക്കുന്നുണ്ട്. എല്ലാ അമ്മമാരിലും നല്ലൊരു ഡോക്ടർ പ്രവർത്തിക്കുന്നുണ്ട് എന്നതാണ് തന്റെ സങ്കല്പം. ഓരോ സമയവും കുട്ടികളേയും കുട്ടികളുടെ മാറ്റങ്ങൾ, അവർക്കുണ്ടാകുന്ന അസുഖങ്ങൾ എന്നിവയെക്കുറിച്ച് പഠിച്ചു കൊണ്ടിരിക്കുകയുമാണ് ഒരു പീഡിയാട്രീഷന്റെ കടമ. കുട്ടികളുടെ രോഗം മാറുമ്പോൾ അവരുടെ മാതാപിതാക്കൾക്ക് ലഭിക്കുന്ന സന്തോഷത്തേക്കാൾ സന്തോഷം ലഭിക്കുക തനിക്കാണെന്ന് ഡോ. സിന്ധു പിള്ള പറയുന്നു. അതാണ് പ്രൊഫഷണൽ ജീവിതത്തിലെ സന്തോഷങ്ങളിൽ ഏറ്റവും പ്രധാനം.

## ഫോമയിൽ നിന്ന് എ.കെ.എം.ജി പ്രസിഡന്റ് പദത്തിലേക്ക്

ഡോ. സിന്ധു പിള്ളയ്ക്ക് സംഘടനാ പ്രവർത്തനവും സാമൂഹ്യ പ്രവർത്തനവും നന്മയുടേത് മാത്രമാണ്. അവിടെ അധികാരത്തിന് യാതൊരു സ്ഥാനവും അവർ കൽപ്പിക്കുന്നില്ല. 2018-ൽ ഫോമയുടെ വനിതാ പ്രതിനിധിയായി പ്രവർത്തിച്ച കാലഘട്ടത്തിലാണ് കേരളത്തിൽ പ്രളയം ഉണ്ടാകുന്നത്. ഏറ്റവും കൂടുതൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും സാധിച്ചു. കൂടാതെ ഫോമയുടെ നേഴ്സിംഗ് സ്കോളർഷിപ്പ് പ്രോഗ്രാം കൂടുതൽ കുട്ടികളിലേക്ക് എത്തിക്കുവാനും സാധിച്ചു. അധികാരം ജനങ്ങളുടെ ഔദാര്യമാണ്. ജനങ്ങളോട് പ്രതിബദ്ധത ഉള്ളവരായി വേണം സംഘടനാ നേതാക്കൾ പ്രവർത്തിക്കേണ്ടത്. ഇതാണ് ഡോ. സിന്ധു പിള്ളയുടെ നയം. ഫോമയിൽ നിന്ന് അമേരിക്കയിലെയും, കാനഡയിലേയും നാലായിരത്തിലധികം വരുന്ന ഡോക്ടർമാരുടെ സംഘടനയായ എ.കെ.എം.ജിയുടെ 2023-2024 കാലയളവിലെ പ്രസിഡന്റായി നിയമിതയാകുമ്പോൾ കാലം കാത്തുവെച്ച പദവിയായി അതിനെ വിലയിരുത്താം. കാരണം ഡോ. സിന്ധു പിള്ള ഏർപ്പെട്ട മേഖലകൾ എല്ലാം വിജയത്തിന്റേതായിരുന്നു. അതുകൊണ്ട് മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു പ്രവർത്തന കാലഘട്ടമാകും എ.കെ.എം.ജിയുടെ ഇപ്പോഴത്തെ പ്രവർത്തന കാലയളവ്. 1999-ലാണ് ഡോ. സിന്ധു പിള്ള അംഗത്വമെടുക്കുന്നത്. ഡോ. രാധാ മേനോൻ പ്രസിഡന്റ് ആയിരിക്കെ കാലിഫോർണിയായിൽ എ.കെ.എം.ജി കൺവൻഷൻ നടക്കുന്ന സമയത്ത് കൾച്ചറൽ എന്റർടെയ്ൻമെന്റ് ചെയർപേഴ്സണായി പ്രവർത്തിച്ചത് ഡോ. സിന്ധു പിള്ള ആയിരുന്നു. ആതുരസേവന രംഗത്ത് മാത്രമല്ല കലാ, സാഹിത്യ, സാംസ്കാരിക മേഖലയിലും ഡോക്ടർമാർ ഒട്ടും പിറകോട്ടല്ല എന്ന് തെളിയിക്കുവാനും എ.കെ.എം.ജിക്ക് സാധിച്ചു. അലാസ്ക ക്രൂയിസ് കൺവർഷനിലും, ഹവായിയിലും, ഡിട്രോയിറ്റിലും നടന്ന കൺവൻഷന്റേയും നിറസാന്നിദ്ധ്യമായിരുന്നു ഡോ. സിന്ധു പിള്ള. 2020-ൽ എ.കെ.എം.ജിയുടെ ബോർഡ് ഓഫ് ഗവേർണൻസ് സ്ഥാനത്തേക്ക് നിയമിതയായി. കൂടാതെ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ, ട്രഷറർ, വൈസ് പ്രസിഡന്റ് തുടങ്ങി പദവികളിലും തിളങ്ങിയ ശേഷമാണ് ഇപ്പോൾ സംഘടനയുടെ പ്രസിഡന്റായി എ.കെ.എം.ജി നേതൃത്വം ഏറ്റെടുത്തത്. കൂടുതലായി പ്രവർത്തിക്കുവാൻ കിട്ടിയ സമയം ഒരു സമയത്തും പാഴാക്കിയില്ല. നിരവധി ഡോക്ടർമാരെ കൂടി സംഘടേനയുടെ ഭാഗമാക്കി പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും സംഘടനയ്ക്കൊപ്പം നിൽക്കുന്നു. പ്രവർത്തിക്കുന്നു. ഓരോ നിമിഷവും കർമ്മ നിരതയാകുന്നു.

## എ.കെ.എം.ജി പ്രസിഡന്റ്; ഉത്തരവാദിത്വത്തിന്റെ അടയാളം

നേതൃത്വമെന്നത് നിർവചിക്കാൻ പ്രയാസമുള്ള ഒന്നാണ്. കാരണം ഒരു നേതൃത്വത്തിന്റെ പിന്നിൽ നിരവധി ആളുകളെ എത്തിക്കുവാൻ സാധിച്ചാൽ ആ നേതൃത്വം അത്രമേൽ മികച്ചതാവും. ഡോ. സിന്ധു പിള്ളയുടെ നേതൃത്വത്തിൽ എ.കെ.എം.ജി അതിന്റെ ജൈത്രയാത്ര തുടരുമ്പോൾ നിരവധി കർമ്മപരിപാടികളാണ് നടന്നതും ഇനി നടക്കുവാനുള്ളതും. മുൻ ഭരണസമിതി തുടങ്ങിവെച്ച പദ്ധതികൾ പൂർത്തീകരിക്കും. ഇന്റർനാഷണൽ സ്റ്റുഡൻസിന് മെമ്പർഷിപ്പ് പ്രോഗ്രാം നടത്തുക, ഓൺലൈൻ ട്രയിനിംഗ് പ്രോഗ്രാമുകൾ നടത്തുക, നാട്ടിൽനിന്ന് മെഡിസിൻ പഠനം പൂർത്തിയാക്കിയവർക്ക് അമേരിക്കയിൽ റസിഡൻസി ചെയ്യുവാനുള്ള സഹായം നൽകുക, അതിനായി വിദഗ്ദ്ധ ഉപദേശം നൽകുന്നതോടൊപ്പം എ.കെ.എം.ജി ഹ്യുമാനിറ്റേറിയൻ സർവ്വീസ് എന്ന പേരിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഒരു സർവീസ് വിംഗും സജ്ജമാണ്. കോവിഡ് കാലത്ത് രണ്ട് ലക്ഷം ഡോളറിന്റെ പദ്ധതികൾ നടപ്പിലാക്കി. പൾസ് ഓക്സി മീറ്ററുകൾ, മാസ്ക്കുകൾ കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ എത്തിച്ചു നൽകി. ഡോക്ടർമാരുടെ കലാപരമായ കഴിവുകൾ പ്രകടപ്പിക്കുവാൻ വേദികൾ ഒരുക്കുന്നതിന്റെ ഭാഗമായി നിരവധി പ്രോഗാമുകൾ സംഘടിപ്പിച്ചു. വേദമിത്രയുടെ വയലിൻ പ്രോഗ്രാം, ഡോ. ജാനകിയുടെ വെർചൽ ഡാൻസ് പ്രോഗ്രാം, എ.കെ.എം.ജി വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിമൻസ് ഹെൽത്ത് അവയർനെസ് പ്രോഗ്രാം തുടങ്ങി നിരവധി പരിപാടികളാണ് സംഘടിപ്പിക്കുന്നത്. റീജിയണൽ കാൻസർ റിസേർച്ച് സെന്ററുമായി ചേർന്ന് ഒരു പ്രോഗ്രാമും മനസ്സിലുണ്ട്.

## എ.കെ.എം.ജി കൺവൻഷൻ

അമേരിക്കയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഡോക്ടർമാർ പങ്കെടുക്കുന്ന ഏറ്റവും വലിയ കൺവൻഷൻ ഇത്തവണ സാന്റിയാഗോയിൽ നടക്കും. ഹിൽട്ടൺ ബേഫ്രണ്ടിൽ നടക്കുന്ന കൺവൻഷന്റെ രജിസ്ട്രേഷൻ തുടങ്ങിക്കഴിഞ്ഞു. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയിൽ ബോട്ട് ട്രിപ്പ്, യുവജനങ്ങൾക്ക് വിദ്യാഭ്യാസ പരിപാടികൾ, ഡോക്ടർമാരുടെ ഡാൻസ്, നാടകം, സ്കിറ്റ്, ഗാനമേള തുടങ്ങി നിരവധി വിഭവങ്ങളാണ് കൺവൻഷനിൽ ഒരുങ്ങുന്നത്.

## നൃത്തം, കല, സൗഹൃദം

തിരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിൽ എപ്പോഴും ഒരു മാറ്റം ആരും ആഗ്രഹിക്കും. ഡോ. സിന്ധു പിള്ളയും അതിൽ നിന്നും വ്യത്യസ്തയല്ല. പക്ഷേ ഡോക്ടർ ഇക്കാര്യത്തിൽ ചെറുപ്പകാലം മുതൽക്കേ മുൻപന്തിയിലാണ്. സ്കൂൾ കാലം മുതൽ തുടങ്ങിയ നൃത്ത പഠനം എത്തി നിൽക്കുന്നത് പ്രശസ്ത നർത്തകി ഗോപികാ വർമ്മയുടെ കീഴിലാണ്. 2024 ജനുവരി 28-ന് ബാംഗ്ലൂരിൽ ഒരു നൃത്തപരിപാടിയും നടത്തുവാൻ സാധിച്ച ഡോ. സിന്ധു പിള്ള നിരവധി വേദികളിൽ നൃത്തസാന്നിദ്ധ്യമാണ്. നമുക്ക് എന്തിനോടും ആഭിമുഖ്യം ഉണ്ടായാൽ മാത്രം മതി. അവയെ നമുക്ക് സ്വായത്തമാക്കാം എന്നതാണ് ഡോ. സിന്ധു പിള്ളയുടെ പോളിസി. നൃത്തം, ശാസ്ത്രീയ സംഗീതം, മോഹിനിയാട്ടം എന്നിവ പഠിക്കുവാൻ സമയം കണ്ടെത്തുന്നു. ഗോപികാ വർമ്മ സംഘടിപ്പിച്ച 'ഭാഗവതം വർക്ക് ഷോപ്പിൽ' 90 ശിഷ്യർക്കൊപ്പം ഡോ. സിന്ധു പിള്ള പങ്കെടുത്തിരുന്നു. സ്മിത ആൽവ്സിന്റെ കീഴിൽ രണ്ട് വർഷമായി കഥകും അഭ്യസിക്കുന്നു. ബോളിവുഡ് ഡാൻസ് മാസ്റ്ററായ നകുൽ ദേവിന്റെയും ശിഷ്യയാണ് ഡോ. സിന്ധു പിള്ള. 20 സ്ത്രീകൾ അടങ്ങുന്ന ഒരു ഡാൻസ് ടീമും കഴിഞ്ഞ നാല് വർഷമായി നിരവധി വേദികളിൽ നൃത്ത പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്.

സൗഹൃദത്തിനും ഏറെ പ്രാധാന്യം നൽകുന്ന ഡോ. സിന്ധു പിള്ള പത്താംക്ലാസ് മുതലുള്ള വാട്സ് ആപ് ഗ്രൂപ്പുകളിലും സജീവമാണ്. നൊസ്റ്റാൾജിയ സെന്റ് മൈക്കിൾസ് ഫേസ്ബുക്ക് ഗ്രൂപ്പും സജീവമാകുമ്പോൾ പഴയകാല സൗഹൃദങ്ങൾ ഓരോ വ്യക്തികളേയും കൂടുതൽ ചെറുപ്പമാക്കുമെന്ന് ഡോക്ടർ അഭിപ്രായപ്പെടുന്നു.

## പുരസ്കാരങ്ങൾ

നേട്ടങ്ങളും ആദരവുകളും ഓരോ വ്യക്തിയുടെയും കഴിവുകൾക്കുള്ള അംഗീകാരങ്ങളാണ്. ഒന്നാം ക്ലാസ് മുതൽ പഠനത്തിനും, പാഠ്യേതര വിഷയങ്ങൾക്കും ലഭിച്ച പുരസ്കാരങ്ങൾ, എസ്.എസ്.എൽ.സിക്ക് സംസ്ഥാനത്ത് പതിനൊന്നാം റാങ്ക്, പ്രീഡിഗ്രി, എം.ബി.ബി.എസ്സിനും ഒന്നാം റാങ്ക്, അമേരിക്കൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ എജ്യുക്കേഷൻ അവാർഡ്, ഫോമയുടെ പുരസ്കാരം, ഡിപ്പാർട്ട്മെന്റ് ചെയർ അംഗീകാരം തുടങ്ങി നിരവധി പുരസ്കാരങ്ങളാണ് ഡോ. സിന്ധു പിള്ളയെ തേടിയെത്തിയിട്ടുള്ളത്. സ്ഥിരോത്സാഹത്തിനും, ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കുമുള്ള അംഗീകാരങ്ങളാണ് അവയെല്ലാം.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

നിരവധി സംഘടനകളുടെ ഭാഗമാകുമ്പോഴും സഹജീവികളെ കരുതുക, അവർക്ക് തണലാവുക എന്നത് ഡോ. സിന്ധു പിള്ളയുടെ പ്രവർത്തനരീതിയാണ്. സംഘടനകൾ വഴി നൽകുന്ന സഹായങ്ങൾക്ക് പുറമെ നിരവധി ജീവകാര്യണ്യ പ്രവർത്തനങ്ങൾക്കും ഡോ. സിന്ധു പിള്ള നേതൃത്വം നൽകുന്നുണ്ട്. പ്രൊഫഷണൽ മെഡിസിന് പഠിക്കുന്ന ഒരു കുട്ടിക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്, ആലപ്പുഴ മെഡിക്കൽ കോളേജിൽ പീഡിയാട്രിക് വാർഡിലേക്ക്, സൈക്യാട്രി വിഭാഗത്തിലും ചില ചാരിറ്റി പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. അങ്ങനെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഡോ. സിന്ധു പിള്ള നേതൃത്വം നൽകുമ്പോൾ ഓർക്കേണ്ട ഒരു കാര്യം സദാ കർമ്മ നിരതയായ ഒരു ഡോക്ടർ നമ്മുടെ മുൻപിൽ വേറെയുണ്ടാകുമോ എന്ന് സംശയമാണ്.

## കുടുംബം, സമ്പത്ത്

അച്ഛന്റെയും അമ്മയുടെയും കരുതലിൽ വളർന്ന ഡോ. സിന്ധു പിള്ളയുടെ ഒരു സങ്കടം പിതാവിന്റെ വിയോഗമാണ്. എങ്കിലും തന്റെ പ്രവർത്തനങ്ങൾക്ക് കൂട്ടായി അമ്മ ഇപ്പോഴും ഒപ്പമുണ്ട്. അമ്മയാണ് തന്റെ ഏറ്റവും വലിയ ശക്തി. ഒപ്പം പിന്തുണയുമായി മൂത്ത മകൻ വിനായക് (ബയോ മെഡിക്കൽ എഞ്ചിനീയർ, വിവാഹിതനായി ഓസ്റ്റണിൽ താമസം), ഇളയ മകൻ വിശാൽ ന്യൂയോർക്കിൽ കെമിക്കൽ എഞ്ചിനീയർ. കൂടാതെ ഏക സഹോദരി രശ്മി (സൗദി)യും ഒപ്പമുണ്ട്.

ഡോ. സിന്ധു പിള്ള ഒരു മാതൃകയാണ്. അവർ കൈവെക്കാത്ത ഒരു മേഖലയും ഇല്ല എന്നു തന്നെ പറയാം. വളർന്നു വരുന്ന ഒരോ യുവസമൂഹത്തിനും ചൂണ്ടിക്കാണിക്കാവുന്ന വലിയ മാതൃക. തൊട്ടതെല്ലാം പൊന്നാക്കി കാണിച്ച വ്യക്തിത്വം. ഡോ. സിന്ധു പിള്ളയുടെ വഴിത്താരയിൽ ഇനിയും നന്മയുടെ പൂക്കൾ വിരിയട്ടെ... പ്രാർത്ഥനകൾ








© Kerala Express

# ജാക്സൺ ഹൈറ്റ്സ് സെ. മേരീസ് സൺഡേസ്കൂൾ ശിശുദിനം ആഘോഷിച്ചു

ജാക്സൺ ഹൈറ്റ്സ്: ദൈവിക വചനം ജഡം ധരിച്ച് ഭൂമിയെ സ്പർശിച്ച യേശുദേവന്റെ ജനനത്തെ തുടർന്ന് 40-ാം ദിനം (ഫെബ്രുവരി 2) യേശുവിന്റെ മാതാപിതാക്കളായ മറിയാമും യൗസേഫും കുഞ്ഞിനെ ദേവാലയത്തിൽ സമർപ്പിച്ച് ബലിയും കാഴ്ചകളും അർപ്പിച്ച ദിവസത്തെ സുറിയാനി പാരമ്പര്യമുള്ള സഭകൾ 'മായൽത്തോ' എന്നു വിളിക്കുന്നു. തുടർന്നു വരുന്ന ഞായറാഴ്ച സെന്റ് മേരീസ് ജാക്സൺ ഹൈറ്റ്സ് ഇടവക സൺഡേസ്കൂൾ ശിശുദിനമായി കൊണ്ടാടുന്നു.

ഈ വർഷത്തെ വിശിഷ്ടാതിഥി ഓർത്തഡോക്സ് യംഗ് വിമൻ മുൻ സെക്രട്ടറി ഡോ. സോഫി വിൽസൺ ആയിരുന്നു.




ദേവാലയത്തിൽ സമർപ്പിക്കപ്പെട്ട യേശുപൈതലിനെ കാണുവാൻ ബദ്ധപ്പെട്ട് ഓടിയെത്തിയ വൃദ്ധപ്രവാചകൻ ശിമയോനും വൃദ്ധയായ പ്രവാചകി ഹന്നായും യേശുകുഞ്ഞിനെ കണ്ട് സംതൃപ്തരാവുകയും സന്തോഷവാക്കുകൾ ചൊരിയുകയും ചെയ്തെങ്കിൽ, ആരാധനയിലൂടെ ദൈവമഹത്വം ദർശിക്കുന്ന കുഞ്ഞുങ്ങൾ തങ്ങളുടെ കുടുംബങ്ങൾക്കും സമൂഹത്തിനും സ്നേഹവും സന്തോഷവും ചൊരിയുവാൻ കടപ്പെട്ടവരാണെന്ന് മുഖ്യപ്രഭാഷണത്തിലൂടെ സോഫി വിൽസൺ കുഞ്ഞുങ്ങളെ ഓർമ്മപ്പെടുത്തി.

കഴിഞ്ഞ മൂന്നു വർഷങ്ങളായി തുടരെ ഭദ്രാസന തലത്തിൽ ക്വിസ് കോമ്പറ്റീഷനിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്ന ജാക്സൺഹൈറ്റ്സ് സൺഡേസ്കൂളിനെ എപ്പിസ്കോപ്പൽ സിനഡിൽ സംബന്ധിക്കുവാൻ ഇന്ത്യയിലേക്കു പോകുന്നതിനു മുമ്പായി ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളാവോസ് അനുമോദിച്ചിരുന്നു.



ഭദ്രാസന തലത്തിൽ സൺഡേസ്കൂളിനു ലഭ്യമായ ട്രോഫി ഇടവക വികാരി ഫാ. ജോൺ തോമസും സൺഡേസ്കൂൾ പ്രിൻസിപ്പൽ ബിജി വറുഗീസും ചേർന്ന് മെത്രാപ്പോലീത്തയിൽ നിന്നും സ്വീകരിച്ചു. സൺഡേസ്കൂളിനും ബൈബിൾ പഠനത്തിനും ഇടവകയിൽ നേതൃത്വം നല്കുന്ന ബിജി വറുഗീസ്, ശില്പാ തര്യൻ, അന്നമ്മ ഷാജി തോമസ്, അമൃതാ റോയി തുടങ്ങിയവരെ മെത്രാപ്പോലീത്ത അനുമോദിച്ചു.

ശിശുദിന ആഘോഷങ്ങൾക്ക് ഇടവക വികാരി ഫാ. ജോൺ തോമസ് അദ്ധ്യക്ഷനായിരുന്നു. കുട്ടികളുടെ വിവിധ കലാപരിപാടികൾക്ക് ശാരി സിബി ജേക്കബ്, ഷെറിൻ സോട്ടർ എന്നിവർ എംസിമാരായി നേതൃത്വം നല്കി.

## പി.ടി. തോമസ് ഫോമാ എംപയർ റീജിയൻ ആർ.വി.പി ആയി മത്സരിക്കുന്നു

ന്യൂയോർക്ക്: ഫോമായുടെ ഓഡിറ്റർ അടക്കം വിവിധ സ്ഥാനങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച പി.ടി. തോമസ് എംപയർ റീജിയൻ ആർവിപിയായി മത്സരിക്കുന്നു. ഫോമായുടെ പ്രധാനപ്പെട്ട റീജിയനുകളിലൊന്നായ എംപയർ റീജിയനിൽ പുതിയ കർമ്മപരിപാടികൾ ആവിഷ്കരിക്കാൻ ശ്രമിക്കുമെന്ന് പി.ടി. തോമസ് പറഞ്ഞു. ഒട്ടേറെ നല്ല കാര്യങ്ങൾ ഫോമാ ചെയ്യുന്നു. അവ



ശക്തിപ്പെടുത്തും. ചാരിറ്റി രംഗത്തും മികച്ച പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

പത്തനംതിട്ട ജില്ലയിലെ കീക്കൊഴൂർ സ്വദേശിയായ പി.ടി. തോമസ് മാർത്തോമ്മാ യുവജനസഖ്യത്തിലും അഖില കേരള ബാലജന സഖ്യത്തിലും സജീവമായിരുന്നു. മീററ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിലും പൊളിറ്റിക്കൽ സയൻസിലും മാസ്റ്റേഴ്സ് ബിരുദം നേടി. പതിനേഴാം വയസിൽ ഇന്ത്യൻ എയർ ഫോഴ്സിൽ ചേർന്നു. ഒമ്പതുവർഷം അവിടെ ജോലിചെയ്തു. പിന്നീടാണ് അമേരിക്കയിലേക്കുള്ള യാത്ര.

ഡൽഹിയിൽ മാർത്തോമ്മാ സഭയുടെ ബോംബെ-ഡൽഹി ഭദ്രാസനത്തിന്റെ നോർത്തേൺ സോൺ ട്രഷററായും പ്രവർത്തിച്ചു. 1983-ൽ അമേരിക്കയിലെത്തിയ ശേഷവും പഠനം തുടർന്നു. ഡ്രൂ യൂണിവേഴ്സിറ്റിയിൽ നിന്നും ഡിവിനിറ്റിയിലും ഫോർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽ വർക്കിലും ബിരുദാനന്തര ബിരുദവും നേടി. പിന്നീട് ഡൊമിനിക്കൻ കോളജിൽ നിന്ന് അക്കൗണ്ടിംഗിലും അമേരിക്കൻ പസഫിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമും പഠിച്ചു.

ന്യൂയോർക്ക് സ്റ്റേറ്റിൽ തെറാപ്പി അസിസ്റ്റന്റായി ജോലി ചെയ്തശേഷം റോക്ക്ലാൻഡ് കൗണ്ടിയിൽ ഡിപ്പാർട്ടുമെന്റ് ഓഫ് സോഷ്യൽ സർവീസിൽ ചൈൽഡ് പ്രൊട്ടക്ടീവ് സർവീസസിൽ ചേർന്നു. ഇപ്പോൾ ടാക്സ് പ്രാക്ടീഷണർ എന്ന നിലയിലും പ്രവർത്തിക്കുന്നു. അത് ഒട്ടേറെപ്പേരുടെ സാമ്പത്തിക ഉന്നമനത്തിനു വഴിയൊരുക്കി. ടാക്സ് സംബന്ധിച്ചും മറ്റുമുള്ള സെമിനാറുകളിൽ പ്രഭാഷകനാണ്.

മുഖ്യധാരാ രാഷ്ട്രീയത്തിലും തിളങ്ങിയ പി.ടി. തോമസ് ന്യൂയോർക്കിലെ തൊഴിലാളികൾക്കിടയിൽ അവരുടെ ആവശ്യങ്ങൾക്കുവേണ്ടി മുൻനിരയിൽനിന്ന് പ്രവർത്തിച്ചു. പി.ടിച്ചായൻ എന്നുപറഞ്ഞാൽ യുഎസിൽ ഒരാളേയുള്ളൂ. പി.ടി. തോമസ് എന്ന കരുത്ത്. ഏത് കൊടുങ്കാറ്റിലും ആ പേര് വിളിച്ചാൽ സഹായം ഉറപ്പ്. ഏതുപ്രശ്നങ്ങളായാലും ചങ്കുറപ്പോടെ നേരിടുമെന്നതുകൊണ്ടാണ് ആ വിശ്വാസം ലഭിച്ചത്. ന്യൂയോർക്കിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ സിവിൽ സർവീസ് എംപ്ലോയീസ് അസോസിയേഷന്റെ സി.എസ്.ഇ.എ റോക് ലാൻഡ് കൗണ്ടി ട്രഷററായും പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചു. കൗണ്ടിയിലെ തൊഴിലാളികൾക്കു വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിച്ചതാണ് ഇന്നും നിറവോടെ ഓർക്കുന്നത്.

## അമ്മയ്ക്കോ അച്ഛനോ വിദേശ പൗരത്വം; കുട്ടിക്ക് ഇന്ത്യൻ പൗരത്വം നഷ്ടമാകും

ന്യൂഡൽഹി: വിദേശ ഇന്ത്യക്കാരായ മാതാപിതാക്കളിൽ ഒരാൾ വിദേശ പൗരത്വമെടുത്താൽ അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടിക്ക് ഇന്ത്യൻ പൗരത്വമുണ്ടാകില്ലെന്ന നിയമം കർശനമാക്കി. ഇതോടെ വിദേശങ്ങളിലുള്ള പലർക്കും അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികളുടെ ഇന്ത്യൻ പൗരത്വം നഷ്ടപ്പെടും. അഞ്ച് വർഷത്തേക്കാണ് മൈനറായ കുട്ടികൾക്കു പാസ്പോർട്ട് നൽകുന്നത്.

ഈ വ്യവസ്ഥ രണ്ടാഴ്ച മുൻപാണ് കർശനമാക്കിയതെന്നാണ് ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ മുഖേന ലഭിച്ച വിവരം. ലണ്ടനിൽ സ്ഥിരതാമസക്കാരായ മലയാളി കുടുംബം ഇളയ കുട്ടിയുടെ പാസ്പോർട്ട് പുതുക്കാനെത്തിയപ്പോഴാണ് ഇക്കാര്യം അധികൃതർ അറിയിച്ചത്. കുട്ടിയുടെ മാതാവ് ഈയിടെ ബ്രിട്ടീഷ് പൗരത്വമെടുത്തിരുന്നു. ഓവർസീസ് ഇന്ത്യൻ സിറ്റിസൺ കാർഡുമുണ്ട്.

നിയമം കർശനമാക്കിയതായി വിദേശകാര്യ മന്ത്രാലയവും ശരിവെച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് പൗരത്വം സംബന്ധിച്ച നിയമങ്ങൾ കാലാകാലം പുതുക്കുന്നത്. ഇതു സംബന്ധിച്ച നോട്ടീസ് ആഭ്യന്തര മന്ത്രാലയം ഇറക്കിയിട്ടുണ്ട്.

ഇന്ത്യൻ പൗരത്വം ഉപേക്ഷിക്കാനാഗ്രഹിക്കുന്നവർ ഇക്കാര്യം അറിഞ്ഞിരിക്കണമെന്ന മുന്നറിയിപ്പോടെയാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ നോട്ടീസ്.

ഇന്ത്യൻ പൗരത്വ നിയമം (1955) 8-ാം വകുപ്പിലെ സബ് സെക്ഷൻ-1 പ്രകാരം ഇന്ത്യൻ പൗരത്വം ഉപേക്ഷിക്കുന്നവരുടെ (മാതാവോ പിതാവോ) പ്രായപൂർത്തിയാകാത്ത കുട്ടിയുടെ ഇന്ത്യൻ പൗരത്വം നഷ്ടപ്പെടുമെന്ന് ഇതിൽ വ്യക്തമാക്കി. മൈനർ പദവി തീരുന്ന മുറയ്ക്ക് നിർദിഷ്ട ഫോമിൽ ഇന്ത്യൻ പൗരത്വം തുടരാനാഗ്രഹിക്കുന്നുവെന്ന് അറിയിച്ചാൽ പൗരത്വം ലഭിക്കുമെന്നും നോട്ടീസിൽ പറയുന്നു.

അടുത്ത കാലത്ത് ഇന്ത്യൻ പൗരത്വമുപേക്ഷിക്കുന്നവരുടെ എണ്ണത്തിൽ വൻ വർധനയുണ്ടായിരുന്നു. ലക്ഷക്കണക്കിന് ഇന്ത്യക്കാരാണ് സമീപകാലത്തു പൗരത്വമുപേക്ഷിച്ചു വിദേശങ്ങളിലേക്കു കുടിയേറിയതെന്ന് വിദേശകാര്യ മന്ത്രാലയം പാർലമെന്റിൽ നൽകിയ മറുപടികളിൽ വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിലാണ് ആഭ്യന്തര മന്ത്രാലയം പൗരത്വ നിയമം കർശനമാക്കാൻ തീരുമാനിച്ചതെന്നു വിലയിരുത്തപ്പെടുന്നു.

KERALA EXPRESS പ്രവാസി താളുകൾ

# RECOGNIZING OUR ROYAL IDENTITY, POSITIONS AND ROLES

Rosamma Thomas

**Our Royal Identity: Biblical Perspective**

The multi-universes, the solar system and the earth and all human beings are created by God. He is the absolute King of Kings and Lord of Lords (Daniel 2:47; Isaiah 6:1, 32:1; 1Timothy 6:15; Revelation 17:14; 19:16; Psalms 47: 7; Psalms 95: 3-9). Since God breathed his divine breath into the nostrils of his first son Adam, he received the "image" of his creator. By nature, humans received a part of this divine royalty. Even though the original parents lost their royal privileges through disobedience and breaking the creator's mandates, God did not abandon them. He wanted to restore them and offered the same blessings by sending Jesus His son, who died on the cross to reconcile the humans with his/her creator. There is only one way to regain this divine royalty: accept Jesus as his/her personal savior and follow his commandments (Romans 10:9). The saved people are a "chosen race, a royal priesthood, a holy nation, a people for his own possession" (1 Peter 2:9). He offers "heavenly citizenship." (Philippians 3:20) to those who comply to his free offering of salvation from the sinful nature by taking an oath in his holy presence.

**Our Positions and Roles:**

1. Ambassadors representing His kingdom here on earth (2 Corinthians 5:20).

2. Letter/News Papers of Christ, for the people around us to read good reports of heavenly character in us (2 Corinthians 3:3).



Rosamma Thomas

3. In Isaiah 61: 1-4, the writer describes a few spiritual positions and roles of the forthcoming Savior Jesus Christ, who is still in charge. His disciples shall recognize this also. The titles are:

* Soul doctors/surgeons to bind the broken-hearted.

* Righteous Judges proclaim liberty to the captives chained by sin and hopelessness.

* Messengers to proclaim Goodnews (Gospel) and to remind the forthcoming vengeance of the Lord (eternal punishment).

* Comforters to those who cry, mourn, and seek peace.

* Engineers and Repairers: to repair the ancient ruins, design and build broken families, broken society as per God's instructions.

* Rescuers/ Fire fighters: saving people from eternal fire, pulling them out with love and prayer (Jude 1: 23).

* Salt and Light: Jesus commanded, "You are the salt of the earth; you are the light of the world" (Mathew 5: 13, 14).

Many verses in the Bible highlights the royal positions and duties associated with them.There are scriptural offices of the church members described in the NT: apostles, prophets, teachers, deacons, elders, shepherds, evangelists etc. Our dear heavenly Father is waiting for us to search and find our own gifts and talents, missions and responsibilities entrusted in us. We may think that no one appointed us officially in a church or in society to perform heavenly duties. God has blessed his children to share his royalty. Let us be aware of our positions and roles appointed by Him.

# പോപ്പുലർ മിഷൻ ധ്യാനം നടത്തുന്നു

ജോർജുകുട്ടി അമ്പാട്ട്

ചിക്കാഗോ: ബെൽവുഡിലുള്ള മാർ തോമാ ശ്ലീഹാ സീറോമലബാർ കത്തീഡ്രൽ ഇടവകയുടെ ആഭിമുഖ്യത്തിൽ മാർച്ച് 14 മുതൽ 17 വരെ പോപ്പുലർ മിഷൻ ധ്യാനം നടത്തപ്പെടുന്നതാണെന്ന് വികാരി ഫാ. തോമസ് കടുകപ്പിള്ളി അറിയിച്ചു. ഈ ധ്യാനം ദേവാലയത്തിലല്ല നടത്തുന്നത്, മറിച്ച് ഇടവകയിലെ 13 വാർഡുകളെ എട്ട് ഗ്രൂപ്പുകളായി തിരിച്ച് പ്രത്യേകം തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടത്തുന്നു. മുതിർന്നവർക്കും കുട്ടികൾക്കും പ്രത്യേകം ധ്യാനം ഉണ്ടായിരിക്കുന്നതാണ്. 14-ന് വ്യാഴാഴ്ച മുതൽ തുടങ്ങുന്ന മൂന്നു ദിവസത്തെ ധ്യാനത്തിനുശേഷം ഞായറാഴ്ചത്തെ ധ്യാനത്തിനായി എല്ലാവരും കത്തീഡ്രൽ ദേവാലയത്തിൽ ഒത്തുചേരുന്നു. 'ജനങ്ങൾക്കു വേണ്ടി' എന്ന അർത്ഥത്തിൽ പ്രചാരത്തിലുള്ള ഈ ധ്യാനത്തിന് പ്രത്യേകതകൾ ഏറെയാണ്. പേരിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് ഈ ധ്യാനം അതിന്റ ലാളിത്യത്തിനും കാര്യക്ഷമതയ്ക്കും വിശ്വാസികളെ യേശുവിലേക്ക് നയിക്കുന്നതിനും ഇടവക സമൂഹത്തിൽ ആഴത്തിലുള്ള ബന്ധം വളർത്തിയെടുക്കുന്നതിനുള്ള സജീവമായ ഇടപെടലിനും പ്രാധാന്യം നല്കുന്നു.

1980 മുതൽ കേരളസഭയിൽ വിശ്വാസ നവീകരണത്തിന്റെ കാര്യത്തിൽ വിൻസൻഷ്യൻ അച്ചന്മാർ നയിക്കുന്ന പോപ്പുലർ മിഷൻ ധ്യാനങ്ങൾ ഒരു വഴിത്തിരിവായി മാറി. ഒരു സ്ഥലത്ത് വിശ്വാസ പ്രഘോഷണമെന്ന പാരമ്പര്യ രീതിക്ക് വ്യത്യസ്തമായി വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന പ്രബോധനങ്ങളിലൂടെ വ്യാപകമായ പങ്കാളിത്തം ഉറപ്പാക്കുന്നു.

ശക്തമായ പ്രഭാഷണങ്ങളിൽ മാത്രം ഒതുങ്ങാതെ രോഗശാന്തിക്കും അനുരഞ്ജനത്തിനുമായി ഭവനസന്ദർശനങ്ങൾ (ഭവനസന്ദർശനം), ആത്മീയ ഉണർവ് നല്കുന്ന സംഗീതവും ആരാധനയും (ഗാനശുശ്രൂഷ), മരണത്തെയും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ധ്യാനം (മരണാനുഭവ ധ്യാനം), കുമ്പസാര ഒരുക്കം (അനുതാപ ശുശ്രൂഷ), മാമ്മോദീസാ പുതുക്കൽ (തിരി ശുശ്രൂഷ, മാമ്മോദീസാ വ്രതനവീകരണം), വിവാഹ ഉടമ്പടി നവീകരണം (വിവാഹ വ്രതനവീകരണം), അനുരഞ്ജനത്തിന്റെ കൂദാശയുടെ ആഘോഷം (കുമ്പസാരം), ആഘോഷമായ വിശുദ്ധ കുർബാന, ആരാധന (ദിവ്യകാരുണ്യ ആരാധന), അഗാപ്പെ (സ്നേഹവിരുന്ന്) തുടങ്ങിയ വൈവിദ്ധ്യമാർന്ന ശുശ്രൂഷകൾ കാഴ്ചവെക്കുന്നു.

നാല് ദിവസത്തെ ആത്മീയ പോഷണം വിശ്വാസം പ്രഘോഷിക്കുന്ന ഒരു ഘോഷയാത്രയിൽ (പരിഹാര പ്രദക്ഷിണം) അവസാനിക്കുന്നു. ഇത് സമൂഹത്തിനുള്ളിലെ വിശ്വാസത്തിന്റെ പരിവർത്തനാത്മക യാത്രയുടെ വിശ്വാസ സാക്ഷ്യമായി വർത്തിക്കുന്നു.

വിൻസൻഷ്യൻ അച്ചന്മാരാണ് ഈ ധ്യാനത്തിനു നേതൃത്വം നല്കുന്നത്. ലാലിച്ചൻ ആലുംപറമ്പിൽ ഈ ധ്യാനത്തിന്റെ ജനറൽ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു. ധ്യാനത്തിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികളും പ്രത്യേക നിയോഗപ്രാർത്ഥനയും നടത്തിവരുന്നു.

# അഭിമാനം മൂത്ത് കൊലപാതകം

എൽസി ബേബി

സ്വന്തം സഹോദരി ഇതര സമുദായത്തിലുള്ള പുരുഷനെ പ്രേമിച്ച് വിവാഹിതയാകാൻ തീരുമാനിച്ചതറിഞ്ഞ് സഹോദരൻ കാമുകനേയും സഹോദരിയേയും കഴുത്തറുത്തു കൊന്ന വാർത്ത കേട്ടപ്പോൾ അതിശയത്തേക്കാളേറെ ദുഃഖമാണുണ്ടായത്. അഭിമാനം തലയ്ക്കു പിടിച്ചപ്പോൾ മനസ്സ് മരവിച്ച്, ഹൃദയം കഠിനമായി കൊലപാതകത്തിൽ അവസാനിക്കുന്ന സംഭവം ഇന്നു സമൂഹത്തിൽ നിരവധിയായി കേൾക്കാറുണ്ട്. മാതാപിതാക്കൾ മക്കളെയും മക്കൾ മാതാപിതാക്കളെയും ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും കൊല്ലുന്നു. മനുഷ്യൻ മൃഗത്തേക്കാൾ അധമന്മാരായിത്തീരുന്ന എത്രയെത്ര സംഭവങ്ങളാണ് സമൂഹത്തിലും നമ്മുടെയൊക്കെ ഭവനങ്ങളിലും നടക്കുന്നത്?

മേൽപ്പറഞ്ഞ സംഭവത്തിൽ അഭിമാനം മൂത്തപ്പോൾ സ്വന്തം സഹോദരിയോടുള്ള സ്നേഹം പകയായി മാറി. പക മനസ്സിനെ മരവിപ്പിച്ചപ്പോൾ ഹൃദയം കഠിനമായി. പിന്നീട് ചെയ്തതൊക്കെ അബോധാവസ്ഥയിലെന്നോണമായിരുന്നു. എന്താണ് സംഭവിച്ചത്? പിശാച് അഭിമാനം എന്ന മുഖംമൂടി പിടിച്ച് ആ മനുഷ്യനെ വഞ്ചിച്ച് ഒരു കൊലപാതകിയാക്കി. ഇനി അയാളും കുടുംബവും അനുഭവിക്കാൻ പോകുന്ന തിക്തഫലം ഊഹിക്കാമല്ലോ.

പിശാച് വഞ്ചകനും ഭോഷ്ക് പറയുന്നവനും കൊലപാതകിയുമാകുന്നു. പൈശാചിക പ്രവൃത്തികളെല്ലാം അനീതി നിറഞ്ഞതും അക്രമങ്ങളും അധർമ്മങ്ങളും അതിക്രമങ്ങളുമായിരിക്കും. നന്മകളെ തിന്മകളാക്കി അകൃത്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ശക്തിയാണ് പൈശാചികശക്തി. സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ദൈവസൃഷ്ടിയായ മനുഷ്യനെ ദൈവകല്പന ലംഘിച്ച് ആത്മികമരണം വരുത്തിയ വഞ്ചകനാകുന്നു പിശാച്. കായേനും ആബേലും തമ്മിൽ ശത്രുക്കളായി. കായിൻ സ്വന്തം സഹോദരനെ നിർദ്ദയം കൊന്ന് കൊലപാതകനായി ദൈവസന്നിധി വിട്ട് ഓടിപ്പോകേണ്ടി വന്നത് സാത്താന്റെ വിഷവിത്താകുന്ന പകമൂലമല്ലേ? ഇന്നും സാത്താന്റെ വഞ്ചന പൂർവ്വാധികം ശക്തിയോടെ തുടരുന്നു എന്നുമാത്രം. ദൈവഭയമില്ലാതെ ലൗകിക ഭൗതിക നന്മകളിൽ മാത്രം ലയിച്ചു ജീവിക്കുന്നവരുടെ മനസ്സുകളെ മരവിപ്പിച്ച് ഹൃദയം കഠിനമാക്കി ഏതു ഹീനകൃത്യങ്ങളും പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്ന സാത്താന്റെ തന്ത്രങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ദൈവത്തെ ആരാധിക്കുകയും തിരുവചനം വായിച്ചും പഠിച്ചും ധ്യാനിച്ചും നന്മതിന്മകളെക്കുറിച്ചുള്ള അറിവ് പ്രാപിക്കുന്ന ഭവനങ്ങളിൽ ഇങ്ങനെയുള്ള പൈശാചിക പ്രവൃത്തികൾക്ക് സ്ഥാനം കാണുകയില്ല. തിന്മകളിൽ ഹരം കണ്ടെത്തുക എന്നത് സ്വാഭാവികമാകുന്നു. എന്നാൽ, അതിന്റെ ഭവിഷ്യത്തുകളുടെ ഘോരത്വം എത്രയോ ഭ



ലേഖിക

യാനകമാകുന്നു എന്ന അറിവാകുന്നു തിന്മകളെ വെറുക്കുന്നതിനുള്ള ഉപാധി. ചെറുപ്രായത്തിൽ കുഞ്ഞുങ്ങൾ കാണിക്കുന്ന തെറ്റുകളെ ശാസിച്ചും ശിക്ഷിച്ചും തിരുത്തി നന്മകൾ ചെയ്യുവാൻ അഭ്യസിപ്പിക്കേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്. പ്രായമാകുന്തോറും കുഞ്ഞുങ്ങൾക്ക് നല്ല വേദോപദേശങ്ങൾ നല്കി ദൈവവഴിയിൽ നടത്തുവാൻ പ്രാപ്തരായ വേദോപദേശകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരിക്കണം. ഈ ഭൂമി മുഴുവൻ പിശാചിന്റെ അധീനതയിലാകുന്നു. നന്മയെ തിന്മയെന്നും ഏത് അകൃത്യങ്ങൾ ചെയ്താലും സാരമില്ല എന്ന ചതിവായ ഉപദേശങ്ങളും നല്കി മനുഷ്യരെ വഴിതെറ്റിക്കുന്ന പൈശാചിക പ്രവൃത്തികൾക്കെതിരെ പോരാടേണ്ടിയിരിക്കുന്നു.

ഇന്ന് ലോകം ഭൗതിക, ലൗകിക നന്മകളുടെയും ധനസമ്പാദനത്തിനുള്ള ആർത്തിയുടെയും പിറകെ ഓടുമ്പോൾ നഷ്ടമാകുന്നത് നന്മകളാകുന്നു എന്ന് പലരും മനസ്സിലാക്കാറില്ല. സന്തുഷ്ട കുടുംബജീവിതത്തിന് വേണ്ടത് ശരിയായ, ശക്തിയേറിയ അടിസ്ഥാനമാകുന്ന വിവാഹബന്ധമാകുന്നു. ദൈവത്താൽ കൂട്ടിയോജിപ്പിക്കുന്ന വിവാഹം, സ്നേഹത്താൽ ബന്ധിക്കപ്പെട്ട ശക്തിയേറിയ ഭാര്യാഭർത്തൃബന്ധം. ദൈവം ദാനമായി നല്കുന്ന മക്കളെ സന്തോഷത്തോടെ വാങ്ങി ദൈവത്തിനായി വളർത്തുന്ന മാതാപിതാക്കൾ. മാതാപിതാക്കളെ അനുസരിച്ചും ആദരിച്ചും സ്നേഹിച്ചും വളരുന്ന മക്കൾ. ഈ സംവിധാനത്തിനു കളങ്കം പറ്റിയിരിക്കുകയല്ലേ? ഇന്ന് ഇപ്രകാരമുള്ള സന്തുഷ്ട കുടുംബങ്ങൾ കാണാനുണ്ടോ? ഇന്ന് എവിടെ നോക്കിയാലും സമ്പത്ത് വർദ്ധിച്ച് വലിയ വീടുകൾ, കാറുകൾ, ഉന്നതഉദ്യോഗങ്ങൾ, ആഡംബരങ്ങൾ, ആർഭാടങ്ങൾ എല്ലാം ഉണ്ട്. പക്ഷേ, സംതൃപ്തിയോ അന്യോന്യമുള്ള സ്നേഹമോ കൂട്ടായ്മകളോ ഇല്ലാതെ തകർന്ന കുടുംബജീവിതം, തകർക്കപ്പെട്ട് വലിച്ചെറിയുന്ന വിവാഹബന്ധങ്ങൾ. വക്രതയും കോട്ടവും അധർമ്മങ്ങളും അകൃത്യങ്ങളും നിറഞ്ഞ സമൂഹം! ഭരണാധികാരികൾ മുതൽ മതാദ്ധ്യക്ഷന്മാർ വരെ അനീതിയും അധർമ്മങ്ങളും പ്രവർത്തിച്ച് സ്വാർത്ഥ തല്പരരായി ജീവിക്കുന്നു. അരാജകത്വം, പക, പിണക്കം, തമ്മിൽത്തല്ല്, വഞ്ചനകൾ, അനീതികൾ സാമൂഹികവിരുദ്ധ പ്രവൃത്തികൾ പൂർവ്വാധികം പെരുകി മദ്യാസക്തിയിലും മയക്കുമരുന്നുകളിലും ലൈംഗികപീഡനങ്ങളിലും സംതൃപ്തിയടയുവാൻ വെമ്പൽകൊള്ളുന്ന ഒരു ലോകം!

കൊലപാതകങ്ങൾക്ക് കണക്കുണ്ടോ? കുറ്റവാളികളെ വിമുക്തരാക്കി നിരപരാധികളെ ശിക്ഷിക്കുന്ന ന്യായാധിപന്മാർ. പെൺകുട്ടികളെ കണ്ടാൽ കാമാർത്തരായി ബലാൽസംഗം ചെയ്യാൻ മടിയില്ലാത്ത നേതാക്കന്മാരും പുരുഷന്മാരും. മാതാപിതാക്കളെ അനുസരിക്കാതെ (ശേഷം 30-ാം പേജിൽ)

### അപൂർവമീ സംഗമം

# വാലന്റൈൻസ് ഡേയും വിഭൂതിബുധനും ഒരേദിവസം

ജോസ് മാളേയ്ക്കൽ

റോമൻ കത്തോലിക്കർ ഉൾപ്പെടെയുള്ള പാശ്ചാത്യ ക്രൈസ്തവർ ആകെപ്പാടെ കൺഫ്യൂഷനിലാണിപ്പോൾ. ബുധനാഴ്ച (ഫെബ്രുവരി 14) വാലന്റൈൻസ് ദിനം അടിച്ചുപൊളിച്ച് ആഘോഷിക്കണോ അതോ അനുതാപത്തിന്റെ ചാരം നെറ്റിയിൽ കുരിശാകൃതിയിൽ ചാർത്തി വിഭൂതിബുധൻ ഉപവാസത്തോടെ ഭക്തിപൂർവം ആചരിക്കണോ? റൊമാന്റിക് ഹോളിഡേ ആയ വാലന്റൈൻസ് ദിനവും വലിയനോമ്പിന്റെ തുടക്കമായി വിശുദ്ധമായി ആചരിക്കേണ്ട വിഭൂതി തിരുനാളും (ആഷ് വെനിഷ്ഡേ) 2024-ൽ ഒരേദിവസം, അതായത് ഫെബ്രുവരി 14-ന് ബുധനാഴ്ച വരുന്നു. പ്രണയം അഥവാ ആത്മാർത്ഥ സ്നേഹപ്രകടനത്തിനു ഹൃദയാകൃതിയിലുള്ള ചോക്ലേറ്റുകളും ആശംസാ കാർഡുകളും ചുവന്ന റോസാപുഷ്പങ്ങളും കൈമാറുന്നതിനായി കമിതാക്കളും യുവജനങ്ങളും നവവധൂവരന്മാരും ഉത്സാഹത്തോടെ കാത്തിരിക്കുന്ന വാലന്റൈൻസ് ദിനം. ഇഷ്ടപ്പെട്ട റെസ്റ്റോറന്റ് ഭക്ഷണം കഴിക്കുക, സമ്മാനങ്ങൾ കൈമാറുക തുടങ്ങിയവയും വാലന്റൈൻ ദിനാഘോഷത്തിന്റെ ഭാഗമാണ്.

ആഗോള ക്രൈസ്തവരുടെ ഏറ്റവും പുണ്യദിനങ്ങളായി കരുതപ്പെടുന്ന വലിയ നോമ്പിലേക്കുള്ള പ്രവേശനകവാടമായ വിഭൂതി പരമ്പരാഗതമായി എല്ലാ ക്രൈസ്തവരും ഭക്തിപൂർവം ആചരിക്കുന്ന ഒരു പുണ്യദിനമാണ്. സഭാനിയമങ്ങളും ചട്ടങ്ങളും പാലിച്ച് വിശ്വാസജീവിതം നയിക്കുന്ന 18-നും 59-നും ഇടയ്ക്കു പ്രായമുള്ള എല്ലാ കത്തോലിക്കരും മറ്റു ക്രൈസ്തവ വിശ്വാസികളും വിഭൂതിദിനത്തിൽ മാംസം ഒഴിവാക്കി ഒരുനേരം മാത്രം ഭക്ഷണം കഴിച്ച് ഉപവാസം അനുഷ്ഠിക്കുന്നു. വലിയനോമ്പിലെ വിഭൂതിബുധനും ദുഃഖവെള്ളിയും മാംസാഹാരം ഒഴിവാക്കി ഒരുനേരഭക്ഷണം മാത്രം കഴിച്ച് ഉപവസിക്കാൻ കത്തോലിക്കർ കടപ്പെട്ടിരിക്കുന്നു. വലിയനോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും മാംസാഹാരം ത്യജിക്കാൻ 14 വയസിനു മുകളിൽ രോഗാവസ്ഥയിലല്ലാത്തവർക്കും കടമയുണ്ട്.

പാശ്ചാത്യ കത്തോലിക്കർ ഇതിൽ ഏത് ആഘോഷിക്കും, ഏത് കൈവെടിയും എന്നുള്ള കൺഫ്യൂഷനിലാണ്.

വളരെ അപൂർവമായിട്ടേ വാലന്റൈൻ ദിനവും വിഭൂതിബുധനും ഒരേദിവസം വരാറുള്ളൂ. വാലന്റൈൻസ് ദിനം എല്ലാ വർഷവും ഫെബ്രുവരി 14 തന്നെ. എന്നാൽ, വിഭൂതി ഓരോ വർഷത്തെയും ഈസ്റ്ററിന്റെ തീയതിയനുസരിച്ച് മാറിമാറി വരും. 1945-ലും 73 വർഷങ്ങൾക്കുശേഷം 2018-ലും ഇവ രണ്ടും ഒരേദിവസം വന്നിരുന്നു. 2024 കഴിഞ്ഞാൽ 2029-ലും തുടർന്ന് 67 വർഷങ്ങൾക്കുശേഷം ഈ നൂറ്റാണ്ടിലെ അവസാനത്തെ അതിവർഷമായ 2096-ലെ ഫെബ്രുവരിമാസം 29-ന് ഈ രണ്ട് തിരുനാളുകളും ഒന്നിച്ചുവരും. ഫെബ്രുവരി 29-ന് വാലന്റൈൻസ് ദിനവും വിഭൂതിബുധനും ഒരേദിവസം വരുന്നത് കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ തന്നെ ആദ്യത്തെ സംഭവമാണ്. അതിനു സാക്ഷ്യം വഹിക്കാൻ ഇപ്പോഴത്തെ തലമുറയിലെ മിക്കവരുംതന്നെ ഉണ്ടാവില്ല.

പ്രണയത്തിനു പ്രാധാന്യം കല്പിക്കുന്ന ഒരു റൊമാന്റിക് തിരുനാളാഘോഷവും ആദ്ധ്യാത്മികതയ്ക്കു പ്രാധാന്യം നല്കുന്ന ഒരു റിലിജിയസ് ഫീസ്റ്റും ഒരേദിവസം വന്നാലും സീറോമലബാർ, സീറോമലങ്കര, ക്നാനായ കത്തോലിക്കർ ഉൾപ്പെടെയുള്ള പൗരസ്ത്യ ക്രൈസ്തവർക്ക് ആകുലതകളൊന്നുമില്ല. അവരെ സംബന്ധിച്ച് വലിയനോമ്പ് അമ്പതു ദിവസമാണ്. അത് ഈ വർഷം ഫെബ്രുവരി 11-ന് ഞായറാഴ്ച പേത്രുത്ത ആഘോഷത്തെ തുടർന്ന് അർദ്ധരാത്രിമുതൽ ആരംഭി-



ലേഖകൻ

ച്ചതിനാൽ വാലന്റൈനുമില്ല, പൗരസ്ത്യ ക്രൈസ്തവർ വിഭൂതി തിങ്കളാഴ്ച ആചരിക്കുന്നതിനാൽ ഞായറാഴ്ച തന്നെ 50 നോമ്പിന്റെ പേത്രുത്ത ആഘോഷിക്കും.

പൗരസ്ത്യ ക്രൈസ്തവർ പേത്രുത്ത ഞായർ മുതൽ ഈസ്റ്റർ വരെ എല്ലാ ഞായറാഴ്ചകളും ഉൾപ്പെടെ 50 ദിവസത്തെ കഠിനമായ നോമ്പാചരിക്കുമ്പോൾ പാശ്ചാത്യകത്തോലിക്കർക്ക് 40 ദിവസം മതി നോമ്പിന്. സെ. പാട്രിക് ഡേ പോലുള്ള ഏതെങ്കിലും പ്രധാന തിരുനാൾ നോമ്പിലെ വെള്ളിയാഴ്ച വന്നാൽ മാംസവർജ്ജനത്തിൽ നിന്നും ഇളവ് നല്കാനുള്ള അധികാരം പ്രാദേശിക കത്തോലിക്കാബിഷപ്പുമാർക്കുണ്ട്. ആഗോള കത്തോലിക്കാസഭ ദുഃഖവെള്ളിയും വിഭൂതിബുധനും വിശുദ്ധമായി ആചരിക്കുന്ന ദിവസങ്ങളാകയാൽ മാംസവർജ്ജനത്തിൽ നിന്നും ഉപവാസത്തിൽ നിന്നും ഒഴിവ് ലഭിക്കുകയില്ല. അമേരിക്കയിലെ കത്തോലിക്കാ മെത്രാൻ സമിതിയിലെ പല ബിഷപ്പുമാരും ഈ വർഷം വിഭൂതിബുധന് ഇളവ് ലഭിക്കുകയില്ല, വാലന്റൈൻസ് ഡേ ആഘോഷിക്കണമെന്നുള്ളവർ തലേദിവസം ഫാറ്റ് റ്റ്യൂസ്ഡേ ആഘോഷിക്കുകയായിരിക്കും നല്ലതെന്ന് തങ്ങളുടെ പരിധിയിലുള്ള വിശ്വാസികളെ അറിയിച്ചുകഴിഞ്ഞു.

പാശ്ചാത്യ കത്തോലിക്കാ ക്രമത്തിൽ 40 ദിവസത്തെ വലിയനോമ്പ് തുടങ്ങുന്ന വിഭൂതിബുധന് തൊട്ടുമുൻപു വരുന്ന ചൊവ്വാഴ്ചയെയാണ് ഫാറ്റ് റ്റ്യൂസ്ഡേ അഥവാ ഷ്രോവ് റ്റ്യൂസ്ഡേ എന്നു വിളിക്കുന്നത്. ഫ്രഞ്ച് കത്തോലിക്കരുടെ ആചാരമനുസരിച്ച് ഇത് 'മാർഡി ഗ്രാസ്' എന്നറിയപ്പെടുന്നു. ഫെബ്രുവരി 3-നും മാർച്ച് 9-നും ഇടയിലായിരിക്കും ഫാറ്റ് റ്റ്യൂസ്ഡേ വരിക.

എന്താണി ഫാറ്റ് റ്റ്യൂസ്ഡേ അഥവാ മാർഡി ഗ്രാസ് എന്ന ആഘോഷം. പൗരസ്ത്യ സുറിയാനികത്തോലിക്കരുടെ പേത്രുത്ത ആഘോഷമാണ് റോമൻ കത്തോലിക്കർ ഉൾപ്പെടെയുള്ള പാശ്ചാത്യ ക്രൈസ്തവരുടെ ഫാറ്റ് റ്റ്യൂസ്ഡേ. ജനുവരി 6-ന്റെ എപ്പിഫനി തിരുനാളിൽ തുടങ്ങി ദിവസങ്ങളോ ആഴ്ചകളോ നീണ്ടുനിൽക്കുന്ന കാർണിവൽ ആഘോഷത്തിന്റെ സമാപന ദിനമാണ് ഫാറ്റ് റ്റ്യൂസ്ഡേ. പേരെന്തായാലും എല്ലാ ആഘോഷങ്ങളുടെയും ഉദ്ദേശ്യം ഒന്നുതന്നെ.

പൗരസ്ത്യ സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസപാരമ്പര്യമനുസരിച്ച് 50 ദിവസത്തെ വലിയനോമ്പ് തുടങ്ങുന്ന തിങ്കളാഴ്ചയ്ക്കു മുൻപുവരുന്ന ഞായറാഴ്ചയാണ് (ഫെബ്രുവരി 11 ഞായറാഴ്ച) പേത്രത്താ ആയി ആഘോഷിക്കുന്നത്. പൗരസ്ത്യ സുറിയാനി ക്രിസ്ത്യാനികൾ നോമ്പിന്റെ 50 ദിനങ്ങളിലും മാംസവും മൃഗകൊഴുപ്പുകളടങ്ങിയ ഭക്ഷണങ്ങളും ഉപേക്ഷിക്കുന്നതിനാൽ അതിനുള്ള തയ്യാറെടുപ്പായി നോമ്പിൽ വിലക്കപ്പെട്ട ഈ ഭക്ഷണപദാർത്ഥങ്ങൾ വയറുനിറച്ച് കഴിച്ച് നോമ്പാചരണത്തിനു തയ്യാറെടുക്കുന്നു. കൊഴുപ്പു കൂടുതലുള്ള ഭക്ഷണ പദാർത്ഥങ്ങൾ വീട്ടിൽ സ്റ്റോക്കുള്ളതു മുഴുവൻ നോമ്പിനു മുമ്പായി കഴിച്ചു തീർക്കുകയാണ് ഫാറ്റ് റ്റ്യൂസ്ഡേ ആഘോഷത്തിലൂടെ പാശ്ചാത്യർ ലക്ഷ്യമിടുന്നത്. നോമ്പുദിനങ്ങളിൽ നാം ഇഷ്ടപ്പെട്ട എന്തൊക്കെ ഭക്ഷണ സാധനങ്ങളാണോ വർജിക്കുന്നത്, അതെല്ലാം നോമ്പിനു മുമ്പായി ഒന്നുകൂടി കഴിച്ച് ആശ തീർക്കുന്നു പേത്രത്താ-ഫാറ്റ് റ്റ്യൂസ്ഡേ ആഘോഷത്തിലൂടെ.

വ്രതാനുഷ്ഠാനങ്ങളോടെ, ഉപവാസത്തിലും പ്രാർത്ഥനയിലും തിരുവചന ധ്യാനത്തിലും കൂടുതൽ സമയം ചെലവഴിച്ചും സോഷ്യൽ മീഡിയായിൽ നിന്നും അകലം പാലിച്ചും ഇഷ്ട ഭോജ്യവും അനാവശ്യ സംസാരങ്ങളും ഒഴിവാക്കിയും ദൈവസന്നിധിയിലേക്ക് കൂടുതൽ അടുക്കുന്നതിനുള്ള അവസരമാണ് നോമ്പുകാലം എന്നുപറയുന്നത്. ശരീരത്തെയും മനസിനെയും വെടിപ്പാക്കി പുതിയൊരു മനുഷ്യനാകുക എന്നതാണ് നോമ്പുകൊണ്ട് ഉദ്ദേശിക്കുന്നത്, 'പേത്രുത്ത' എന്ന സുറിയാനി വാക്കിന്റെ അർത്ഥം തന്നെ നമ്മിലേക്കു തന്നെ തിരിഞ്ഞു നോക്കുക എന്നതാണ്.

# കൊളംബിയായിൽ വ്യഭിചാര കെണിയിൽപ്പെട്ട് അമേരിക്കൻ യുവാക്കൾ കൊല്ലപ്പെടുന്നു

കോര ചെറിയാൻ

ഫിലാഡൽഫിയാ: സാങ്കല്പിക സുഖാനുഭൂതിക്കും ഉല്ലാസ സല്ലാപത്തിനും വേണ്ടി കൊളംബിയായിലെ മെഡല്ലിൻ നഗരം ഉത്തമ ഉദ്യാനമെന്ന മൂഢപ്രതീക്ഷയിൽ എത്തിച്ചേരുന്ന അമേരിക്കയടക്കമുള്ള വിദേശ യുവാക്കളിൽ പലരുടേയും ദുരന്തമായ അന്ത്യവും യാതനകളും വിഭാവനയിലും വിദൂരതയിൽ ആയതായി വോൾസ്ട്രീറ്റ് ജേണൽ റിപ്പോർട്ടിൽ പറയുന്നു. സ്കോപോലാമിന്റെ വകഭേദമായ 'ഡെവിൾസ് ബ്രീത്ത്' എന്ന അപരനാമത്തോടെ അറിയപ്പെടുന്ന മയക്കുമരുന്നിന്റെ സുലഭമായ ലഭ്യത തീവ്രമായ നിബന്ധനകൾ ഇല്ലാത്ത മെഡല്ലിനിലേക്കു മയക്കുമരുന്ന് തല്പരരെ ആകർഷിക്കുന്നു.

2023-ലെ ആദ്യ 10 മാസത്തിനുള്ളിൽ 12 അമേരിക്കൻസും 3 ബ്രിട്ടീഷ് പൗരന്മാരും അടക്കം 32 വിദേശികൾ വേശ്യകെണിയിൽപ്പെട്ടും മയക്കുമരുന്നു ഉപയോഗിച്ചും മരിച്ചതായി മെഡല്ലിൻ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ നിരീക്ഷണ പ്രസ്താവനയിൽ പറയുന്നു.

ചൈനയിലെ ഹമോംഗ് കമ്മ്യൂണിറ്റി പ്രവർത്തകനും മിനസോട്ട സ്ഥിര വാസിയും അറിയപ്പെടുന്ന ഹാസ്യ നടനുമായ ടോഗർ സിയോംഗ് സംശയാസ്പദമായ സാഹചര്യത്തിൽ കഴിഞ്ഞ ഡിസംബർ മാസത്തിൽ മരണപ്പെട്ടു. മെഡല്ലിനിൽ എത്തിയശേഷം സിയോംഗ് ഒരു സ്ത്രീയുമായി സല്ലാപം ആരംഭിച്ച് വ്യാജ സൗഹൃദത്തിലായി. അമേരിക്കയിലുള്ള സഹോദരനിൽനിന്നും അത്യാവശ്യമായി 2000 ഡോളർ ഓൺലൈനിൽ വരുത്തിയ അടുത്ത ദിവസംതന്നെ കൊല്ലപ്പെട്ടു. ദൂരത്തായുള്ള വനാന്തരത്തിൽനിന്നും മൃതദേഹം ദിവസങ്ങൾക്കുശേഷം കണ്ടെടുത്തു.

കൊളംബിയായിലെ അമേരിക്കൻ എംബസ്സി ശക്തമായ മുന്നറിയിപ്പായി കൊടും കുറ്റവാളികൾ നടത്തുന്ന 'ഡേറ്റിംഗ് ആപ്സ്'ലും 'ഹണി ട്രാപ്' കെണികളിലും പെടരുതെന്നും, മ്ലേഛമായ കാപാലികകളുടെ ദുർമാർഗ്ഗ വലയത്തിൽ വീഴരുതെന്നും ഉള്ള പ്രസ്താവന പരസ്യമായി പുറപ്പെടുവിച്ചു. ടൂറിസ്റ്റായി എത്തി വാടകയ്ക്കെടുത്ത ഹോട്ടൽ മുറിയിൽ വിശാലമനസ്കനും ആരുമായും സൗഹൃദം സ്ഥാപിക്കാൻ സന്നദ്ധനുമായ അമേരിക്കൻ പൗരനായ ജെ-



ലേഖകൻ

ഫ് ഹെവിറ്റ് കൊള്ളക്കാരുമായുള്ള മൽപിടുത്തത്തിൽ കൊല്ലപ്പെട്ടതായി ബ്രിട്ടീഷ് ബ്രോഡ് കാസ്റ്റിംങ് കോർപ്പറേഷൻ റിപ്പോർട്ട് ചെയ്തു. 45-ാമത്തെ ജന്മദിനം ആഘോഷിക്കാനായി മെഡല്ലിനിൽ എത്തിയ ഹെവിറ്റിന്റെ സകല ചലനങ്ങളും 'ഡേറ്റിംങ് ആപ്സ്'ലൂടെ സൗഹൃദത്തിലായ കാപാലിക തന്നെ ചോർത്തി മോഷ്ടാക്കൾക്ക് നൽകിയതായി ലോക്കൽ ന്യൂസ് പേപ്പർ 'എൽ കൊളംബിനോ' റിപ്പോർട്ട് ചെയ്തു.

അടുത്തനാളുകളിൽ കൊളംബിയായിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് പ്രവാഹവും കുറ്റകൃത്യങ്ങളും പൈശാചികമായ കൊലപാതകങ്ങളും നിശേഷം അവസാനിപ്പിക്കണമെന്ന് പോലീസ് തലത്തിലും ഗവൺമെന്റ് തലത്തിലുമുള്ള ആഗ്രഹം സഫലീകരിക്കുക ഇപ്പോൾ അസാദ്ധ്യമായി അനുഭവപ്പെടുന്നു. വിദേശികളെ ടൂറിസ്റ്റ് കേന്ദ്രമായ മെഡല്ലിനിലേക്ക് എത്തിയ്ക്കുവാൻ സുരക്ഷിതത്വവും സമാധാന അന്തരീക്ഷവും ഉറപ്പായി ഉണ്ടായിരിക്കണം.

മയക്കുമരുന്നുപയോഗവും വ്യഭിചാരവും നിയമാനുസരണമായി കൊളംബിയൻ ഗവൺമെന്റ് അംഗീകരിച്ചതിലുള്ള ആനന്ദത്തിലാണ് അനേകം യുവാക്കൾ മെഡിലിനിലേക്ക് ടൂറിസ്റ്റ് വ്യാജേന എത്തിച്ചേരുന്നത്. 'ഹണിട്രാപ്പി'ലൂടെ ഇരകളെ തേടിപ്പിടിച്ച് അപായപ്പെടുത്തി പണവും ആഭരണങ്ങളും മോഷ്ടിക്കുന്ന വേശ്യചൂതാട്ടം യാതൊരു നിയന്ത്രണവും നിബന്ധനയുമില്ലാതെ മെഡില്ലിനിൽ നടക്കുന്നതായി വാൾ സ്ട്രീറ്റ് ജേണൽ വീണ്ടും വായനക്കാരെ അറിയിച്ചു.

ചതിയിലൂടെ കൊല്ലപ്പെട്ടവരിൽ വൻ ഭൂരിഭാഗവും പുരുഷന്മാർ ആയിരുന്നതായി ടൂറിസ്റ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് ജനുവരി 20-ന് പുറപ്പെടുവിച്ച പ്രസ്സ് റിപ്പോർട്ടിൽ പറയുന്നു. ഉന്നത ജീവിത നിലവാരം പുലർത്തി സകല സുഖസമാധാന സന്തുഷ്ടിയോടെ ജീവിച്ചവരുടെ ശോകമായ ദാരുണ മരണത്തിൽ വേദനിക്കുന്ന കൂട്ടരും കൂട്ടുകാരും കൊളംബിയൻ ഗവൺമെന്റിനോട് ശക്തമായ നടപടിക്രമങ്ങൾ കുറ്റവാളിയിന്മേൽ ചുമത്തി ശിക്ഷിക്കണമെന്നാവശ്യപ്പെടുന്നതായും ബിബിസി റിപ്പോർട്ടിൽ പറയുന്നു. ഏതാനും ദിവസം മുമ്പ് ബാംഗ്ലൂരിൽ മലയാളി യുവതി അടങ്ങിയ മൂന്നംഗ സംഘം ചേർന്ന് നടത്തിയ ഹണിട്രാപ്പിന്റെ നീചത്വം മാദ്ധ്യമങ്ങളിൽ മായാതെ നിൽക്കുന്നു. കേരളീയരുടെ സാമ്പത്തിക മുന്നേറ്റവും യാത്രാഭൂതിയും ചിലരുടെ ചിന്താകുഴപ്പവും നശ്വരചിന്തവിട്ട് അന്തസും ആഭിജാത്യവും ആത്മാഭിമാനവും ഉള്ള പ്രവർത്തിക്കുള്ള മാർഗമായി മാറട്ടെ.

# ടോൾ ബൂത്തിൽ കാത്തുകിടക്കേണ്ട; പണം ഉപഗ്രഹം വഴി നേരിട്ട്

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിനു മുൻപ് ദേശീയപാതകളിലെ ടോൾ ബൂത്തുകൾ ഒഴിവാക്കി. പകരം വാഹനങ്ങളിൽനിന്ന് യാന്ത്രികമായി ടോൾ പിരിക്കുന്ന സംവിധാനം ഇന്ത്യയിൽ നടപ്പാക്കുമെന്നു കേന്ദ്ര റോഡ് ഗതാഗത മന്ത്രി നിതിൻ ഗഡ്കരി രാജ്യസഭയിൽ അറിയിച്ചു. ഉപഗ്രഹ ശൃംഖലയുമായി ബന്ധിപ്പിച്ചാണു ടോൾ പിരിക്കുക. വാഹനം ഓടിക്കൊണ്ടിരിക്കുമ്പോൾ തന്നെ ടോൾ ഈടാക്കും. ടോൾ ബൂത്തുകളിൽ വാഹനങ്ങൾ നിർത്തുന്നതു വഴിയുള്ള സമയ, ഇന്ധന നഷ്ടം ഇതോടെ ഒഴിവാകും. ദേശീയപാതയിൽ വാഹനം സഞ്ചരിക്കുന്ന ഭാഗത്തിനു മാത്രമുള്ള ടോൾ ആയിരിക്കും പിരിക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി.

# സ്റ്റാറ്റൻ ഐലൻഡ് സെ. ജോർജ് ഇടവകയിൽ ഫാമിലി/യൂത്ത് കോൺഫറൻസ് കിക്കോഫ്

സ്റ്റാറ്റൻ ഐലൻഡ്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ഫെബ്രുവരി 4-ന് ഞായറാഴ്ച സ്റ്റാറ്റൻ ഐലൻഡ് സെ. ജോർജ് മലങ്കര ഓർത്തഡോക്സ് പള്ളിയിൽ ആരംഭിച്ചു.

ഫാമിലി യൂത്ത് കോൺഫറൻസിനെ പ്രതിനിധീകരിച്ച് ഒരു സംഘം ഇട

**ഉമ്മൻ കാപ്പിൽ**

വക സന്ദർശിച്ചു. മാത്യു ജോഷ്വ (കോൺഫറൻസ് ട്രഷറർ), ദീപ്തി മാത്യു (സുവനീർ എഡിറ്റർ), ഷോൺ ഏബ്രഹാം (അസിസ്റ്റന്റ് ട്രഷറർ), ജോൺ താമരവേലിൽ (ഫൈനാൻസ് കോ-ഓർഡിനേറ്റർ), റെജി വർഗീസ് ആൻഡ് നോബിൾ വർഗീസ് (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു കോൺഫറൻസ് സംഘാംഗങ്ങൾ. വെരി. റവ. പൗലോസ് ആദായി കോർ എപ്പിസ്കോപ്പോസ് (വികാരി), രാജു ജോയ് (ഇടവക സെക്രട്ടറി), ജേക്കബ് മാത്യു (ഇടവക ട്രസ്റ്റി), ഏബ്രഹാം ചെറിയാൻ ജൂനിയർ (ഭദ്രാസന അസംബ്ലി അംഗം എന്നിവരും വേദിയിലുണ്ടായിരുന്നു. രാജു ജോയ് സന്ദർശക സംഘത്തെ പരിചയപ്പെടുത്തി.

ഇത്തരമൊരു ഗംഭീരമായ കോൺഫറൻസ് സംഘടിപ്പിക്കുന്നതിന് ഭാരവാഹികൾ നടത്തുന്ന ശ്രമങ്ങളെ പൗലോസ് ആദായി കോർ എപ്പിസ്കോപ്പോസ് അഭിനന്ദിച്ചു. എല്ലാവരേയും പങ്കെടുക്കാൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ജോൺ താമരവേലിൽ രജിസ്ട്രേഷൻ പ്രക്രിയ, കോൺഫറൻസ് തീയതികൾ, തീം, പ്രസംഗകർ, വേദി, വേദിക്കു സമീപമുള്ള ആകർഷണങ്ങൾ എന്നിവയെക്കുറിച്ച് സംസാരിച്ചു. എല്ലാവരുടെയും പങ്കാളിത്തവും പിന്തുണയും അഭ്യർത്ഥിച്ചു. ദീപ്തി മാത്യു സുവനീറിന്റെ വിശദാംശങ്ങളും ധനസമാഹരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന റാഫിളിനെക്കുറിച്ചും സംസാരിച്ചു. ഷോൺ ഏബ്രഹാം സ്പോൺസർഷിപ് അവസരങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും സംസാരിച്ചു. വെരി റവ. പൗലോസ് ആദായി കോർ എപ്പിസ്കോപ്പോസ് ഇടവകയിൽ നിന്നുള്ള ആദ്യ രജിസ്ട്രേഷൻ സമർപ്പിച്ചു. ഷോൺ ഏബ്രഹാം ഗോൾഡ് സ്പോൺസർഷിപ്പോടെ പിന്തുണ വാഗ്ദാനം ചെയ്തു. സുവനീറിലേക്കുള്ള ഇടവകയുടെ ആശംസകൾക്കായി ജേക്കബ് മാത്യു (ട്രസ്റ്റി) സംഭാവന നല്കി പിന്തുണ അറിയിച്ചു.



കോൺഫറൻസിനായി രജിസ്റ്റർ ചെയ്തുകൊണ്ടും സുവനീറിൽ അഭിനന്ദനങ്ങൾ ചേർത്തും റാഫിൾ ടിക്കറ്റുകൾ വാങ്ങിയും താഴെപ്പറയുന്ന വ്യക്തികൾ പിന്തുണ വാഗ്ദാനം ചെയ്തു. ഏബ്രഹാം ഈപ്പൻ, ആഷേർ ഏബ്രഹാം, ഗബ്രിയേൽ കോര, ജേക്കബ് മാത്യു, രാജു ജോയ്, ഈപ്പൻ തോമസ് (ഷിജു), കോര കെ. കോര, സണ്ണി കോന്നിയൂർ, തോമസ് സി. വറുഗീസ്, ജോൺ ചെറിയാൻ, ബാബു ഡാനിയൽ, റെജി വർഗീസ്, ജോസ് കെ. ജോയ്, മാണി വി. സ്കറിയ, സോണി ഫിലിപ്പ്, ഏബ്രഹാം ചെറിയാൻ ജൂനിയർ, സിബിൻ തോമസ്, സാനു സ്കറിയ, ജോജി മാത്യു, അരുൺ ജോർജ്, ഷൈൻ ഡാനിയൽ, ഡീക്കൻ ഫിലിപ്പ് മാത്യു, തോമസ് ഫിലിപ്പ്, ജോർജ് ജോസഫ്, ജെയിംസ് ജോയ്, സ്കറിയ ഉമ്മൻ, മാത്യൂസ് ഫിലിപ്പ്, തോംസൺ ഒ. ജോർജ്, ആരൺ ജോസ്മോൻ, കോശി എം. ലൂക്കോസ്,

കോൺഫറൻസിന്റെ വിജയത്തിന് പിന്തുണയ്ക്കും ഊഷ്മളമായ സ്വീകരണത്തിനും ആത്മാർത്ഥമായ പ്രാർത്ഥനയ്ക്കും വികാരി, ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവർക്ക് റെജി വർഗീസ് നന്ദി പറഞ്ഞു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ.ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മൂദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊളൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ കോൺഫറൻസ് കോ-ഓർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ കോൺഫറൻസ് സെക്രട്ടറി (516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

# ഫാമിലി വർക്കൗട്ട് ഒരുക്കി ചിക്കാഗോ തിരുഹൃദയ ഇടവക



ചിക്കാഗോ: ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിലെ വിവിധ മിനിസ്ട്രികളെ കോർത്തിണക്കി ഫാമിലി വർക്കൗട്ട് പ്രോഗ്രാമിന് തുടക്കമായി.

വുഡ്റിഡ്ജ് എ.ആർ.സി. ഇൻഡോർ സ്റ്റേഡിയത്തിൽ വിവിധ കായിക വിനോദ കോർട്ടുകൾ മുൻകൂറായി വാടകയ്ക്ക് എടുത്ത് വിവിധ പ്രായവി

**ലിൻസ് താന്നിച്ചുവട്ടിൽ**

ഭാഗത്തിൽപ്പെട്ട എല്ലാവർക്കും വിവിധ കായിക വിനോദങ്ങളിൽ പങ്കെടുക്കാനുള്ള സൗകര്യങ്ങൾ ഒരുക്കി.

ഇടവകയിലെ എല്ലാ കുടുംബാംഗങ്ങളുടെയും ആരോഗ്യ സംരക്ഷണം, ഇടവകയിലെ വിവിധ കുടുംബങ്ങൾ തമ്മിലുള്ള സ്നേഹബന്ധങ്ങളുടെ കൂട്ടായ്മയ്ക്ക് വേദിയൊരുക്കുന്ന ഒരു 'ഫെയ്ത്ത് കോർട്ടാ'ക്കി കളിക്കളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്.

എല്ലാ മാസവും ഇതിനായി ഒരു ഞായർ മാറ്റിവെച്ച് ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകുകയാണെന്ന് സംഘാടകർ അറിയിച്ചു.

വികാരി ഫാ. തോമസ് മുളവനാൽ പരിപാടി ഉദ്ഘാടനം ചെയ്തു.

കൂടുതൽ കോർട്ടുകൾ വാടകയ്ക്ക് എടുത്ത് ഇക്കാര്യങ്ങൾ വിപുലമാക്കുകവഴി വ്യത്യസ്ത കായിക ഇനങ്ങൾ ഇഷ്ടപ്പെടുന്നവരെ ആകർഷിക്കുവാൻ ഇതുവഴി കഴിയുമെന്നും പുതിയ ദൈവാലയ അന്തരീക്ഷത്തിലേക്ക് നീങ്ങുന്ന തിരുഹൃദയ ഇടവകയ്ക്ക് ഫാമിലി വർക്കൗട്ട് പ്രോഗ്രാം കൂടുതൽ പ്രയോജനകരമായി മാറും എന്നു പ്രത്യാശിക്കുന്നതായി അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ അഭിപ്രായപ്പെട്ടു.

# കേരളാ ലിറ്റററി സൊസൈറ്റിക്കു നവ നേതൃത്വം

**അനശ്വരം മാമ്പിള്ളി**

ഡാളസ്: കേരള ലിറ്റററി സൊസൈറ്റി 2024-25 വർഷത്തേക്കുള്ള നവ നേതൃത്വം ചുമതലയേറ്റു. കഴിഞ്ഞ മാസം ജനുവരിയിൽ നടന്ന പൊതുയോഗത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയുണ്ടായി.

ഷാജു ജോൺ (പ്രസിഡണ്ട്), ഹരിദാസ് തങ്കപ്പൻ (സെക്രട്ടറി), സിജു വി. ജോർജ് (വൈസ് പ്രസിഡണ്ട്), സാമുവൽ യോഹന്നാൻ (ജോയിന്റ് സെക്രട്ടറി), സി.വി. ജോർജ് (ട്രഷറർ), അനശ്വർ മാമ്പിള്ളി (ജോയിന്റ് ട്രഷറർ) എന്നിവരാണ് പുതിയ നേതൃത്വം ഏറ്റെടുത്തത്.

പുതിയ നേതൃത്വത്തിന്റെ ആദ്യ പരിപാടിയായി ഫെബ്രുവരി 24-ന് 'പ്രവർത്തനോദ്ഘാടനവും കാവ്യപ്പൊൻപുലരിയും' നടക്കുന്നതായിരിക്കും. സൂം മീറ്റിംഗ് രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.







മുഖ്യാതിഥിയായി പ്രശസ്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ പങ്കെടുക്കും.

അമേരിക്കൻ എഴുത്തുകാരും സാഹിത്യ പ്രവർത്തകരുമായ ജെ. മാത്യൂസ്, ശങ്കർ മന (ലാന, പ്രസിഡണ്ട്) എന്നിവർ ആശംസകൾ അറിയിക്കും.

എല്ലാ സാഹിത്യപ്രേമികളെയും പ്രസ്തുത പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നതായി പുതിയ പ്രവർത്തക സമിതി അറിയിച്ചു.

അമേരിക്കയിൽ മലയാള സാഹിത്യ സദസ്സുകൾക്ക് തുടക്കം കുറിച്ച സംഘടനയാണ് കേരള ലിറ്റററി സൊസൈറ്റി (KLS). പുതു സാഹിത്യകാരന്മാരെയും പുതിയ സാഹിത്യ സൃഷ്ടിയെയും പരിചയപ്പെടുത്തി സാഹിത്യ സദസ്സുകളെ സർവ്വ സ്വീകാര്യതയിലേക്ക് നയിക്കുന്ന ഈ സംഘടന 1992-ൽ ഡാളസിലാണ് ആരംഭിച്ചത്.

എല്ലാ എഴുത്തുകാരെയും ഭാഷാസ്നേഹികളെയും കെ.എൽ.എസ്. അംഗങ്ങളാകാൻ കെ.എൽ.എസ്. പ്രവർത്തക സമിതി സ്വാഗതം ചെയ്യുന്നുവെന്നും അറിയിച്ചു.

# മാറുന്ന ഭക്ഷണ സംസ്കാരം

ജിനു കുര്യൻ പാമ്പാടി

നാട്ടിൻപുറങ്ങളിലെ ഭക്ഷണശാലകൾ ഇപ്പോൾ പൊതുവെ അറേബ്യൻ അല്ലെങ്കിൽ ചൈനീസ് വിഭവങ്ങളുടെ ഒരു കലവറയായി മാറിക്കൊണ്ടിരിക്കുന്നു. നാടൻ ഭക്ഷണങ്ങൾ പൊതുവേ വേണ്ടാതായിരിക്കുന്നു. ബജിക്കടകൾ, ചൈനീസ് തട്ടുകടകൾ തുടങ്ങിയവ ഗ്രാമപ്രദേശങ്ങളിൽ സർവസാധാരണമാണ്. പൊറോട്ട മലയാളിയുടെ ജീവിതത്തിൽ ചരിത്രപ്രതിഷ്ഠ നേടിയ ഒന്നാണ്. രാവിലെയെന്നോ ഉച്ചയെന്നോ രാത്രിയെന്നോ ഭേദമില്ലാതെ പൊറോട്ട മലയാളികളുടെ സന്തത സഹചാരിയായി മാറി. ബിരിയാണിയും ഫ്രൈഡ്റൈസും ന്യൂഡിൽസുമാണ് ഇന്നത്തെ തലമുറയ്ക്ക് പ്രിയം. കരിക്കിനുപകരം കോള വിപണി കയ്യടക്കി.

അടുത്തിടെ അമേരിക്കൻ ഐക്യനാട്ടിൽ സന്ദർശന വേളയിൽ പേരിൽ ഒരു കേരള ഭക്ഷണശാലയായി അറിയപ്പെടുന്ന ഒരിടത്തെ വിഭവങ്ങളുടെ നിരയിലും കണ്ടത് മൊത്തം ചൈനീസ് അല്ലെങ്കിൽ അറേബ്യൻ വിഭവങ്ങളുടെ ഒരു നീണ്ടനിരയാണ്.

കേരളീയർക്ക് പ്രിയങ്കരമായിരുന്ന പൊടിയരിക്കഞ്ഞിയും കടുമാങ്ങയും പപ്പടവും ഇഡ്ഡലിയും ദോശയും ചമ്മന്തിയും അപ്പവും കപ്പയും മീൻകറിയും അവിയലും സാമ്പാറും സംഭാരവും എന്നുവേണ്ട കേരളത്തനിമയാർന്ന പരമ്പരാഗത വിഭവങ്ങളൊക്കെ മറഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. പകരം ബിരിയാണി, ഫ്രൈഡ്റൈസ്. ചില്ലിച്ചിക്കൻ, ജിഞ്ചർ ചിക്കൻ തുടങ്ങിയ നിരവധി വിഭവങ്ങൾ കേരളത്തിലെ കുഗ്രാമങ്ങളിൽ വരെ സുലഭമായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ തലമുറ പകലു മുഴുവൻ പറമ്പിലും പാടത്തും ചുട്ടുപൊള്ളുന്ന വെയിലത്തു നിന്ന് അദ്ധ്വാനിച്ചതിനുശേഷം വന്ന് ഒരുപാത്രം സംഭാരം കുടിച്ച് ദാഹം മാറ്റിയിരുന്നു. എന്നാൽ, ഇന്ന് സംഭാരത്തിനും സർബ്ബത്തിനും പകരം ചുവപ്പും മഞ്ഞയും നിറം കലർത്തിയ വെള്ളം കുടിച്ചാലേ ദാഹം മാറൂ എന്ന സ്ഥിതി ആയിട്ടുണ്ട്.

ഭക്ഷണത്തിനൊരു സംസ്കാരമുണ്ട്. വിദേശരാജ്യങ്ങളിൽ നിന്ന് കുരുമുളകും മറ്റ് സുഗന്ധവ്യഞ്ജനങ്ങളും തേടി കേരളത്തിലേക്ക് പല രാജ്യക്കാർ വന്നിട്ടുണ്ട്. അവരുടെ ഭക്ഷണസംസ്കാരവും അവർ കൊണ്ടുവന്ന പുതിയ ചേരുവകളും നമ്മുടെ പാചരകീതികളെയും ഭക്ഷണസംസ്കാരത്തെയും ഏറെ സ്വാധീനിച്ചു.

മലബാറി യഹൂദർ, പരദേശി യഹൂദർ, ലത്തീൻ കത്തോലിക്കർ, സിറിയൻ നസ്രാണികൾ, ആംഗ്ലോ ഇന്ത്യൻസ്, മാപ്പിളമാർ തുടങ്ങിയവരുടെ പാചകരീതികളുടെ വിദേശ സ്വാധീനം കേരളത്തിൽ നന്നായുണ്ട്. ഭക്ഷണവും മതവുമായും ബന്ധമുണ്ട്. കേരളത്തിൽ ഓരോ സമുദായങ്ങൾക്കനുസരിച്ചും പാചകരീതിയിലും വിഭവങ്ങളിലും വലിയ വ്യത്യാസമാണുള്ളത്. മീൻ പൊള്ളിച്ചത് എന്ന നമ്മുടെ നാടൻ വിഭവത്തിന്റെ രുചിക്കൂട്ടിന് പിന്നിൽ കേരളത്തിന്റെ പഴയകാല സംസ്കാരവും ചരിത്രവും ഒളിഞ്ഞുകിടക്കുന്നുണ്ട്. ലത്തീൻ കത്തോലിക്കരും സിറിയൻ കത്തോലിക്കരും തയ്യാറാക്കുന്ന മീൻ പൊള്ളിച്ചതിൽ സമാനതകളില്ല, മീനും വാഴയിലയും മാറ്റിനിർത്തിയാൽ. ഇതിനു കാരണം സുഗന്ധവ്യഞ്ജനങ്ങളുടെ കച്ചവടത്തിനായി എത്തിയ വിദേശീയരുടെ സ്വാധീനമാണ്.

എരിവിനു വേണ്ടി കുരുമുളക് ഉപയോഗിച്ചു പാചകം ചെയ്തുകൊണ്ടിരുന്ന മലയാളികൾക്ക് മുളകിനെ പരിചയപ്പെടുത്തിയത് പോർച്ചുഗീസുകാരാണ്. അപ്പം, പുട്ട്, വട്ടയപ്പം തുടങ്ങി ഒട്ടേറെ വിഭവങ്ങളെ മലയാളികൾക്ക് പരിചയപ്പെടുത്തിയതും വിദേശികൾ തന്നെ.

ബിരിയാണി അറബികൾ അല്ലെങ്കിൽ പേർഷ്യക്കാർ ഇവിടെ വന്ന് പഠിപ്പിച്ചതാണെങ്കിൽ കടൽ കടന്നുപോയി മലയാളി തന്നെ സ്വന്തം നാക്കിലും നാട്ടിലും കുടിയിരുത്തിയ വിഭവങ്ങൾ ഇനിയുമുണ്ട്. ഗൾഫിൽ പോയതോടെ മലയാളി ആകെ മാറി, അവന്റെ ഭക്ഷണങ്ങളും. വിവാഹവിരുന്നുകളിൽ മാത്രം കണ്ടുപോന്നിരുന്ന കോഴിയിറച്ചി ഇറച്ചിക്കോഴിയായി വന്ന് പല രൂപത്തിലും അവതരിച്ചു. അരിവിഭവങ്ങളിൽ മന്തിയും കബ്സയും പിറന്നത് അങ്ങ് യമനിലാണെങ്കിലും മലയാളമണ്ണിൽ ഇവ രണ്ടും നന്നായി വളർന്നു. ചിക്കൻ മഞ്ജൂരിയനും ഗോബി മഞ്ജൂരിയനും ചില്ലി ചിക്കനും കഴിക്കാത്തവരായി ആരുമുണ്ടാവില്ല. മിക്ക ഇന്ത്യൻ ഭക്ഷണശാലകളിലും ഇതൊരു ചൈനീസ് വിഭവമായാണ് നമ്മെ പരിചയപ്പെടുത്താറ്. പേരിൽ തന്നെയില്ലേ ഒരു ചൈനീസ് ടച്ച്. ഇതുപോലെ ഇന്ന് ഇന്ത്യയിലെ ഏതു ഗ്രാമപ്രദേശത്തു ചെന്നാലും ചൈനീസ് ഭക്ഷണശാലകൾ കാണാൻ കിട്ടും. ശരിക്കും ഇതൊക്കെ ചൈനീസ് ഭക്ഷണമാണോ? എന്നു മുതലാണ് ഇന്ത്യയിൽ ചിക്കൻ മഞ്ജൂരിയനൊക്കെ നാം കഴിച്ചു തുടങ്ങിയത്, ആരായിരുന്നു ആദ്യമായി ഇത്തരം ചൈനീസ് ഭക്ഷണങ്ങൾ ഇന്ത്യയിൽ അവതരിപ്പിച്ചത്?



ലേഖകൻ

ഇന്ത്യയിൽ നാം ഉണ്ടാക്കി കഴിക്കുന്ന മിക്ക ചൈനീസ് വിഭവങ്ങളുടെയും ഉറവിടം ചൈനയല്ല. കൊൽക്കത്തയിലെ ചൈനാടൗൺ പ്രദേശത്തു താമസിച്ചിരുന്ന ചൈനാക്കാരുടെ ഭക്ഷണരീതിയിൽ പ്രചോദനം കൊണ്ടാണ് ഇന്ത്യയിൽ കാണുന്ന ഇന്ത്യൻ ചൈനീസ് ഫുഡും രൂപംകൊണ്ടത്. ഷാലോ ഫ്രൈയിംഗ് പോലെയുള്ള ചൈനീസ് പാചകരീതിയിൽ നിന്നും ഉപകരണങ്ങളിൽ നിന്നും പ്രചോദനംകൊണ്ട് ചൈനാക്കാരുടെ ബീഫിനും പോർക്കിനും പകരം ചിക്കനും മറ്റു പച്ചക്കറി വിഭവങ്ങളുടെ കൂടെ തദ്ദേശീയമായി ലഭിക്കുന്ന കൂട്ടുകൾ ചേർത്താണ് ഇത്തരം ചൈനീസ് വിഭവങ്ങൾ ഉണ്ടാക്കി തുടങ്ങിയത്. അതുകൊണ്ടുതന്നെ ഇത് യഥാർത്ഥത്തിൽ ചൈനീസ് ഭക്ഷണമല്ല, മറിച്ച് ഇന്ത്യൻ-ചൈനീസ് ഫുഡ് എന്ന പേരിലാണ് അറിയപ്പെടുന്നത്. ചൈനീസ് പാചകത്തിലെ അജിനോമോട്ടോയുടെയും സോയസോസിന്റെയും കൂടെ സവോളയും ഇഞ്ചിയുമൊക്കെ ചേർത്തുള്ള മിശ്രിതരൂപമാണിത്.

ഏകദേശം നൂറ് വർഷങ്ങൾക്കു മുൻപാണ് ഇത്തരത്തിൽ ഒരു ഇന്ത്യൻ ചൈനീസ് റെസ്റ്റോറന്റിന് കൊൽക്കത്തയിൽ തുടക്കമിടുന്നത് എന്ന് പറയപ്പെടുന്നു. എന്നാൽ, 1975-ൽ നെൽസൺ വാങ് ആണ് ചിക്കൻ മഞ്ജൂരിയൻ ആദ്യമായി ഉണ്ടാക്കുന്നത്.

1950-ൽ കൊൽക്കത്തയിൽ ജനിച്ച നെൽസൺ വാങ്ങിന്റെ പിതാവ് ചൈനീസ് പൗരനായിരുന്നു. പിതാവ് നേരത്തെ മരണപ്പെട്ടതോടെ അനാഥനായ നെൽസനെ എടുത്തു വളർത്തിയ വളർത്തച്ഛനിൽ നിന്നാണ് പാചകകല ആദ്യമായി പഠിക്കുന്നത്. അറിയപ്പെട്ട ഒരു പാചകവിദഗ്ദ്ധനായിരുന്നു നെൽസന്റെ വളർത്തച്ഛൻ, കൗമാരത്തിലെത്തിയ നെൽസൺ പ്രാരാബ്ധം മൂലം ജോലിതേടി ബോംബെ നഗരത്തിലെത്തി. അല്ലറചില്ലറ ജോലി നോക്കുന്നതിനിടയിൽ ക്രിക്കറ്റ് ക്ലബ് ഓഫ് ഇന്ത്യയിൽ കുക്കായി ജോലി ലഭിച്ചു. 1975-ൽ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ സാധാരണ മെനുവിൽ നിന്ന് മാറി അല്പം വ്യത്യസ്തമായ ഭക്ഷണം തയ്യാറാക്കാൻ നിർദ്ദേശം കിട്ടിയപ്പോൾ നെൽസൺ വാങ് പുതിയ പരീക്ഷണത്തിനു തയ്യാറായി.

ഇന്ത്യൻ ക്രിക്കറ്റ് ക്ലബിനുവേണ്ടി നെൽസൺ പരീക്ഷിച്ച ആ ചിക്കൻവിഭവം പിന്നീട് വളരെ പ്രസിദ്ധി നേടി. ഒരു സാധാരണ ഇന്ത്യൻ ഭക്ഷണത്തിൽ ചേർക്കാറുള്ള വെളുത്തുള്ളിയും പച്ചമുളകും ഇഞ്ചിയുമൊക്കെ ചേർക്കുകയും ഗരം മസാല ചേർക്കാതെ സോയ സോസും മറ്റും ഉപയോഗപ്പെടുത്തി തയ്യാറാക്കിയ ആ പുതിയ ഭക്ഷണത്തെ നെൽസൺ ചിക്കൻ മഞ്ജൂരിയൻ എന്നു വിളിച്ചു. ചൈനയിലെ വടക്ക് കിഴക്കൻ പ്രവിശ്യയുടെ പേരാണ് മഞ്ജൂരിയ. നെൽസന്റെ പിതാവ് മഞ്ജൂരിയൻ സംസ്കാരത്തിൽ ജനിച്ചയാളായിരുന്നു.

ഏതായാലും മഞ്ജൂരിയനും ഹിറ്റായി നെൽസണും ഹിറ്റായി. ശേഷം 1983-ൽ ഇന്ത്യൻ ക്രിക്കറ്റ് ക്ലബിലെ ജോലി മതിയാക്കിയ നെൽസൺ സ്വന്തമായി റെസ്റ്റോറന്റുകൾ തുടങ്ങി. ആദ്യം ബോംബെയിലെ കെംസ് കോർണറിൽ ആരംഭിച്ച ചൈന ഗാർഡൻ വളരെവേഗം പ്രശസ്തി നേടി. പിന്നീട് ഇന്ത്യയിലെ പല നഗരങ്ങളിലും ആരംഭിച്ച ചൈന ഗാർഡൻ ഭക്ഷണശാലകൾ വൻ വിജയമായി മാറി.

ദേശീയതലത്തിലുള്ള നിരവധി ഭക്ഷണ അവാർഡുകൾ ചൈന ഗാർഡനെ തേടിയെത്തിയിട്ടുണ്ട്. അടുത്ത പ്രാവശ്യം ചിക്കൻ മഞ്ജൂരിയൻ ആസ്വദിക്കുമ്പോൾ ഈ രുചിക്ക് പിറകിൽ നെൽസൺ വാങ് ആണെന്നുള്ള കാര്യം ഓർത്തിരിക്കുമ്പോൾ തന്നെ, ഇതിന്റെയൊക്കെ അപകടകരമായ വേർഷനാണ് നമ്മുടെ നാട്ടിൽ പലയിടത്തും ലഭിക്കുന്നത് എന്ന കാര്യം മറക്കാതിരിക്കാം. നാട്ടിൻപുറങ്ങളിൽ ചൈനീസ് ഭക്ഷണങ്ങളുടെ പല വകഭേദങ്ങൾ പല രൂപത്തിലും ഭാവത്തിലും ഇന്നെത്തുമ്പോൾ സിന്തെറ്റിക് നിറങ്ങളും മറ്റും ചേർത്തുണ്ടാക്കുന്ന പലതും പല ആരോഗ്യപ്രശ്നങ്ങൾക്കും ഭാവിയിൽ വഴിതെളിക്കുമെന്ന് പറയപ്പെടുന്നു.

പണ്ട്, അതിരാവിലെ ഒരു മൊന്ത പഴങ്കഞ്ഞി വെള്ളവും ഒരു മുറി കരിപ്പെട്ടിയും കഴിച്ചായിരുന്നു ഞാൻ അടക്കമുള്ള കേരളത്തിലെ കർഷകരും മറ്റ് സാധാരണ പണിക്കാരും പണിക്കിറങ്ങിയിരുന്നത്. പിന്നെ, കുറച്ചുകൂടി വൈകിയിട്ട് പഴങ്കഞ്ഞിയും ചക്കയും ഒരല്പം ഉണക്കമീൻ ചുട്ടതും അല്ലെങ്കിൽ തേങ്ങ ചുട്ടരച്ച ചമ്മന്തിയും കുറച്ചു പുളിയും മുളകും അദ്ധ്വാനിക്കുന്നവന്റെ ആസുരമായ കരുത്തിനെ പുഷ്ടിപ്പെടുത്തുന്ന ഒരു ഭക്ഷ്യ സമവാക്യമായിരുന്നു അന്നിത്.

ഇതൊക്കെയും കൂടി കാരച്ചട്ടി എന്നു വിളിച്ചിരുന്ന ചെറിയ മൺ മരവിയിലെടുത്ത് കൈകൊണ്ടിളക്കിച്ചേർത്ത് പരുവം വരുത്തി വാരിവലിച്ചു കുടിക്കുന്നതിന്റെ സുഖം ഇന്നത്തെ ഭക്ഷണസംസ്കാരത്തിനുണ്ടോ എന്നത് ഒരു ചോദ്യമായി അവശേഷിക്കുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.00 |
| യൂറോ | 89.38 |
| സ്റ്റെർലിംഗ്പൗണ്ട് | 104.72 |
| സ്വിസ് ഫ്രാങ്ക് | 94.83 |
| സിംഗപ്പൂർ ഡോളർ | 61.73 |
| കനേഡിയൻ ഡോളർ | 61.65 |
| ഒമാൻ റിയാൽ | 215.64 |
| ബഹ്റൈൻ ദിനാർ | 220.23 |
| സൗദി റിയാൽ | 22.14 |
| യു.എ.ഇ. ദിർഹം | 22.60 |
| കുവൈത്ത് ദിനാർ | 269.62 |



# ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ പ്രവർത്തനോദ്ഘാടനവും ലോക പ്രാർത്ഥന ദിനവും 24-ന്

**ഏലിയാമ്മ പുന്നൂസ്**

ചിക്കാഗോ: എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ചിക്കാഗോയുടെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം കൗൺസിലിന്റെ രക്ഷാധികാരിയായ മാർ ജേക്കബ് അങ്ങാടിയത്ത് ഫെബ്രുവരി ഇരുപത്തിനാലിന് നിർവഹിക്കുന്നു.

ഇതോടൊപ്പം എല്ലാ വർഷവും ക്രമീകരിക്കുന്ന 'വേൾഡ് ഡേ ഓഫ് പ്രയർ' രാവിലെ പത്തു മുതൽ പന്ത്രണ്ടു വരെ (10.00 am to 12.00 pm) ലംബാർഡിൽ ഉള്ള സെന്റ് തോമസ് മാർത്തോമ്മാ ദേവാലയത്തിൽ (710 N. Main St., Lombard, IL 60148) വെച്ച് നടത്തപ്പെടുന്നതാണ്. തദവസരത്തിൽ മിസ്സിസ് ബിനു അജിത് ("I beg you... Bear with One Another in Love" Ephesians 4:1-3) എന്ന വിഷയത്തെ ആസ്പദമാക്കി വചന പ്രഘോഷണം നടത്തുന്നു. പലസ്തീൻ രാജ്യം ആണ് ഈ വർഷത്തെ പ്രത്യേക പ്രാർത്ഥനക്കായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.



വിവിധ തരത്തിലുള്ള വിഷമഘട്ടങ്ങളിൽ കൂടി മാനവജാതി മുന്നോട്ടു നീങ്ങുമ്പോൾ, ലോക സമാധാനത്തിനും രാഷ്ട്രങ്ങൾ തമ്മിലുള്ള ഐക്യത്തിനും പകർച്ച വ്യാധികളുടെ ശമനത്തിന് വേണ്ടിയും അൽപസമയം വേറിട്ട് പ്രാർത്ഥിക്കുവാൻ ചിക്കാഗോയിലെ ക്രിസ്തീയ വിശ്വാസികൾ ഒന്നായിചേരുന്ന നിമിഷങ്ങൾ ആണ് ഈ പ്രാർത്ഥന സംഗമം.

16 ദൈവാലയങ്ങളിൽ ഉൾപ്പെട്ട വിശ്വാസികളുടെ കൂട്ടായ്മ ആണ് എക്യുമെനിക്കൽ പ്രസ്ഥാനം. ഈ വർഷത്തെ ലോക പ്രാർത്ഥനാ ദിനത്തിൽ എക്യുമെനിക്കൽ കൗൺസിലിന്റെ വനിതാ ഫോറം അംഗങ്ങൾ പാട്ട്, വേദപുസ്തക പാഠം വായന, പ്രാർത്ഥന എന്നിവയ്ക്ക് നേതൃത്വം നൽകുന്നതായിരിക്കും.

സഭാ വ്യത്യാസം ഇല്ലാതെ ഏവർക്കും ഒരു മനസ്സോടെ പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും വേണ്ടിയുള്ള ഈ സംരംഭം എത്രയും നല്ല രീതിയിൽ ഉപയോഗപ്രദമാക്കണം എന്ന് പ്രസിഡണ്ട്, വെരി റവ. സ്കറിയ തേലപ്പിള്ളിൽ കോർ എപ്പിസ്കോപ്പോസ് ഓർമിപ്പിച്ചു.

ആതിഥേയത്വം നൽകുന്ന സെന്റ് തോമസ് മാർത്തോമാ ഇടവകയുടെ വികാരിയും വേൾഡ് ഡേ പ്രയറിന്റെ ചെയർമാനും ആയ റവ. അജിത് കെ. തോമസ്, പ്രോഗ്രാം കൺവീനർ മിസ്സിസ് സാറ വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക കമ്മിറ്റി പ്രവർത്തിക്കുന്നു. ഏവരുടെയും പ്രാർത്ഥനാപൂർവമായ സഹകരണം പ്രതീക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: പ്രസിഡണ്ട്: വെരി റവ. സ്കറിയ തേലപ്പിള്ളിൽ കോർ എപ്പിസ്കോപ്പോസ് 224 217 7846, സെക്രട്ടറി: മിസ്റ്റർ പ്രേംജിത് വില്യം 847 962 1893, ട്രഷറർ: മിസ്റ്റർ ജേക്കബ് ജോർജ് 630 440 9985, കൺവീനർ മിസ്സിസ് സാറ വർഗീസ് 847 749 5140

# സിഎംഎ അന്തർദ്ദേശീയ വനിതാ ദിനാഘോഷം മാർച്ച് 2-ന് ജഡ്ജ് ജൂലി മാത്യു മുഖ്യാതിഥി

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ എല്ലാ വർഷവും നടത്തിവരുന്ന വനിതാ ദിനാഘോഷം ഈ വർഷവും ആഘോഷിക്കുവാൻ പ്രസിഡണ്ട് ജെസ്സി റിൻസിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ബോർഡ് യോഗം തീരുമാനിച്ചതായി വിമൻസ് ഫോറം ഭാരവാഹികളായ ഷൈനി ഹരിദാസ്, ഷാന മോഹൻ, നിഷ സജി എന്നിവർ അറിയിച്ചു. മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. തുടർച്ചയായി രണ്ടു തവണ മത്സരിച്ചു വിജയിച്ച ഹൂസ്റ്റൺ ഫോർട്ട്ബന്റ് കൗണ്ടിയിലെ പ്രഥമ ഏഷ്യനമേരിക്കൻ വനിതാ ജഡ്ജി ജൂലി മാത്യുവാണ് ഈ വർഷത്തെ മുഖ്യാതിഥി.



ജഡ്ജി ജൂലി മാത്യു


വനിതകളിലുള്ള കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന മത്സരങ്ങൾ ഉൾപ്പെടുത്തിയുള്ള വിവിധ പരിപാടികൾ ബോർഡ് ഭാരവാഹികളായ ഡോ. സിബിൾ ഫിലിപ്പ്, ഡോ. റോസ് വടകര, സാറ അനിൽ, ഡോ. സൂസൻ ചാക്കോ എന്നിവരുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തുവരുന്നു. ആഗ്നസ് തെങ്ങുംമൂട്ടിൽ റാഫിൾ നറുക്കെടുപ്പിനുള്ള പരിപാടിക്ക് നേതൃത്വം കൊടുക്കുന്നു. കുടുംബമായി എല്ലാവരും ഈ പരിപാടിയിൽ പങ്കെടുക്കണമെന്ന് ചിക്കാഗോ മലയാളി അസോസിയേഷൻ ബോർഡ് അഭ്യർത്ഥിച്ചു.



ജെസ്സി റിൻസി



ഷൈനി ഹരിദാസ്



ഷാന മോഹൻ



നിഷ സജി

# കംപ്യൂട്ടർ ചിപ്സ് വികസിപ്പിക്കുവാൻ സ്വകാര്യ-പൊതുമേഖലാ കൂട്ടുകെട്ട്

ചിക്കാഗോ: ആധുനിക കംപ്യൂട്ടർ ചിപ്സ് ആഭ്യന്തരമായി വികസിപ്പിക്കുവാനുള്ള ഒരു സംരംഭത്തിന് സ്വകാര്യ സംരംഭകരുമായി കൈകോർത്ത് പ്രവർത്തിക്കാൻ ബൈഡൻ ഭരണകൂടം ധാരണയായി. പ്രസ്തുത സംരംഭത്തിലേക്ക് 5 ബില്യൺ ഡോളർ അമേരിക്കൻ ഗവൺമെന്റ് ആദ്യ ഗഡുവെന്നോണം അനുവദിച്ചിട്ടുണ്ട്. സംരംഭത്തിന്റെ പുരോഗതി അനുസരിച്ച് കൂടുതൽ തുക അനുവദിക്കുവാനും ധാരണയായിട്ടുണ്ട്.

ഒട്ടുമിക്ക രാജ്യങ്ങളും അത്യാധുനിക സാങ്കേതിക വിദ്യയുടെ അവിഭാജ്യ ഘടകമായ കംപ്യൂട്ടർ ചിപ്സിനായി ആശ്രയിക്കുന്നത് തയ്വാൻ എന്ന ചെറിയ രാജ്യത്തെയാണ്. കൊറോണ മഹാമാരി കാലഘട്ടത്തിൽ തയ്വാനിൽ നിന്നും കംപ്യൂട്ടർ ചിപ്സ് ലഭിക്കാനുണ്ടായ കടുത്ത ക്ഷാമം അമേരിക്കയുടെ സമ്പദ് വ്യവസ്ഥയ്ക്കൊപ്പം ദേശസുരക്ഷയ്ക്കും വലിയ വെല്ലുവിളി ഉയർത്തിയിരുന്നു. അത്തരം സാഹചര്യം ആവർത്തിക്കാതിരിക്കാനും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ആവിർഭാവം മൂലമുണ്ടാകുന്ന ആധുനിക കംപ്യൂട്ടർ ചിപ്സുകളുടെ വർദ്ധിച്ച ആവശ്യകതയുമാണ് സ്വകാര്യ സംരംഭകരുമായി ഈ വിഷയത്തിൽ സഹകരിച്ചു പ്രവർത്തിക്കാൻ ബൈഡൻ ഭരണകൂടത്തെ പ്രേരിപ്പിച്ചത്.

അതിനായി രൂപീകരിച്ച നാഷണൽ സെമികണ്ടക്ടർ ടെക്നോളജി സെന്റർ പുതിയ ചിപ്സിന് രൂപകല്പന ചെയ്യുവാൻ സാമ്പത്തിക സഹായം നല്കുകയും അതിനായി തൊഴിലാളികളെ പരിശീലിപ്പിക്കുകയും ചെയ്യും.



## ജയ ബച്ചൻ വീണ്ടും രാജ്യസഭയിലേക്ക്



ന്യൂഡൽഹി: സമാജ്‌വാദി പാർട്ടിയുടെ പ്രതിനിധിയായി ബോളിവുഡ് താരം ജയ ബച്ചൻ വീണ്ടും രാജ്യസഭയിലെത്തിയേക്കും. മാധ്യമപ്രവർത്തക സാഗരിക ഘോഷ്, മുതിർന്ന നേതാവ് സുഷ്മിത ദേവ് എന്നിവർ തൃണമൂൽ കോൺഗ്രസിന്റെ പ്രതിനിധികളായി രാജ്യസഭയിലെത്തും. ബംഗാളിൽ നിന്നുള്ള 5 സീറ്റുകളിൽ നാലെണ്ണത്തിൽ തൃണമൂലിനു വിജയിക്കാനാകും. നിലവിലുള്ള എംപിമാരിൽ മുഹമ്മദ് നദീമുൽ ഖക്കിനു മാത്രമാണ് സീറ്റ് അനുവദിച്ചിട്ടുള്ളത്.

മുൻ ലോക്സഭാംഗം മമത ബല ഠാക്കൂറാണ് നാലാമത്തെ സീറ്റിൽ തൃണമൂൽ കോൺഗ്രസ് അംഗമായി രാജ്യസഭയിലെത്തുക. കോൺഗ്രസിന്റെ കൈശമുണ്ടായിരുന്ന അഞ്ചാമത്തെ സീറ്റ് ഇക്കുറി ബിജെപിക്കാണ് വിജയസാധ്യത. സാമിക് ഭട്ടാചാര്യയാണ് ഈ സീറ്റിൽ ബിജെപി സ്ഥാനാർത്ഥി.

സാഗരിക ഘോഷ് ഇതുവരെ ഔദ്യോഗികമായി തൃണമൂൽ അംഗമായിട്ടില്ല. മുൻ ലോക്സഭാംഗമായ സുഷ്മിത ദേവ് മുൻപ് മഹിളാ കോൺഗ്രസ് ദേശീയ പ്രസിഡണ്ടായിരുന്നു. 2021-ൽ ആണ് തൃണമൂലിലെത്തിയത്. 2021 ഒക്ടോബർ മുതൽ 2023 ഓഗസ്റ്റ് വരെ രാജ്യസഭാംഗമായിരുന്നു.


മുൻ കേന്ദ്രമന്ത്രി ആർ.പി.എൻ സിങ്, ഹരിയാന ബിജെപി മുൻ അദ്ധ്യക്ഷൻ സുബാഷ് ബരാല എന്നിവരുൾപ്പെടെ 14 സ്ഥാനാർത്ഥികളെ ബിജെപിയും പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യസഭയിൽ ഒഴിവുവന്ന 56 സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് 27-നാണ് നടക്കുക.

# ചരൺസിങ്, എം.എസ്. സ്വാമിനാഥൻ, നരസിംഹ റാവു എന്നിവർക്ക് ഭാരതരത്ന


ന്യൂഡൽഹി: മുൻ പ്രധാനമന്ത്രിമാരായ പി.വി. നരസിംഹ റാവു, ചൗധരി ചരൺസിങ്, ഹരിതവിപ്ലവത്തിന്റെ പിതാവും മലയാളിയുമായ എം.എസ്. സ്വാമിനാഥൻ എന്നിവർക്ക് ഇന്ത്യയുടെ പരമോന്നത ബഹുമതിയായ ഭാരതരത്ന. മൂന്നു പേർക്കും മരണാനന്തര ബഹുമതിയായാണ് പുരസ്കാരം.

പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പുരസ്കാരം പ്രഖ്യാപിച്ചത്. സാധാരണ പരമാവധി മൂന്നു പേർക്കാണ് ഭാരതരത്ന നൽകാറുള്ളത്. എന്നാൽ, ഇത്തവണ അഞ്ചുപേർക്ക് പുരസ്കാരം പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ റെക്കോഡിട്ടു. മുൻ ഉപപ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി. നേതാവുമായ എൽ.കെ. അദ്വാനി, ബിഹാർ മുൻമുഖ്യമന്ത്രി കർപ്പൂരി ഠാക്കൂർ എന്നിവർക്ക് നേരത്തേ ഭാരതരത്ന പ്രഖ്യാപിച്ചിരുന്നു.

1921 ജൂൺ എട്ടിന് ആന്ധ്രാപ്രദേശിലെ കരിംനഗറിൽ ജനിച്ച നരസിംഹ റാവു, 1991-1996 കാലയളവിലാണ് പ്രധാനമന്ത്രിയായിരുന്നത്. 1957 മുതൽ 1977 വരെ ആന്ധ്രാപ്രദേശ് നിയമസഭാംഗം. 1971-73 കാലയളവിൽ ആന്ധ്രപ്രദേശ് മുഖ്യമന്ത്രിയായിരുന്നു. 1977







മുതൽ 1984 വരെ ലോക്സഭാംഗമായിരുന്ന അദ്ദേഹം, വിദേശകാര്യമന്ത്രി, ആഭ്യന്തരമന്ത്രി, പ്രതിരോധമന്ത്രി, മനുഷ്യവിഭവശേഷി വകുപ്പ് മന്ത്രി തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിൽനിന്ന് പ്രധാനമന്ത്രിയായ ആദ്യ വ്യക്തി കൂടിയാണ് അദ്ദേഹം.

നരസിംഹറാവുവിന് ഭാരതരത്ന പ്രഖ്യാപിച്ചതിലൂടെ ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിൽ അടുത്ത പൊതുതെരഞ്ഞെടുപ്പിൽ രാഷ്ട്രീയ നേട്ടമുണ്ടാക്കാനും ബി.ജെ.പി. ലക്ഷ്യമിടുന്നുണ്ട്. “നരസിംഹ റാവു ഗാരു... ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി, കേന്ദ്രമന്ത്രി, പാർലമെന്റ് അംഗം, നിയമസഭാംഗം എന്നീ നിലകളിൽ വർഷങ്ങളോളം അദ്ദേഹം ചെയ്ത പ്രവർത്തനങ്ങളുടെ പേരിൽ ഒരുപോലെ സ്മരിക്കപ്പെടും”- പ്രധാനമന്ത്രി നരേന്ദ്ര മോദി ട്വീറ്റ് ചെയ്തു. മരണശേഷം നരസിംഹ റാവുവിനോട് കോൺഗ്രസ് അനാദരവ് കാട്ടിയെന്ന രാഷ്ട്രീയ എതിരാളികളുടെ ആരോപണം ബി.ജെ.പി.യും ഏറ്റെടുത്തിരുന്നു.

ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ പിതാവായി മാറിയ എം.എസ്. സ്വാമിനാഥൻ 1925 ഓഗസ്റ്റ് ഏഴിനാണ് ജനിച്ചത്. ആലപ്പുഴ മങ്കൊമ്പ് കൊട്ടാരത്തു മഠം കുടുംബാംഗമാണ്. സ്വാമിനാഥൻ ഇന്ത്യൻ അഗ്രികൾച്ചർ റിസർച് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എ.ആർ.ഐ.) ഡയറക്ടറായിരുന്ന 1966-72 കാലത്താണ് കേന്ദ്ര സർക്കാർ ഹരിതവിപ്ലവം നടപ്പാക്കിയത്. മെക്സിക്കൻ ഗോതമ്പ് ഇന്ത്യൻ സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റിയ സങ്കരവിത്തുകളിലൂടെ ഉൽപാദനം പതിന്മടങ്ങാക്കിയതോടെ ഇന്ത്യ ഭക്ഷ്യ സ്വയംപര്യാപ്തത നേടി.

1902-ൽ ഉത്തർപ്രദേശിലെ മീററ്റിൽ ജനിച്ച ചരൺ സിങ് 1979 ജൂലൈ 28 മുതൽ 1980 ജനുവരി 14 വരെ പ്രധാന മന്ത്രിയായിരുന്നു.

## പ്രധാനമന്ത്രിയുടെ ചിത്രമുള്ള ബാനർ റേഷൻ കടയിൽ കെട്ടണം

തിരുവനന്തപുരം: രാജ്യത്തെ അഞ്ചരലക്ഷം റേഷൻ കടകൾക്കു മുന്നിൽ കേന്ദ്ര സർക്കാരിന്റെ ചിഹ്നവും പ്രധാനമന്ത്രിയുടെ ചിത്രവും പതിച്ച ബാനർ കെട്ടണമെന്ന് ആവശ്യപ്പെട്ട് നങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ കത്ത്. രാജ്യത്തെ തെരഞ്ഞെടുത്ത 20,000 റേഷൻ കടകൾക്കു മുന്നിൽ ഈ ബാനറിനു സമീപം സെൽഫി പോയിന്റും ഒരുക്കണം. കേരളത്തിൽ 553 റേഷൻ കടകൾക്കു മുന്നിലാണ് സെൽഫി പോയിന്റ് സ്ഥാപിക്കേണ്ടത്.

മഞ്ഞ, പിങ്ക് കാർഡ് ഉടമകൾക്ക് 10 കിലോ സാധനങ്ങൾ കൊണ്ടു പോകാവുന്ന കാലി സഞ്ചി, കേന്ദ്ര സർക്കാരിന്റെ ചിഹ്നവും പ്രധാനമന്ത്രിയുടെ ചിത്രവും പ്രിന്റ് ചെയ്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യും.

20 കോടി മുൻഗണനാ കാർഡ് ഉടമകൾക്ക് കേന്ദ്രം സൗജന്യമായി നല്കുന്ന റേഷൻ വിഹിതത്തെക്കുറിച്ച് ബോധവത്കരിക്കാൻ ഈ നടപടികൾ സ്വീകരിക്കണമെന്നാണ് സംസ്ഥാന ഭക്ഷ്യ സെക്രട്ടറിമാർക്ക് അയച്ചിരിക്കുന്ന കത്തിൽ പറയുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള രാഷ്ട്രീയ പ്രചാരണമായാണ് കേരളം ഉൾപ്പെടെ ചില സംസ്ഥാനങ്ങൾ ഇതിനെ വിലയിരുത്തുന്നത്.

## ഫോട്ടോ റേഷൻ കടകൾക്കു മുന്നിൽ സ്ഥാപിക്കില്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: റേഷൻ കടകളുടെ ബ്രാൻഡിങ്ങിന്റെ ഭാഗമായി പ്രധാനമന്ത്രിയുടെ ചിത്രവും സെൽഫി പോയിന്റും റേഷൻ കടകൾക്കു മുന്നിൽ സ്ഥാപിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തോട് മുഖംതിരിച്ച് കേരളം. തെരഞ്ഞെടുപ്പ് വർഷത്തിൽ ഇത്തരമൊരു പ്രചാരണം ശരിയല്ലെന്നും നടപ്പാക്കാൻ വിഷമമുണ്ടെന്നും കേന്ദ്രത്തെ അറിയിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു.

വിഷയവുമായി ബന്ധപ്പെട്ടു പി. അബ്ദുൾ ഹമീദ് എംഎൽഎയുടെ ചോദ്യത്തിനു മന്ത്രി ജി.ആർ. അനിൽ മറുപടി നല്കിയ ശേഷമായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

### കോൺഗ്രസ് പ്രക്ഷോഭയാത്ര

(ഒന്നാം പേജിൽ നിന്നും)

10 വർഷത്തെ മോദി ഭരണകാലത്ത് പുരോഗതിയുണ്ടായത് കടത്തിലും തൊഴിലില്ലായ്മയിലും മാത്രമാണ്. സംസ്ഥാനങ്ങളെ പ്രതിസന്ധിയിലാക്കുന്ന മോദി സർക്കാരിന്റെ നയങ്ങൾക്കെതിരെ എന്നും സമരത്തിന്റെ മുൻനിരയിലുണ്ടായിരുന്നത് കോൺഗ്രസാണ്. എന്നാൽ, ഇപ്പോൾ പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തിയ സമരത്തെ പിന്തുണയ്ക്കാതിരുന്നത് ധൂർത്തിനെ അംഗീകരിക്കാൻ തയാറല്ലാത്തതുകൊണ്ടാണ്. മോദിയുടെ മുന്നിൽ കവാത്തു മറക്കുന്ന പിണറായി ഗവർണറോട് ഏറ്റുമുട്ടി ശ്രദ്ധതിരിക്കാൻ ശ്രമിക്കുകയാണെന്നും ആരോപിച്ചു. ഇന്ത്യാ ചരിത്രത്തിൽ സുവർണലിപികളിൽ എഴുതേണ്ട ഭരണ നേട്ടങ്ങളാണു കോൺഗ്രസ് ഭരണകാലത്തുണ്ടായത്. ലോകത്തെ ഏറ്റവും വലിയ തൊഴിലുറപ്പ് പദ്ധതിയായ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയ, ഭക്ഷ്യസുരക്ഷാ നിയമം പാസാക്കിയ ഗവൺമെന്റാണത്. എന്നാൽ എൻ.ഡി എയ്ക്ക് എന്തു നേട്ടമാണ് അവകാശപ്പെടാനുള്ളത്?

യു.പി.എ. ഭരണത്തിൽ പാചകവാതകത്തിന് 400 രൂപ ഉണ്ടായിരുന്നപ്പോൾ സമരം ചെയ്ത സംഘപരിവാർ ഇപ്പോൾ എൻ.ഡി.എ. ഭരണത്തിൽ 1,000 എത്തിയപ്പോൾ പ്രതികരിക്കുന്നില്ല. യു.പി.എ. ഗവൺമെന്റ് കർഷകരുടെ കടമാണ് എഴുതിത്തള്ളിയത്. എന്നാൽ 25 ലക്ഷം കോടിയുടെ കോർപറേറ്റ് കടം എഴുതിത്തള്ളാൻ ആയിരുന്നു മോദിക്ക് താത്പര്യം. രണ്ടുകോടി ചെറുപ്പക്കാർക്ക് പ്രതിവർഷം തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞു. കളപ്പണം പിടിച്ചെടുത്ത് ജനങ്ങളുടെ അക്കൗണ്ടിൽ 15 ലക്ഷം രൂപ നിക്ഷേപിക്കുമെന്ന് പറഞ്ഞു. എവിടെയാണ് മോദിയുടെ ഗാരന്റികൾ? പറഞ്ഞ വാക്ക് പാലിച്ച ശേഷം മാത്രം പുതിയ ഗാരന്റിയുമായി വരണം ബി.ജെ.പി. വ്യാജ ഗാരന്റികളിൽ ഇന്ത്യയിലെ ജനം വീഴില്ല: കെ.സി. വേണുഗോപാൽ പറഞ്ഞു.

സംഘാടക സമിതി ചെയർമാൻ രാജ്മോഹൻ ഉണ്ണിത്താൻ എം.പി. അധ്യക്ഷത വഹിച്ചു. കേരളത്തിന്റെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി ദീപദാസ് മുൻഷി, രമേശ് ചെന്നിത്തല, കൊടിക്കുന്നിൽ സുരേഷ് എം.പി. തുടങ്ങിയവർ പ്രസംഗിച്ചു. സമരാഗ്നിയുടെ ഭാഗമായി 14 ജില്ലകളിലായി 30 സമ്മേളനങ്ങൾ നടക്കും. 29-നു തിരുവനന്തപുരത്താണ് സമാപനം.

### പടക്കപ്പുരയിൽ വൻ സ്ഫോടനം

(ഒന്നാം പേജിൽ നിന്നും)

പന്ത്രണ്ട് വീടുകൾ സ്ഫോടനം നടന്നതിന്റെ സമീപത്തുണ്ട്. സ്ഫോടനവസ്തുക്കൾ കൊണ്ടുവന്ന വാഹനം സ്ഫോടനത്തിന്റെ ആഘാതത്തിൽ ആകാശത്തേക്ക് ഉയർന്നു പൊങ്ങിയെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. വലിയ ഉയരത്തിൽ തീജ്വാലകൾ ഉയർന്നതോടെ സമീപത്തു നിന്ന മാവ് കരിഞ്ഞുണങ്ങി. തൊട്ടടുത്ത് കിടന്നിരുന്ന മറ്റൊരു കാറും കത്തിനശിച്ചു. പുതിയകാവ് ക്ഷേത്രത്തിൽ നടക്കുന്ന ഉത്സവത്തിന്റെ ഭാഗമായാണ് വസ്തുക്കൾ എത്തിച്ചത്. തെക്കുംഭാഗം ഭാഗത്തെ വെടിക്കെട്ടാണ് ഫെബ്രുവരി 11-ന് നടന്നത്. വടക്കുംഭാഗം ഭാഗത്തെ വെടിക്കെട്ടിനുള്ള വസ്തുക്കൾ കൊണ്ടുവന്ന വാഹനമടക്കമാണ് കത്തിനശിച്ചത്.

## അൾത്താരബാലൻ കുഴഞ്ഞുവീണ് മരിച്ചു



കാഞ്ഞിരപ്പള്ളി: കുർബാനയ്ക്കിടെ അൾത്താരബാലൻ കുഴഞ്ഞുവീണു മരിച്ചു. ആനക്കല്ല് നെല്ലാക്കുന്നിൽ പോൾ ജേക്കബിന്റെയും സോണി മാത്യൂസിന്റെയും ഏക മകൻ മിലൻ പോൾ (17) ആണു മരിച്ചത്. ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥിയാണ്.

ഫെബ്രുവരി 11-ന് ഞായറാഴ്ച രാവിലെ ഏഴിന് ആരംഭിച്ച കുർബാനയ്ക്കിടെയാണു മിലൻ കുഴഞ്ഞുവീണത്. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു.

### പൗരത്വ നിയമം നടപ്പിലാക്കും

(ഒന്നാം പേജിൽ നിന്നും)

കോൺഗ്രസ് ഇക്കാര്യം മറന്നുപോയി. ഉത്തരാഖണ്ഡിൽ ഇതു നടപ്പിലാക്കി. മതപരമായി വ്യക്തിനിയമങ്ങൾ മതേതര രാജ്യത്ത് അനുവദിക്കില്ല. 500 വർഷം മുമ്പ് ക്ഷേത്രം നിലനിന്നിരുന്ന സ്ഥലത്തു ക്ഷേത്രം നിർമിക്കണമെന്നത് ആളുകളുടെ ആഗ്രഹമായിരുന്നു. എന്നാൽ, മുൻ സർക്കാരുകളുടെ പ്രീണനരാഷ്ട്രീയം അതിനു സമ്മതിച്ചില്ല: അമിത് ഷാ വ്യക്തമാക്കി.

അടുത്ത തവണയും ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വരും. തെരഞ്ഞെടുപ്പിൽ വലിയ പ്രതീക്ഷകളൊന്നും കോൺഗ്രസിനും പ്രതിപക്ഷത്തിനും വേണ്ട. ജമ്മു-കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദാക്കി. അതിനാൽ ജനങ്ങൾ ബി.ജെ.പിക്ക് 370 സീറ്റും എൻ.ഡി.എ. സഖ്യത്തിനാകെ 400-ലധികം സീറ്റും നൽകും. ജയന്ത് ചൗധരിയുടെ ആർ. എൽ.ഡിയും ശിരോമണി അകാലിദളും അടക്കമുള്ള പ്രാദേശിക പാർട്ടികൾ എൻ.ഡി.എ. സഖ്യത്തിൽ ചേരുമെന്നും അദ്ദേഹം വ്യക്തമാക്കി. രാഹുൽ ഗാന്ധി നടത്തുന്ന ഭാരത് ജോഡോ യാത്രയിൽ അർത്ഥമില്ല.

യു.പി.എ. സർക്കാരിന്റെ കാലത്തെക്കുറിച്ച് ജനങ്ങൾ അറിയാനാണ് പാർലമെന്റിൽ ധവളപത്രം കൊണ്ടുവന്നതെന്നും അമിത് ഷാ പറഞ്ഞു.

# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to:
**cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens).

**Visit Our Website: www.keralaexpress.com for Matrimonial Advt.**

Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the

# SEEKING BRIDE

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you." Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at
**mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

## ഡാനിയേൽ ജോർജ്

**മാവേലിക്കര:** കുറത്തികാട് സത്യഭവനത്തിൽ ഡാനിയേൽ ജോർജ് (ജോയി-83) അറ്റ്ലാന്റയിൽ അന്തരിച്ചു. ഭാര്യ സാറാമ്മ ജോർജ്. മക്കൾ: സൂസൻ ജോർജ്, തോമസ് ജോർജ്. മരുമക്കൾ: ജോൺസൻ ജേക്കബ്, മിനി തോമസ് (എല്ലാവരും യുഎസ്).

**ചെങ്ങന്നൂർ:** അങ്ങാടിക്കൽ ഉഷ ഹോസ്പിറ്റൽ ഉടമ പുത്തൻപുരയ്ക്കൽ വീട്ടിൽ ഡോ. എൽ. ഉഷാദേവി (72) അന്തരിച്ചു.

**മണർകാട്:** നാലുതൈക്കലായ പുതുപ്പറമ്പിൽ എൻ. എസ് ഫിലിപ്പ് (അവറാച്ചൻ-83) അന്തരിച്ചു.

## മറിയാമ്മ ജോസഫ്

**അതിരമ്പുഴ:** പുതുശേരിൽ മറിയാമ്മ ജോസഫ് (91) അന്തരിച്ചു. കോതനല്ലൂർ തെങ്ങടയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.വി. ജോസഫ്. മക്കൾ: ആനി ജോസ്, ഗ്രേസമ്മ ഐസക്, മോൺ. ജോർജ് പുതുശേരിൽ (യുഎസ്), മാത്യു ജോസഫ്, ജോയി ജോസഫ് (യുഎസ്, ബാങ്ക് ഓഫ് അമേരിക്ക), വിജി മേരി ജോസഫ്, പരേതനായ ജോസഫ് ജെ. പുതുശേരിൽ. മരുമക്കൾ: എ.ടി. ജോസ് ആറ്റുപുറം (എറണാകുളം), ഐസക് ലൂക്കാ മൂർത്തി പുത്തൻപുരക്കൽ (അതിരമ്പുഴ), ജോസി ജോസഫ് വെണ്ണാലിൽ ളായിക്കാട്, സേറാ മാത്യു ചിറ്റൂർ (എറണാകുളം), മിനി ജോയി കൊച്ചുകരോട്ട് പ്ലാശനാൽ (യുഎസ്).

**ഉഴവൂർ:** ചേറ്റുകുളം തിരുരക്തത്തിന്റെ ഉപവിയുടെ മക്കൾ സന്യാസിനി സഭാംഗം സിസ്റ്റർ മോളി കുന്നത്ത് (56) അന്തരിച്ചു.

**കിടങ്ങൂർ:** കട്ടച്ചിറ വിജി വില്ലയിൽ കെ.എൻ. ശശിധരൻ നായർ (76) അന്തരിച്ചു.

## കുര്യൻ ജോൺ

**പീരുമേട്:** ജെം. രാജ് പ്ലാന്റേഷൻസ് പട്ടുമുടി എസ്റ്റേറ്റ് പാർട്ണർ മല്ലപ്പള്ളി ഈസ്റ്റ് ചക്കാലയിൽ കുര്യൻ ജോൺ (റോയി-78) അന്തരിച്ചു. ഭാര്യ കീഴ്വായ്പൂർ കലപ്പകോടാനിക്കൽ ഏലിയാമ്മ കുര്യൻ. മക്കൾ: അനയേല, ഐവിന (ഇരുവരും യുഎസ്). മരുമകൻ: മാക്സ് (യുഎസ്).

## മോളി വർഗീസ്

**ന്യൂയോർക്ക്:** വെണ്ണിക്കുളം ചിറപ്പുറത്ത് മോളി വർഗീസ് (75) അന്തരിച്ചു. പയ്യപ്പാടി ചീരംകുളം കുറ്റിപ്പുറത്ത് കുടുംബാംഗമാണ്. ഭർത്താവ് വർഗീസ്. മക്കൾ: അഡ്വ. ഷിബു, ഡോ. ഷാൻസൺ. മരുമക്കൾ: ബിന്ദു, ഡോ .ജൂലി (എല്ലാവരും ന്യൂയോർക്ക്).

**മരിയപ്പള്ളി:** നീണ്ടകര പോർട്ട് ഓഫീസ് റിട്ട. ഉദ്യോഗസ്ഥൻ മേച്ചേരിൽ എം.എം. തോമസ് (കുഞ്ഞുഞ്ഞ്-84)അന്തരിച്ചു.

**ഇരവിനല്ലൂർ:** മങ്കൊമ്പ് ചതുർത്ഥ്യാകരി ഇടക്കുന്നിൽ സുമതിക്കുട്ടിയമ്മ (77) അന്തരിച്ചു.

**ചങ്ങനാശേരി:** പാറച്ചിറ വാഴക്കുളം വീട്ടിൽ അരുൺകുമാർ (38) അന്തരിച്ചു.

## ത്രേസ്യാമ്മ മാത്യു

**ഇല്ലിക്കോൺ:** നഗരൂർ ത്രേസ്യാമ്മ മാത്യു (ഈത്തമ്മ-79) അന്തരിച്ചു. ഭർത്താവ് പരേതനായ മാത്യു. മക്കൾ: സജി ആന്റണി, റെജി മാത്യു (യുഎസ്). മരുമക്കൾ: ആന്റണി ജോസ്, ജിമ്മി ഫിലിപ്പ് (യുഎസ്).

**ന്യൂഡൽഹി:** മുതിർന്ന മാധ്യമപ്രവർത്തകനും ദി ഹിന്ദു സ്പെഷൽ കറസ്പോണ്ടന്റുമായിരുന്ന പി.കെ. ഭരദ്വാജ് (75) അന്തരിച്ചു.


**പാക്കിൽ:** കണ്ടംതോട്ടുകര കെ.ഒ. ഏബ്രഹാം (കുഞ്ഞുഞ്ഞുകുട്ടി-92) അന്തരിച്ചു.

## ത്രേസ്യാമ്മ പീറ്റർ

**ഇലഞ്ഞി:** റിട്ട. അധ്യാപിക പൂതോട്ടത്തിൽ ത്രേസ്യാമ്മ പീറ്റർ (77) അന്തരിച്ചു. ഭർത്താവ് പീറ്റർ പി. ജോർജ് (റിട്ട. എയർ ഫോഴ്സ് ഉദ്യോഗസ്ഥൻ). മക്കൾ: അനിൽ പീറ്റർ (യുഎസ്), ഡോ. അജീഷ് മാത്യു പീറ്റർ (ആസ്റ്റർ ആശുപത്രി ഖത്തർ), ആൻസൻ പീറ്റർ (തോട്ടം ഫ്യുവൽസ് ഇലഞ്ഞി). മരുമക്കൾ: ചങ്ങനാശേരി നെടിയകാലാപറമ്പിൽ സുമി (യുഎസ്), തിരുവാങ്കുളം കല്ലറക്കൽ ഡോ. വിനീത ജോൺ (ഖത്തർ), നെടുങ്കണ്ടം പാട്ടത്തേക്കുഴി പിയോനി സ്കറിയ.

**ചേലക്കര:** പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരൻ ചങ്ങാരപ്പിള്ളി കാലാപ്പറമ്പിൽ തോമസ് (തോമസ് കാലാ-85) അന്തരിച്ചു.

## ജോസഫ് ടി. ആന്റണി



**ഡാളസ്:** ചങ്ങനാശേരി തുരുത്തി തെന്നിപ്ലാക്കൽ ജോസഫ് ടി. ആന്റണി (80) അന്തരിച്ചു. ഗാർലന്റ് സെ. തോമസ് സീറോമലബാർ ചർച്ച് അംഗമാണ്. 15 വർഷം ഇന്ത്യൻ എയർ ഫോഴ്സിൽ സേവനമനുഷ്ഠിച്ച് ഇന്ത്യൻ സൈനിക അവാർഡ് കോർപോറൽ പദവി ലഭിച്ചിട്ടുണ്ട്. ഭാര്യ പരേതയായ സാറാമ്മ ജോസഫ്. മക്കൾ: ഷാന്റി ജോജോ-ജോജോ തോമസ് കാഞ്ഞിരക്കാട്, ഷിജോ ജോസഫ് -സ്വപ്ന ജോസഫ്.

**മേലമ്പാറ:** മിഷനറി സൊസൈറ്റി ഓഫ് സെന്റ് തോമസ് ദി അപ്പോസ്തൽ അംഗമായ വൈദികരത്നം ഫാ. സെബാസ്റ്റ്യൻ തുരുത്തേൽ (99) അന്തരിച്ചു.

## മറിയാമ്മ വർഗീസ്

**നെടുമ്പ്രം:** മുളമൂട്ടിൽ മറിയാമ്മ വർഗീസ് (കുഞ്ഞമ്മ-92) അന്തരിച്ചു. മാവേലിക്കര പള്ളത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.വി. വർഗീസ്. മക്കൾ: പരേതനായ സാം വർഗീസ്, ആലീസ് (യുഎസ്), രാജൻ, റജി, ജോയി (കുവൈറ്റ്). മരുമക്കൾ: വത്സമ്മ, ജെസി, ലൈനി, ജിനു, പരേതനായ രാജൻ കൈപ്പാഞ്ചാലിൽ.

**വാകത്താനം:** പാതയിൽ കുഞ്ഞന്നാമ്മ തമ്പാൻ (70) അന്തരിച്ചു.

**മുട്ടുചിറ:** കുന്നത്തുപറമ്പിൽ ജോൺ ചാക്കോ (പാപ്പൻ-79) അന്തരിച്ചു.

**കുറുമണ്ണ്:** ഐപ്പൻപറമ്പിൽകുന്നേൽ ഐ.സി. ചാക്കോ (പാപ്പച്ചൻ-91) അന്തരിച്ചു.

## ജിഷ റിബെക്ക റോബ്സൺ



**പാമ്പാടി:** മുളന്താനത്തുകുന്നേൽ (കുനൂർ ഊട്ടി) ഏബ്രഹാം പോൾ റോബ്സണിന്റെയും സാറാമ്മയുടെയും മകൾ ജിഷ റിബേക്ക റോബ്സൺ (41) ന്യൂയോർക്കിൽ അന്തരിച്ചു. ഭർത്താവ് റോഷൻ ജോൺ. മക്കൾ: റയാൻ, ഏദൻ.

**വൈക്കം:** മാവേലിക്കര കൊറ്റാർക്കാവ് പത്മാലയത്തിൽ എം. പത്മാവതിയമ്മ (87) അന്തരിച്ചു.

## ആർ. ലക്ഷ്മി

**വാഴൂർ:** കൊടുങ്ങൂർ പൊട്ടങ്കൽ (ചേന്ദംകുളം) ആർ. ലക്ഷ്മി (76) അന്തരിച്ചു. ഭർത്താവ് പി.ആർ. രവീന്ദ്രൻ നായർ. മക്കൾ: ബിനു (സിംഗപ്പൂർ), ബിജു (യുഎസ്). മരുമക്കൾ: മഞ്ജു (സിംഗപ്പൂർ), അഞ്ജു (യുഎസ്).

**കോഴിക്കോട്:** മുതിർന്ന മാധ്യമപ്രവർത്തകനും തിരക്കഥാകൃത്തും ചലച്ചിത്രപ്രവർത്തകനുമായ റഹീം പൂവാട്ടുപറമ്പ് (59) അന്തരിച്ചു.

## പ്രഫ. എം.സി. കോര

**റാന്നി:** സെ. തോമസ് കോളജ് റിട്ട. അധ്യാപകൻ ചെത്തോങ്കര മേലേൽ പ്രഫ. എം.സി. കോര അന്തരിച്ചു. സെ. തോമസ് കോളജ് മാനേജിങ് കമ്മിറ്റി സെക്രട്ടറി, വലിയപള്ളി സ്കൂൾസ് കോർപറേറ്റ് മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ കോട്ടയം കൊച്ചനായിൽ പരേതയായ ഡോ. ആനി. മക്കൾ: ജേക്കബ് കോര, ജെയിൻ തോമസ് (കുവൈറ്റ്), മാത്യു കോര (യുകെ), ജോയ്സ് ജിമ്മി (യുഎസ്). മരുമക്കൾ: തൊടുപുഴ പുളിമൂട്ടിൽ രഞ്ജിത തോമസ്, കൊച്ചി പൊക്കത്താനത്ത് തോമസ്, സൈമൺ (കുവൈറ്റ്), രാമമംഗലം പുത്തൻമണ്ണേത്ത് ജിമ്മി സ്കറിയ (യുഎസ്).

**പായിപ്പാട്:** മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂൾ (കുറ്റപ്പുഴ)മുൻ ജീവനക്കാരൻ മുണ്ടുകോട്ട പൈനുംമൂട്ടിൽ വർഗീസ് ചാണ്ടപ്പിള്ള (ബാബു-70) അന്തരിച്ചു.

**ആലപ്പുഴ:** എസ്ഡി കോളജ് കൊമേഴ്സ് വിഭാഗം റിട്ട. അസോഷ്യേറ്റ് പ്രഫ. കളർകോട് സാകേതത്തിൽ ഡോ. ബാലചന്ദ്രൻ (66) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** പുത്തൻപറമ്പിൽ (വേലിക്കകത്ത്) മത്തായി ജോസഫ് (കുഞ്ഞൂഞ്ഞ്-79) അന്തരിച്ചു.

## ജോബ് ഈപ്പൻ

**പൊൻകുന്നം:** റിട്ട. ഡെപ്യൂട്ടി തഹസിൽദാർ ഗോൾഡ് ഹിൽ (വടക്കയിൽ) ജോബ് ഈപ്പൻ (കുട്ടപ്പൻ-85) അന്തരിച്ചു. ഭാര്യ കൈനകരി ചക്കാലത്ര ക്ലാരമ്മ ജോബ്. മക്കൾ: സ്റ്റീഫൻ, ജോൺ, ബെൻസി ജിജി (ഇരുവരും യുഎസ്). മരുമക്കൾ: കിറ്റിൻ ചെങ്ങളത്തുപറമ്പിൽ (ടീച്ചർ സെ. ഡോമിനിക്സ് എച്ച്എസ്എസ് കാഞ്ഞിരപ്പള്ളി), ജിഷ ചീരാംകുഴിയിൽ, ജിജിമോൻ ഓലിക്കൽ (ഇരുവരും യുഎസ്).

**കൈപ്പുഴ:** എം.ജി സർവകലാശാല സിൻഡിക്കേറ്റ് അംഗം പ്രഫ. ഇ.പി. മാത്യുവിന്റെ അമ്മയും ഇലയ്ക്കാട്ട് പരേതനായ ചുമ്മാർ പോത്തന്റെ ഭാര്യയുമായ ഏലിയാമ്മ പോത്തൻ (94) അന്തരിച്ചു.

**മാവേലിക്കര:** കോട്ടയടിയിൽ നല്ലൂർ ഹൗസിൽ പൊന്നമ്മ മത്തായി (89) അന്തരിച്ചു.

**നേമം:** കേരള സർവകലാശാലാ റിട്ട. ജോയിന്റ് രജിസ്ട്രാർ പ്രാവച്ചമ്പലം ശ്രീവാസിൽ പി. ചക്രപാണി (82) അന്തരിച്ചു.

## കെ.ടി. സ്കറിയ

**കൊല്ലാട്:** എസ്ബിടി റിട്ട. മാനേജർ കുന്നുവള്ളിൽ കെ.ടി. സ്കറിയ (84) അന്തരിച്ചു. ഭാര്യ പുതുപ്പള്ളി പരകുന്നേൽ അമ്മിണി സ്കറിയ (റിട്ട. അധ്യാപിക). മക്കൾ: എലിസബത്ത്, ഹെലൻ. മരുമക്കൾ: ബെന്നി കുര്യാക്കോസ് (ഡാളസ്), റെജി ലൂക്കോസ് (നാഗ്പൂർ).

**കോലഞ്ചേരി:** കോട്ടയം, തൃശൂർ മെഡിക്കൽ കോളജുകളിൽ സർജറി വിഭാഗം മേധാവിയായിരുന്ന വടക്കേമണ്ണോളിൽ ഡോ. വി.ഒ. പൗലോസ് (91) അന്തരിച്ചു.

## രവീന്ദ്രനാഥ് വാരിയർ

**കോട്ടയം:** കുന്നത്ത് വാരിയം കെ. രവീന്ദ്രനാഥ വാരിയർ (83) തിരുവനന്തപുരം പേരൂർക്കട ഇന്ദിരാ നഗർ 35-ൽ അന്തരിച്ചു. ഭാര്യ ചെങ്ങന്നൂർ കിഴക്കേടത്ത് വാരിയം രാജി ആർ നാഥ്. മക്കൾ: രൂപ ആർ വാരിയർ (മസ്കറ്റ്), രൂപേഷ് ആർ. വാരിയർ (യുഎസ്). മരുമക്കൾ: എം.വി. റാംമോഹൻ (അവിട്ടത്തൂർ വാരിയം ഇരിങ്ങാലക്കുട), നിത്യ വാരിയർ (അവിട്ടത്തൂർ വാരിയം ഇരിങ്ങാലക്കുട).

**കവിയൂർ:** റിട്ട. അധ്യാപിക കണിയാമ്പാറ കച്ചിറമലയിൽ മറിയാമ്മ ഏബ്രഹാം (മോളിക്കുട്ടി-65) അന്തരിച്ചു.

**കൊട്ടാരക്കര:** ദി പെന്തെക്കോസ്ത് മിഷൻ കൊട്ടാരക്കര അസിസ്റ്റന്റ് സെന്റർ മദർ കുഞ്ഞമ്മ ഡാനിയേൽ (69) അന്തരിച്ചു.

**ചെറുവള്ളി:** മടിയത്ത് കുഞ്ഞമ്മ കുര്യാക്കോസ് (88) അന്തരിച്ചു.

**തിരുവഞ്ചൂർ:** തൈക്കാട്ടായ നങ്ങേരാട്ട് എൻ.എം. മാത്യു (ബേബി-75) അന്തരിച്ചു.

## റേയ്ച്ചൽ ജോൺ

**വടവാതൂർ:** പുത്തൻപറമ്പിൽ റെയ്ച്ചൽ ജോൺ (കുഞ്ഞമ്മ-97) അന്തരിച്ചു. അയർക്കുന്നം കോയിത്തുരുത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എം. ജോൺ. മക്കൾ: ജോൺ മാത്യു, ജോൺ വർഗീസ് (ബെംഗളൂരു), ബേബിച്ചൻ മോളി (ഐരാറ്റുനട), ഏലിയാമ്മ ആൻഡ്രൂസ് (യുഎസ്). മരുമക്കൾ: പരേതനായ കുഞ്ഞൂഞ്ഞുകുട്ടി, ഇ.കെ. ആൻഡ്രൂസ് (യുഎസ്), അമ്മുക്കുട്ടി (പുല്ലാട്), ഓമന വർഗീസ് (ബെംഗളൂരു), ബിന്ദു.

## ഏബ്രഹാം ജോൺ

**പാലക്കാട്:** എംസിഎൽ റിട്ട. പർച്ചേസ് മാനേജർ ചന്ദ്രനഗർ സഹ്യാദ്രി കോളനി 304-ൽ ആഞ്ഞിലിവേലിൽ ഏബ്രഹാം ജോൺ (88) അന്തരിച്ചു. ഭാര്യ ഐരൂർ ചെറുകരയിൽ ലില്ലി ആനി ഏബ്രഹാം (റിട്ട. അധ്യാപിക). മക്കൾ: ഡോ. എലിസബത്ത് രേണു തര്യൻ (സിഎംസി വെല്ലൂർ), രഞ്ജിത്ത് ജോൺ ഏബ്രഹാം (യുഎസ്). മരുമകൻ: വേങ്ങൽ ഡോ. ജോർജ് തര്യൻ (സിഎംസി വെല്ലൂർ)

**കൊട്ടാരക്കര:** പ്രശസ്ത എഴുത്തുകാരി ലളിതാംബിക അന്തർജനത്തിന്റെ സഹോദരൻ കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസി റിട്ട. ഉദ്യോഗസ്ഥൻ കോട്ടവട്ടം ചിത്രാഞ്ജലിയിൽ (തെക്കുന്നത്ത് മഠം ഡി. സുകുമാരൻ പോറ്റി (95) അന്തരിച്ചു.

## കെ.എം. മാത്യു

**തൊടുപുഴ:** ന്യൂമാൻ കോളജ് റിട്ട. ലാബ് അസി. കോലാനി പാറക്കടവ് കുട്ടുങ്കൽ കെ.എം. മാത്യു (മത്തച്ചൻ-73) അന്തരിച്ചു. ഭാര്യ മുക്കൂട്ടുതറ മങ്കന്താനം എൽസി മാത്യു. മക്കൾ: രശ്മി മാത്യു (യുഎസ്), രമ്യ മാത്യു (ബെംഗളൂരു), ആൻ ശാലു മാത്യു (ബഹ്റിൻ). മരുമക്കൾ: വല്ലാർപാടം പാലമിറ്റത്ത് ഡോ. ജോസഫ് ലോപ്പസ്, കാഞ്ഞിരപ്പള്ളി കാരികുട്ടത്തിൽ അജേഷ് ജോർജ്, ഞാറക്കാട് കളത്തിങ്കൽ ടോണി ജോസഫ്.

**തിരുവനന്തപുരം:** വഞ്ചിയൂർ കോടതിയിലെ ക്രിമിനൽ അഭിഭാഷകയും ജില്ലാ ഗവ. പ്ലീഡറും പബ്ലിക് പ്രോസിക്യൂട്ടറുമായിരുന്ന സെലിൻ വിൽഫ്രഡ് (87) അന്തരിച്ചു.

**തിരുവല്ല:** മാന്നാർ നായർ സമാജം ബോയ്സ് എച്ച്എസ്എസ് റിട്ട. അധ്യാപിക ചരിവുപറമ്പിൽ മറിയാമ്മ സാമുവൽ (85) ഇന്തരിച്ചു.

**ചമ്പക്കര:** ഉതുന്താനത്തിൽ കൊല്ലകരയിൽ മേരിക്കുട്ടി ജോൺ (70) അന്തരിച്ചു.

**കടപ്പൂർ:** ഇഞ്ചിപ്പറമ്പിൽ (കാരിക്കാട്ടിൽ) കുരുവിള വർക്കി (വക്കച്ചൻ-98) അന്തരിച്ചു.

**അതിരമ്പുഴ:** കല്ലുങ്കൽ പരേതനായ കെ.എൽ. വർഗീസിന്റെ മകൻ സജി വർഗീസ് (53) അന്തരിച്ചു.

## മോനി ജോസ് തെനിയപ്ലാക്കൽ അന്തരിച്ചു



ചിക്കാഗോ: ആനിക്കാട് തെനിയപ്ലാക്കൽ ടി.ജെ. ജോസഫിന്റെ ഭാര്യ മോനി ജോസഫ് (ലിസി ജോസ്-63) ചിക്കാഗോയിൽ അന്തരിച്ചു. പാലാ മരങ്ങാട്ടുപിള്ളി മണിയംപ്ര തറപ്പിൽ കുടുംബാംഗമാണ്. ഡെസ്പ്ലെയിൻസ് ഹോളി ഫാമിലി നേഴ്സിങ് ഹോമിൽ നേഴ്സായി ദീർഘകാലം സേവനം ചെയ്തിരുന്നു. മക്കൾ: ആൽഫ്രഡ്, ജോയ്സ്, ജൊവാൻ. പൊതുദർശനവും പ്രാരംഭപ്രാർത്ഥനാശുശ്രൂഷകളും ഫെബ്രുവരി 11-ന് ഞായറാഴ്ച വൈകിട്ട് അഞ്ചു മുതൽ ഒൻപതു മണി വരെ ബെൽവുഡ് മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രൽ പാരിഷ് ഹാളിൽ (5000 St. Charles Rd., Belwood, IL 60104) നടത്തി. തിങ്കളാഴ്ച രാവിലെ പത്തു മണിക്ക് കത്തീഡ്രലിലെ വി. കുർബാനയ്ക്കും ശുശ്രൂഷയ്ക്കും ശേഷം (All Saints Catholic Cemetery, 700 N River Rd., Des Plaines, IL 60016) മൃതദേഹം സംസ്കരിക്കും. കൂരോപ്പട തറപ്പിൽ പരേതരായ ടി.എഫ് മാത്യു-ത്രേസ്യാമ്മ ദമ്പതികളുടെ മകളാണ് പരേത. സഹോദരങ്ങൾ: ഗ്രേസി ചാക്കോ (ഡാളസ്), മേഴ്സി ആന്റണി (ഡാളസ്), ഡെയ്സി മാത്യു (ന്യൂയോർക്ക്), തോമസ് ഡിക്രൂസ് (ചിക്കാഗോ), പരേതരായ ഫ്രാൻസിസ് മാത്യു, ആൻ മാത്യു.

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Mariamma, Florida*

### ഉണ്ണീശോയോടുള്ള പ്രാർത്ഥന



കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രനായ ഉണ്ണീശോയെ ഞങ്ങൾ അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അവിടുന്ന് ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നസ്രസ്സിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഉണ്ണീശോയെ, ദൈവതിരുമനസ്സിന് വിധേയരായി വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളിപ്പോൾ അങ്ങയോട് അപേക്ഷിക്കുന്ന ............... അനുഗ്രഹം സാധിച്ചുതരണമേ. അവിടുത്തെ തിരുഹിതം നിറവേറ്റി ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ജീവിക്കുവാൻ ഞങ്ങൾക്ക് ശക്തി തരണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*Inserted by: Mariamma, Florida*

**Visit Our Website:** **www.keralaexpress.com for Classified Advt.**

## CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**

**4142178109**

## NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested,**

**please TEXT 630-935-4333**

**We offer competitive pay.**

## CAREGIVER WANTED IN SAN JOSE, CA.

A Malayalee family is looking for a live-in (preferred) nanny for their kids.

**Please contact**

**+1 281-386-7472**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Mariamma, Florida*

### *Favors Received*



എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന്, നിന്റെ സഹായം അപേക്ഷിച്ച്, നിന്റെ മാധ്യസ്ഥം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ലെന്ന് ഓർക്കണമേ. കന്യകകളുടെ രാജ്ഞി, ദയയുള്ള മാതാവേ, ഇപ്രകാരമുള്ള വിശ്വാസത്താൽ ധൈര്യം പ്രാപിച്ച്, നിന്റെ തൃപ്പാദത്തിങ്കൽ ഞാനടുത്തു വരുന്നു. പാപിയായ ഞാൻ നെടുവീർപ്പോടും കണ്ണുനീരോടും കൂടെ നിന്റെ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൽ മാതാവേ, എന്റെ അപേക്ഷ നിരസിക്കാതെ ദയാപൂർവം കേട്ടരുളേണമേ. ആമേൻ.

*Inserted by: Mariamma, Florida*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഹേമചന്ദ്രന്റെ കാർ മോഷ്ടിച്ചുവെന്നാരോപിച്ച് മടക്കയാത്രയിൽ പോലീസ് അവരെ കസ്റ്റഡിയിലെടുത്തെങ്കിലും വിട്ടയയ്ക്കേണ്ടി വരുന്നു. ഭാസ്കരമേനോന്റെ മുന്നിൽ വെച്ച് മാളവികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും സന്ദീപ് മല്ലികയോടു വെളിപ്പെടുത്തി. ഹേമചന്ദ്രൻ സസ്പെൻഷനിലാകുന്നു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമാകുന്നു. തന്റെ വീട്ടിലെത്തിയ ഭാസിയമ്മാമയോട്, മാളു ജീവിച്ചിരിപ്പുണ്ടോ എന്നു ജയദേവൻ നമ്പ്യാർ ചോദിച്ചെങ്കിലും അതിന് ഉത്തരമുണ്ടായില്ല...**

## 83

രാജശ്രീ അതിരാവിലെ ഉണ്ടാക്കിക്കൊടുത്ത ചായ കുടിച്ച്, ബാഗ് എല്ലാം ടാക്സിയിൽ കയറ്റിവെച്ച്, പോകാനൊരുങ്ങി യാത്ര പറയുകയായിരുന്നു ഭാസ്കരമേനോനും കുടുംബവും.

"നീ ഞങ്ങളെ എയർപോർട്ടിൽ കൊണ്ടുവിടാമെന്നാണ് ഇന്നലെ രാത്രി പറഞ്ഞത്."

ഭാസ്കരമേനോൻ സന്ദീപിനെ മൂർച്ചയോടെ നോക്കി. അയാളുടെ ഉള്ളിൽ ദേഷ്യമുണ്ടെന്നുകണ്ട് സന്ദീപിനു തമാശ തോന്നി.

"രാത്രി ഞാനൊരു ദുഃസ്വപ്നം കണ്ടു. എന്റെ കാർ ആക്സിഡന്റാകുന്നതായിട്ട്. അതുകൊണ്ടു ഞാൻ ഇന്നലത്തെ ഐഡിയ മാറ്റി." സന്ദീപ് അവരെ യാത്രയാക്കാൻവേണ്ടി എണീറ്റുവന്നതായിരുന്നു.

"നീയെന്താ ചായ കുടിക്കാത്തെ?" രാജശ്രീ ചോദിച്ചു.

"എനിക്ക് ഒന്നൂടെ ഉറങ്ങണം."

"എന്നാൽ ഞങ്ങൾ ഇറങ്ങുകയാ, സഹായം ചോദിച്ചു വന്നിട്ട് പകരം ഒരു ശിക്ഷ കിട്ടിയ പോലായി." ഭാസ്കരമേനോൻ കുറ്റപ്പെടുത്തുന്നപോലെ ജയദേവൻ നമ്പ്യാരോടു പറഞ്ഞു. "എന്നോടു സഹായം ആവശ്യപ്പെട്ട് നമ്മുടെ കുടുംബത്തിൽ ആരെങ്കിലും വന്നിട്ടുണ്ടെങ്കി ഞാൻ കയ്യയച്ചു സഹായിച്ചിട്ടൊണ്ട്. പണംകൊണ്ടാണെങ്കിൽ അങ്ങനെ. ബുദ്ധികൊണ്ടാണെങ്കിൽ അങ്ങനെ. ശക്തികൊണ്ടും സ്വാധീനംകൊണ്ടുമാണെങ്കിൽ അങ്ങനെ. അതിന്റെ ഫലമാണ് ഇപ്പോ ഞാനും എന്റെ കുടുംബോം അനുഭവിച്ചോണ്ടിരിക്കുന്നത്."

"അതീന്നുതന്നെ ഒരു പാഠം പഠിക്കാനൊണ്ടല്ലോ ഭാസിയമ്മാമേ. നമ്മൾ അനീതിക്കും അസത്യത്തിനും കൂട്ടുനിൽക്കരുത്. ഇരുപത്തിരണ്ടു വർഷംമുൻപ് ഭാസിയമ്മാമ അതിനു കൂട്ടുനിന്നതുകൊണ്ടാണല്ലോ ഇപ്പോ ഇങ്ങനൊരു തിരിച്ചടി വന്നത്. എന്നിട്ടും ഭാസിയമ്മാമ, ഞങ്ങളും അതുതന്നെ ചെയ്യണമെന്നല്ലേ പറയുന്നെ."

സന്ദീപ് ചോദിച്ചു.

"നിനക്ക് ചോരത്തിളപ്പാണ്. ഇതൊക്കെ അടങ്ങും. അപ്പോ നീ ഓർക്കും ഒന്നും വേണ്ടായിരുന്നെന്ന്."

ഭാസ്കരമേനോൻ മൂർച്ചയിൽ പറഞ്ഞു.

"ജയദേവനും ഞങ്ങളെ കയ്യൊഴിഞ്ഞല്ലോ അല്ലേ?"

"എനിക്ക് ഒന്നും ചെയ്യാനില്ല ഭാസിയമ്മാമേ. കൊലപാതകം ഒളിപ്പിക്കുക എന്നത് എന്റെ ജോലിയുടെ ഡിഗ്നിറ്റിക്കും എത്തിക്സിനും ചേർന്നതല്ല. എന്റെ മകൻ ഞാനല്ല, വേറൊരു വ്യക്തിയാണ്. ഭാസിയമ്മാമേടെ മുന്നിൽ താഴാൻ എനിക്കു ബുദ്ധിമുട്ടില്ല. പക്ഷേ, എന്റെ മകന്റെ മുന്നിൽ താഴാൻ വയ്യ." ജയദേവൻ പറഞ്ഞു.

"ശരി- ഹേമചന്ദ്രനും ബാലകൃഷ്ണനും ജഗന്നാഥനുമൊക്കെയാണ് മറുവശത്ത്. അത് ഓർമ വേണം. അവരെ ചെറുതായിട്ട് കാണണ്ട." അതു പറഞ്ഞിട്ട് ഭാസ്കരമേനോൻ സന്ദീപിനെ നോക്കി.

"എനിക്കവരോടൊന്നും ശത്രുതയില്ല ഭാസിയമ്മാമേ. മറുവശത്ത് അവരാകേണ്ടിയിരുന്നില്ല എന്നു ഞാൻ പലപ്പോഴും ആഗ്രഹിച്ചിട്ടൊണ്ട്. അന്യരാരെങ്കിലും ആയിരുന്നെങ്കിൽ ഇത്രേം ബുദ്ധിമുട്ടുണ്ടാകില്ല."

"ഉം... ആലോചിക്കാൻ ഇനീം സമയം ഒണ്ട്. ബുദ്ധിക്കേടൊന്നുമില്ലല്ലോ."

ഭാസ്കരമേനോൻ മുൻപേ സിറ്റൗട്ടിൽനിന്ന് ഇറങ്ങി. ജയദേവനു കൈ കൊടുക്കാൻ നിന്നില്ല. മധുവും തങ്കവും ഔപചാരികമായി യാത്ര പറഞ്ഞു. ഒട്ടും സന്തോഷപ്രദമായില്ല വിടവാങ്ങൽ. രാത്രി, ടാക്സിസ്റ്റാൻഡിൽ വിളിച്ചു പറഞ്ഞു സന്ദീപ് ഏർപ്പാടാക്കിയതായിരുന്നു ടാക്സി. മുറ്റത്തുനിന്ന് കാർ റോഡിലേക്കു പൊയ്ക്കഴിഞ്ഞപ്പോൾ ജയദേവൻ മകനോടു ചോദിച്ചു.

"നീയെന്താ അവരെ എയർപോർട്ടിലെത്തിക്കാമെന്നു പറഞ്ഞിട്ട്?"

"അച്ഛാ, അവർക്കെന്നോട് ശത്രുതയായിക്കഴിഞ്ഞു. പോണ്ടിച്ചേരിയിൽവെച്ചുതന്നെ അവരെന്നെ തിരഞ്ഞുമാറ്റി. ശത്രുവാണെന്നറിഞ്ഞോണ്ട് നമ്മൾ ഒരു ഫേവറും ചെയ്യരുത്. അത് നമുക്കുതന്നെ അപകടമാ."

"രാവിലെയുള്ള യാത്രയല്ലേ. റോഡിൽ വലിയ തിരക്കൊന്നും ഉണ്ടാകില്ല. ഹേമചന്ദ്രനും പാർട്ടിയും ആലപ്പുഴയിൽ ക്യാമ്പ് ചെയ്യുന്നുണ്ട്. എയർപോർട്ടുവരെയുള്ള യാത്രയ്ക്കിടയിൽ അവരെന്റെ കാർ തടഞ്ഞാലോ. സമയവും സ്ഥലവും കൃത്യമായിട്ട് അറിയിക്കാൻ പറ്റുമല്ലോ ഭാസിയമ്മാമയ്ക്കും മധുവങ്കിളിനും. എന്റെകൂടെയല്ലേ അവർ."

"അത്രയ്ക്കൊക്കെ കടന്നകൈ ചെയ്യാൻ മുതിരുമോ...?"

"അച്ഛനിപ്പഴും ഇതിന്റെ സീരിയസ്നസ് മനസ്സിലായിട്ടില്ല. ബാലമ്മാമയും ഹേമചന്ദ്രനും അടക്കം അരഡസൻ പേരെങ്കിലും കൊലക്കുറ്റത്തിന് ഉത്തരം പറയേണ്ട കേസാ."

"എന്തു കേസ്? ആരുപോകും കേസിന്. ഇരുപത്തിരണ്ടു വർഷം മുൻപ് എഴുതിത്തള്ളിയ മാൻമിസ്സിങ് ആര് കുത്തിപ്പൊക്കും? കോടതിയിൽ ഹർജി കൊടുത്ത് കോടതി അതു ഫയലിൽ സ്വീകരിച്ച്, വാദംകേട്ട് അനുമതി കൊടുക്കണം. നീ പോകുമോ ഹർജി കൊടുക്കാൻ. നിനക്കെന്തു കാര്യം? നീ പത്രപ്രവർത്തകനാ, പോലീസുകാരനല്ല."

"അല്ലി പോകും. അവളുടെ അച്ഛനും അമ്മയ്ക്കും എന്തു സംഭവിച്ചെന്ന് അവൾക്കറിയണമെങ്കിലോ..."

"പൊയ്ക്കോട്ടെ. നീ മുന്നിൽ കേറി നിൽക്കേണ്ട കാര്യമില്ല. കല്ലാറ്റുപടിക്കൽ തറവാട്ടുകാരേം മാങ്ങോട്ടുശേരിൽ ഫാമിലിയേം ജയിലിൽ കേറ്റിയേക്കാമെന്ന് നിനക്കു വഴിപാടൊന്നുമില്ലല്ലോ?"

"അച്ഛനെന്നെ പിന്നോട്ടു വലിക്കുവാണോ?"

"അമിതാവേശം വേണ്ടെന്നാ ഞാൻ പറഞ്ഞത്. അവര് തീരുമാനിച്ചോട്ടെ. കേസിനു പോണോ, പോട്ടെ. നിന്റെ അന്വേഷണത്തിൽ കിട്ടിയ വിവരങ്ങൾ ഹാൻഡോവർ ചെയ്യണോ... ആയിക്കോ. പക്ഷേ, നീ മുന്നിൽ കയറി നിൽക്കരുത്. അവൾക്കൊരു വളർത്തച്ഛനുണ്ടല്ലോ- അയാൾ നിൽക്കട്ടെ." സന്ദീപ് മറുപടി പറയാതെ നിൽക്കുന്നതു കണ്ട് രാജശ്രീ ഇടപെട്ടു.

"അത് അച്ഛൻ പറഞ്ഞതുതന്നെയാ ശരി."

"അമ്മേ... ഇരുപത്തിരണ്ടു വർഷം മുൻപ് ക്രൂരമായി കൊല ചെയ്യപ്പെട്ട ഒരു ചെറുപ്പക്കാരൻ. സ്വന്തം കുഞ്ഞിനെ നഷ്ടപ്പെട്ട് ഏതോ ഇരുട്ടിൽ മറഞ്ഞുപോയ ഒരമ്മ..."

"ഒരുപാട് അനീതികൾ ലോകത്തു നടക്കുന്നൊണ്ട്. ഓരോ ദിവസോം നൂറുകണക്കിനുപേർ വംശഹത്യയ്ക്ക് ഇരയാകുന്നൊണ്ട്. നൂറുകണക്കിന് ബാലികമാർ ബലാൽക്കാരം ചെയ്യപ്പെടുന്നൊണ്ട്. നൂറുകണക്കിനു യുവതികൾ പലവിധത്തിലുള്ള പീഡനങ്ങൾക്ക് ഇരയായി കൊല്ലപ്പെടുന്നൊണ്ട്. എന്റെ മുൻപാകെ വരുന്ന പല കേസുകളിലും എനിക്ക് ബോധ്യപ്പെടാറുണ്ട്- പ്രതി കുറ്റകൃത്യം ചെയ്തിട്ടുണ്ട്, ഇയാൾതന്നെയാണ് കൊലപാതകി എന്ന് - പക്ഷേ വേണ്ടത്ര തെളിവില്ലാത്തതിനാൽ നമ്മൾ വെറുതെ വിട്ടയയ്ക്കേണ്ടി വരും." ജയദേവൻ നമ്പ്യാർ വിശദീകരിച്ചു.

സന്ദീപ് മുഖത്തു തെളിച്ചമില്ലാതെ നിന്നു.

"ഭാസിയമ്മാമ പറഞ്ഞ ചോരത്തിളപ്പ് നല്ലതല്ല." അത്രയുംകൂടി പറഞ്ഞിട്ട് ജയദേവൻ പതിവുള്ള മോണിങ് വോക്കിന് ഇറങ്ങിപ്പോയി.

"നിനക്കെന്തായിരുന്നു വേണ്ടത്. അല്ലിയെ കല്യാണം കഴിക്കണം. അവളുടെ ഡേറ്റ് ഓഫ് ബർത്തും ജാതകവും അറിയണം. അതെല്ലാം കിട്ടിക്കഴിഞ്ഞു." രാജശ്രീ മകനെ ഓർമിപ്പിച്ചു. സന്ദീപ് കോണിപ്പടികയറി തന്റെ മുറിയിൽ എത്തി.

അവൻതന്നെ രണ്ടുപേരായി തിരിഞ്ഞു.

രണ്ടുപേരു തമ്മിൽ പൊരിഞ്ഞ ദ്വന്ദയുദ്ധം നടന്നു. ആദ്യമെല്ലാം മനസ്സാക്ഷിയുടെ പക്ഷത്തിനു നല്ല മുന്നേറ്റമുണ്ടായെങ്കിലും മറുവശത്തുനിന്നുള്ള പ്രത്യാക്രമണം രൂക്ഷമായിരുന്നു. നിയമയുദ്ധങ്ങൾ രണ്ടുനാലു മാസങ്ങൾക്കുള്ളിൽ അവസാനിക്കാനുള്ളതല്ല. വർഷങ്ങളോളം അതു തുടരും. തന്റെ വീട്ടിൽ തന്റെ ഭാര്യയായി ജീവിക്കുന്ന ഒരു യുവതി, തന്റെതന്നെ കുടുംബബന്ധുക്കളോട് സന്ധിയില്ലാതെ സമരം ചെയ്യുന്നതിലെ അസംബന്ധം, രണ്ടുപേർക്കും വലിയ ബുദ്ധിമുട്ടുകളുണ്ടാക്കുമെന്ന സത്യം വേണ്ടത്ര ആയുധങ്ങളുമായി എത്തി.

രണ്ടു ചേരികളും കൂടി മൂന്നാമനായ ഒരു സന്ദീപിനെക്കൂടി ആക്രമിക്കുന്നുണ്ടെന്ന് അവനു തോന്നി. ഒന്നുറങ്ങിയെണീറ്റാൽ ശരിയായ ചിത്രം കിട്ടുമെന്നു കരുതി അവൻ ഉറങ്ങാൻ കിടന്നു. ഒരു മണിക്കൂറോളം തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും സ്വാസ്ഥ്യമോ ഉറക്കമോ കിട്ടാതെ അവൻ എഴുന്നേറ്റു.

ഫോൺ എടുത്ത് രാജഗോപാലിനെ വിളിച്ചു. ആളെ ലൈനിൽ കിട്ടിയപ്പോൾ സന്ദീപ് പറഞ്ഞു:

"ഞാനാകെ ധർമസങ്കടത്തിലാ അങ്കിളേ. എന്നെ സഹായിക്കണം." ഭാസ്കരമേനോന്റെ സന്ദർശനവും തുടർന്നുണ്ടായ സംഭാഷണങ്ങളും സന്ദീപ് വളരെ വിശദമായിത്തന്നെ രാജഗോപാലിനെ ധരിപ്പിച്ചു.

"ഞാൻ എന്തു ചെയ്യണമെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ. എല്ലാവരുടേം അപ്രീതീം അനിഷ്ടോം സമ്പാദിച്ചോണ്ട് മുമ്പോ

ട്ടുപോകാൻ അൽപം ബുദ്ധിമുട്ടുണ്ട്. പിൻമാറാനൊന്നും എനിക്ക് ഒട്ടും മനസ്സില്ല. അങ്കിളും അല്ലീംകൂടി ധൈര്യത്തോടെ മുന്നോട്ടു പോവാണെങ്കി ഞാൻ പുറകിൽനിന്ന് ഫുൾ സപ്പോർട്ടു തരാം. ഞാൻ മുന്നിൽ കയറി നിൽക്കുന്നതിനു കുറച്ച് അപാകതയൊണ്ടല്ലോ."

"എനിക്കു സന്ദീപിന്റെ പ്രയാസം മനസ്സിലായി. ഞാനൊരിക്കലും സന്ദീപിനെ നിർബന്ധിക്കില്ല. ഞാനിതിൽ വേറൊരു ആപത്തുകൂടി കാണുന്നുണ്ട്. ബന്ധുക്കൾ ശത്രുക്കളായിട്ടു വരുന്നത് ഡെയ്ഞ്ചറാണ്. പക കൂടും. ശത്രു അന്യനാണെങ്കിൽ ഉണ്ടാകാവുന്നതിന്റെ പലമടങ്ങാണ് സ്വന്തക്കാർ തമ്മിലുള്ള ശത്രുതയിലെ പകയും വൈരാഗ്യവും." രാജഗോപാൽ സന്ദീപിനോട് അനുകൂലിച്ചു പറഞ്ഞു.

"അങ്കിളിനും അല്ലിമയ്ക്കുംകൂടി അന്വേഷണം മുന്നോട്ടു കൊണ്ടുപോകാൻ പറ്റില്ലേ?"

"കേസിനു പോകണ്ടേ സന്ദീപ്. എനിക്കു ജോലിചെയ്തേ പറ്റൂ. അല്ലിക്കു പഠിക്കണം. കേസ് എവിടെ തുടങ്ങും? ഒരു വക്കീലിനെ വെക്കണം. അതുകൊണ്ട് നമുക്ക് എന്തെങ്കിലും തെളിയിക്കാൻ പറ്റുമോ എന്ന് ആലോചിക്കണം. മറുവശത്തു പണവും സ്വാധീനവും വേണ്ടത്രയുള്ള പ്രബലൻമാരാണ്." രാജഗോപാൽ അഭിപ്രായപ്പെട്ടു.

"അങ്കിൾ ഇതും അല്ലിമയുമായി ഡിസ്കസ് ചെയ്യുമോ?"

"ഞാൻ പറയാം."



"നമ്മൾ എന്തൊക്കെ ചെയ്താലും അൾട്ടിമേറ്റായിട്ട് നമുക്കു കിട്ടാൻ പോകുന്ന റിസൾട്ട് ഹോപ്ഫുൾ ആയിരിക്കില്ല. മറിച്ച് ട്രാജഡി മാത്രമേ പ്രതീക്ഷിക്കാൻ പറ്റൂ. അതുംകൂടി കണക്കിലെടുക്കണം അങ്കിൾ."

"സന്ദീപ്, അല്ലി ഞങ്ങളുടെ മകളല്ല എന്നുള്ളത് ആരേം അറിയിക്കാതെ അവളെ വളർത്തിയത് ഞങ്ങളുടെ സെൽഫിഷ്നസ് കൊണ്ടാണ്. അതിപ്പഴും ഉണ്ട്. അവൾക്കു വേറൊരു അച്ഛനോ അമ്മയോ ഉണ്ടാകുന്നതിൽ സന്തുഷ്ടരാകാനുംമാത്രം ത്യാഗസമ്പന്നരല്ല ഞങ്ങൾ രണ്ടുപേരും. പക്ഷേ, അതോടൊപ്പംതന്നെ അവൾടെ ആഗ്രഹം സാധിച്ചു കൊടുക്കുന്നതിൽ വലിയ സംതൃപ്തിയുണ്ടുതാനും."

"അങ്കിൾ സംസാരിക്ക്. ഒന്നിനും നിർബന്ധിക്കണ്ട. ഡിസിഷൻ അവളുടേതായിക്കോട്ടെ. അതല്ലേ നല്ലത്. നമ്മൾ അവൾടെകൂടെ ഇല്ലെന്നു തോന്നിക്കരുത്."

"ഞാനവളോടു പറയാം. ഡിഫിക്കൽറ്റീസൊക്കെ തിരിച്ചറിയാനൊള്ള ബുദ്ധി അവൾക്കുണ്ട്."

"ശരി, അങ്കിൾ. സംസാരിച്ചിട്ട് വിളിക്കണേ. എനിക്കു നല്ല ടെൻഷനുണ്ട്.'' സന്ദീപ് ഫോൺ വെച്ചു. ഭാരം വലത്തെ തോളിൽനിന്ന് ഇടത്തെ തോളിലേക്കു മാറ്റിയപോലെ ചെറിയൊരാശ്വാസം!

*** *** ***

അല്ലിമ, കാൽമുട്ടുകൾക്കു മീതെ മലർത്തിവെച്ച തന്റെതന്നെ കൈപ്പടങ്ങളിലേക്കു നോക്കിയിരുപ്പു തുടങ്ങിയിട്ട് കുറെ നേരമായി.

അവളുടെ മനസ്സിൽ വേലിയേറ്റം നടക്കുന്നുണ്ടെന്നു രാജഗോപാലിനു മനസ്സിലായി.

ചിന്തകൾ കടിഞ്ഞാൺ പൊട്ടിയ കുതിരകളായി ചിതറിപ്പായുന്നുണ്ട്. ഒരു ലക്ഷ്യസ്ഥാനം കാണാൻ കഴിയാത്തതിന്റെ വേവലാതിയുമുണ്ടു മുഖത്ത്.

"മോളെ, സന്ദീപ് വല്ലാത്ത ഡിലേമയിലാണ്. അവന് ഒരുപാട് റെസ്ട്രിക്ഷൻസ് ഉണ്ട്. അതിൽ പലതും മറികടന്നാണ് ഇവിടെ വരെ എത്തിയത്."

"എനിക്കറിയാം അച്ഛാ."

"കുരുക്ഷേത്രത്തിൽ നിൽക്കുന്ന അർജുനസുതനെപ്പോലെയാണ് അവൻ. എതിർവശത്ത് അച്ഛന്റെ കാരണവൻമാരും ബന്ധുജനങ്ങളും കൗരവരെപ്പോലെ അധികാരം-സൈനിക-സ്വാധീന ശക്തികൾ അവരോടൊപ്പമാണ്."

"ഇപ്പുറത്ത് ഞാനും അച്ഛനും മാത്രം, അല്ലേ?"

"പിന്തുണയുണ്ട് നിനക്ക്. സന്ദീപ് നൂറുശതമാനവും നിന്റെ കൂടെയാ. പക്ഷേ, നമ്മുടെ പരിമിതികൾ വലുതാണ്. ഒന്നേന്നു തുടങ്ങണം. ഒരു കേസ് ഉണ്ടാക്കിയെടക്കണം. അതിനു വാലും തലയും കണ്ടെത്തണം. തെളിവുകൾ ശേഖരിക്കണം. അതു യുക്തിഭദ്രമായിട്ട് പോലീസിനെയും കോടതിയെയും ബോധിപ്പിക്കണം. സാഹചര്യത്തെളിവുകളെ കൂട്ടുപിടിക്കുകയല്ലാതെ ഒന്നിനും ദൃക്സാക്ഷികളോ ശരിയായ രേഖകളോ ഉണ്ടാകാനിടയില്ല. കേസ് തോൽക്കുകയായിരിക്കും ഫലം. ഇതിനിടയ്ക്ക് ജീവനുവരെ ഭീഷണി ഉണ്ടായെന്നും വരാം." അല്ലിമ അനുകൂലാർത്ഥത്തിൽ തലയാട്ടി.

"അച്ഛൻ എന്തായാലും മുന്നിട്ടിറങ്ങണ്ട. അച്ഛനീ പ്രായത്തിൽ അത്രേം ടെൻഷൻ താങ്ങാൻ പറ്റില്ല. ഓഫീസിലും പോകണ്ടേ. സന്ദുവേട്ടന്റെ അവസ്ഥേം മനസ്സിലായി. പക്ഷേ, എന്റെ മനസ്സിലൊരു പ്രതീക്ഷയൊണ്ടച്ഛാ. ഇതങ്ങനെ തേഞ്ഞുമാഞ്ഞു പോകില്ല. ഒരു വെളിച്ചം കിട്ടും... ഒരു വഴി തെളിഞ്ഞുവരും. അല്ലെങ്കിപ്പിന്നെ ഞാനെന്തിനാ ജീവിച്ചിരിക്കുന്നെ. അച്ഛനെന്തിനാ എന്നെ എടുത്തു വളർത്തിയെ."

അത് അവളുടെ പ്രത്യാശയാണെന്നു രാജഗോപാലിനു മനസ്സിലായി. അതങ്ങനെതന്നെ ഇരിക്കട്ടെ. അവൾ തന്നത്താൻ ഒരു മെഴുകുതിരി കൊളുത്തി വെച്ചിട്ടുണ്ടെങ്കിൽ അത് ഊതിക്കെടുത്തണ്ട.

"നമുക്കു കുറച്ചു വെയ്റ്റ് ചെയ്യാം. വിധിപോലെ വരട്ടെ. അല്ലേ?"

"ഉം." അല്ലിമ മൂളി.

രാജഗോപാൽ എഴുന്നേറ്റുപോയി.

അല്ലിമ പിന്നെയും കുറെനേരംകൂടി കട്ടിലിൽ അതേയിരിപ്പിരുന്നു. ഇരുമ്പലമാരയ്ക്കു മീതെ, എപ്പോഴും കാണാനാവുംവിധം വെച്ചിരിക്കുന്ന പഴയ സ്യൂട്ട്കേസിനു നേർക്ക് അവൾ കണ്ണുകളുയർത്തി.

അതിലേക്കു നോക്കുമ്പോഴൊക്കെ അവളുടെ നെഞ്ചിലൊരു പാരവശ്യം അലതല്ലും. ഒരു പഴയ സ്യൂട്ട്കേസല്ല അത്. തന്റെ അച്ഛന്റെയും അമ്മയുടെയും ജീവിതം അടക്കം ചെയ്ത നിധിപേടകമാണ്. അതിനുള്ളിലിരുന്ന് രണ്ടു ജീവാത്മാക്കൾ ശ്വസിക്കുന്നുണ്ട്. അവർ പരസ്പരം സ്നേഹമന്ത്രങ്ങൾ ഉരുവിടുകയും സ്വപ്നങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നുണ്ട്. അവർ അതിനുള്ളിലിരുന്നു നിലവിളിക്കുകയും അന്ത്യശ്വാസത്തിനായി പിടയുകയും ചെയ്യുന്നുണ്ട്.

എപ്പോഴത്തെയുംപോലെ അല്ലിമയ്ക്കു ശ്വാസം മുട്ടി. പ്രാണവായു വേണ്ടത്ര കിട്ടുന്നില്ല. അല്ലിമ പ്രാണപാരവശ്യത്തോടെ കിടക്കവിട്ടെഴുന്നേറ്റു. ആ സ്യൂട്ട്കേസ് എടുത്തു മേശപ്പുറത്തു വെച്ചു. കസേരയിലിരുന്നിട്ട് തുറന്നു.

അടച്ചുപൂട്ടിയ അവയ്ക്കുള്ളിലേക്കു കാറ്റടിച്ചുകയറുമ്പോഴെന്നപോലെ അവൾക്കു പ്രാണവായു വേണ്ടത്ര കിട്ടിത്തുടങ്ങി.

ആ പെട്ടിക്കുള്ളിലെ അമൂല്യ വസ്തുക്കൾ അവൾ ഒന്നൊന്നായി തൊട്ടു തലോടി. ആൽബം, ഫോട്ടോകൾ, തുണിത്തരങ്ങൾ, ഡയറി, പിന്നെ, ഏറ്റവും അടിയിൽ വിരിച്ച പഴയ പത്രത്താളുകൾക്കിടയിൽ കുറേയധികം കത്തുകളും. അല്ലിമ അതെല്ലാം ഇനിയും വായിച്ചുതീർന്നിട്ടുണ്ടായിരുന്നില്ല. അവർ പരസ്പരം കൈമാറിയ ഓരോ കത്തും വെറും അക്ഷരങ്ങളുടെയും വാക്കുകളുടെയും സംഘാതം മാത്രമല്ല, അവ ഓരോന്നും ഓരോ പ്രണയോപാധിയാണ്. അലതല്ലുന്ന സ്നേഹമഹാ സമുദ്രങ്ങൾ!

അച്ഛനും അമ്മയും ഒന്നിച്ചുള്ള ഫോട്ടോഗ്രാഫ് ഒരു ഡയറി ആൽബത്തിനുള്ളിൽ വിടർത്തിവെച്ചിരിക്കുകയാണ്.

വായിച്ചു മടക്കി മാറ്റിവെച്ച കത്തുകളുടെ അടുക്കിനപ്പുറത്തു നിന്ന് അല്ലിമ ഒരു കത്തുകൂടി എടുത്തു തുറന്നു. മടക്കിയ കടലാസുകൾ ഒട്ടിച്ചേർന്നപോലെയാണ്.

പലനിറങ്ങളിലുള്ള കടലാസുകൾ.

'ഇന്നു നീ എന്തുമാത്രം സുന്ദരിയായിരുന്നുവെന്നു പറഞ്ഞറിയിക്കാൻ വാക്കുകളില്ല. നിന്റെ കണ്ണിലേക്കു നോക്കുമ്പോഴെല്ലാം നെഞ്ചിലൊരു ഇടിമിന്നലുണ്ടാകുന്നപോലെ. പിന്നെ ഞാൻ എല്ലാം മറന്നു പോകുന്നു. ടിക്കറ്റ് എടുത്തവരെയും എടുക്കാത്തവരെയും എനിക്കു തിരിച്ചറിയാൻ പറ്റുന്നില്ല. ഞാനും നീയും മാത്രമേയുള്ളൂ ബസിൽ. നിനക്ക് ഞാൻ എത്ര ടിക്കറ്റ് തന്നുവെന്നും എനിക്കോർമയില്ല. ബസ് ഓടിക്കൊണ്ടേയിരുന്നു.

നീ ഒരിടത്തും ഇറങ്ങാതിരുന്നെങ്കിൽ- ഞാനാശിച്ചുകൊണ്ടിരുന്നു. ടിക്കറ്റിന്റെ ബാക്കി വാങ്ങാനായി നീ കാത്തിരിക്കയാണ്. എന്റെ ബാഗ് നിറയെ ചില്ലറയുണ്ടായിട്ടും ഞാൻ ബാക്കി തരുന്നില്ല. ഞാനതു മനഃപൂർവം തരാത്തതാണെന്നു നിനക്കറിയാം. ആ ഓർമയിലുള്ള കുസൃതിപ്പുഞ്ചിരി നിന്റെ മുഖത്തുണ്ട്. സ്വന്തം ബസിൽ നീ ടിക്കറ്റെടുക്കുന്നതിന്റെ കുസൃതി ഞാനെത്രയോ തവണ ആസ്വദിച്ചിരിക്കുന്നു.

ഇനി ഒരാഗ്രഹമേയുള്ളൂ.

രാവിലെ മുതൽ വൈകുന്നേരംവരെ ഒരു സ്റ്റോപ്പിലും ഇറങ്ങാതെ നീ ഇതിലുണ്ടായിരിക്കുക. ഒടുവിൽ ട്രിപ്പ് നിർത്തി ബസ് ഒതുക്കിയിട്ട് എല്ലാവരും പൊയ്ക്കഴിയുമ്പോൾ ടിക്കറ്റിന്റെ ബാക്കിയായി നെറ്റിയിൽ ഒരുമ്മ തന്ന് നിന്നെ ഞാൻ യാത്രയാക്കുക.

എന്തെല്ലാം ഭ്രാന്താണ് ഈ പ്രണയം കൊണ്ടുവരുന്നത് - അല്ലേ? അതുവായിച്ച്, മണിമല-പൊൻകുന്നം റൂട്ടിലോടുന്ന ലൈൻബസ് മനസ്സിൽ കണ്ട്, അതിനുള്ളിൽ പ്രണയലോലുപരായിരുന്നു സ്നേഹപ്രപഞ്ചം സൃഷ്ടിക്കുന്ന രണ്ടു മനുഷ്യാത്മാക്കളെ മനസ്സിൽ ധ്യാനിച്ച് അല്ലിമ ഇരുന്നു.

അവളുടെ മിഴികളിൽ അശ്രുകണങ്ങൾ നിറഞ്ഞു.

അടുത്ത കത്ത് -

'എന്റെ ദൈവമേ എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. സ്വപ്നമായിരുന്നോ!

അതോ സ്വപ്നം ഫലിച്ചതായിരുന്നോ?

കാലത്ത് ഒൻപതു മണിക്ക്, നീ ബസിൽ വന്നു കയറിയതുമുതൽ ഞാൻ സ്വപ്നത്തിലാണ്. ഇടയ്ക്കു ഞെട്ടിയുണരുന്നുണ്ടായിരുന്നു. വീണ്ടും സ്വപ്നത്തിലേക്കു മുങ്ങിത്താണു പോകുന്നു.

ഒരു സ്റ്റോപ്പിലും നീ ഇറങ്ങുന്നില്ല.

മണിമലയിൽനിന്നു പൊൻകുന്നം വരെ. തിരിച്ചു മണിമല വരെ. വീണ്ടും പൊൻകുന്നം. എനിക്കു ഭയം തോന്നി.

ഉച്ചയൂണിനു ബസ് സ്റ്റാൻഡിൽ പിടിച്ചിട്ടപ്പോൾ... ബസിൽ നമ്മൾ രണ്ടുപേർ മാത്രം ബാക്കിയായപ്പോൾ-

ഞാനരികെ വന്നിരുന്നതും എന്റെ ശരീരം വിറച്ചതും ഞാൻ നിന്നെ തൊട്ടതും നീയെന്റെ തോളത്തേക്കു ചാഞ്ഞതും എല്ലാം സത്യമായിരുന്നോ!

എനിക്കിപ്പഴും വിശ്വസിക്കാൻ കഴിയുന്നില്ല!

വൈകുന്നേരം കോളജ് വിടുന്നതുവരെ-

ആരൊക്കെ ശ്രദ്ധിച്ചിട്ടുണ്ടാകും...!


ആരെല്ലാം സംശയിച്ചിട്ടുണ്ടാകും!

വല്ലാത്ത ധൈര്യംതന്നെ. സമ്മതിച്ചിരിക്കുന്നു. ഇനിയങ്ങനെ വേണ്ട, ട്ടോ. (ശേഷം 30-ാം പേജിൽ)

# പാക് വോട്ടെടുപ്പിൽ അക്രമം: ഒൻപത് മരണം

ഇസ്‌ലാമാബാദ്: കനത്ത കാവലിൽ നടന്ന പാക്കിസ്ഥാൻ പൊതുതെരഞ്ഞെടുപ്പിനിടെ അക്രമസംഭവങ്ങളിൽ രണ്ട് കുട്ടികൾ അടക്കം ഒൻപത് പേർ കൊല്ലപ്പെട്ടു. വോട്ടെടുപ്പു കഴിയുംവരെ രാജ്യത്തു മൊബൈൽ ഫോൺ സേവനം റദ്ദാക്കി. പാക്കിസ്ഥാൻ നാഷണൽ അസംബ്ലിയിലെ 266 സീറ്റിലേക്കാണ് വോട്ടെടുപ്പു നടന്നത്. കേവല ഭൂരിപക്ഷത്തിന് 133 സീറ്റ് ലഭിക്കണം. ഒരു കക്ഷിക്കും തനിച്ചു ഭൂരിപക്ഷം ലഭിക്കില്ലെന്നാണു പ്രവചനങ്ങൾ.

നാലാം വട്ടം പ്രധാനമന്ത്രിയാകാൻ ഒരുങ്ങുന്ന നവാസ് ഷെരീഫ് നയിക്കുന്ന പാക്കിസ്ഥാൻ മുസ്‌ലിം ലീഗ്–നവാസ് (പി.എം.എൽ.എൻ.) ആണു മുന്നിൽ. ജയിലിലായ മുൻപ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ പാക്കിസ്ഥാൻ തെഹ്‌രി കെ ഇൻസാഫിനു (പി.ടി.ഐ.) തെരഞ്ഞെടുപ്പു ചിഹ്നം നിഷേധിച്ചതിനാൽ പാർട്ടിസ്ഥാനാർത്ഥികൾ സ്വതന്ത്രരായാണു ജനവിധി തേടുന്നത്. ഇമ്രാൻ ഖാൻ അടക്കം പി.ടി.ഐയുടെ മുതിർന്ന നേതാക്കൾക്കു തെരഞ്ഞെടുപ്പു വിലക്കുമുണ്ട്. ബിലാവൽ ഭൂട്ടോയുടെ പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടിയും (പി.പി.പി.) മത്സരരംഗത്തുണ്ട്.



പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രി നവാസ് ഷരീഫും മകൾ മറിയവും പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനായി ലാഹോറിലെ പോളിങ് ബൂത്തിലെത്തിയപ്പോൾ

# ഓസ്‌ട്രേലിയൻ പാർലമെന്റിൽ ഭഗവദ്ഗീത തൊട്ട് സത്യപ്രതിജ്ഞ

മെൽബൺ: ഓസ്‌ട്രേലിയൻ പാർലമെന്റിൽ സെനറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വംശജൻ വരുൺ ഘോഷ് ഭഗവദ്ഗീത തൊട്ട് സത്യപ്രതിജ്ഞ ചെയ്തു. ലേബർ പാർട്ടി അംഗമാണ് അഭിഭാഷകൻ കൂടിയായ വരുൺ ഘോഷ് (38). ആദ്യമായാണ് ഒരാൾ ഭഗവദ്ഗീത തൊട്ട് പ്രതിജ്ഞയെടുക്കുന്നതെന്ന് അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് ഓസ്‌ട്രേലിയൻ വിദേശകാര്യമന്ത്രി പെന്നി വോങ് പറഞ്ഞു. പടിഞ്ഞാറൻ ഓസ്‌ട്രേലിയയിലെ ഇന്ത്യൻസമൂഹത്തിന്റെ ശക്തമായ ശബ്ദമാണ് ഘോഷ് എന്നും മന്ത്രി പറഞ്ഞു.



വരുൺ ഘോഷ് ഭഗവദ്ഗീത തൊട്ട് സത്യപ്രതിജ്ഞ ചെയ്യുന്നു

1985–ൽ ഇന്ത്യയിൽ ജനിച്ച വരുൺ ഘോഷ് ഡോക്ടറായ മാതാപിതാക്കൾക്കൊപ്പമാണ് ഓസ്‌ട്രേലിയയിലേക്ക് കുടിയേറിയത്. കോംബ്രിജ് യൂണിവേഴ്സിറ്റിയിൽനിന്ന് നിയമത്തിൽ മാസ്റ്റർ ബിരുദം നേടി.

# മൻമോഹൻ സിംഗ് മാതൃകയെന്ന് മോദി

ന്യൂഡൽഹി: തന്റെ മുൻഗാമി ഡോ. മൻമോഹൻ സിംഗ് പ്രചോദിപ്പിക്കുന്ന മാതൃകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ ജനാധിപത്യത്തെ പരാമർശിക്കുമ്പോഴെല്ലാം മൻമോഹന്റെ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടുമെന്നും രാജ്യസഭയിൽ നിന്നു വിരമിക്കുന്ന എംപിമാർക്കുള്ള യാത്രയയപ്പ് പ്രസംഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഡോ. മൻമോഹൻ സിംഗിനെ ഓർക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ സംഭാവനകൾ വളരെ വലുതാണ്. ഇത്രയും കാലം ഈ സഭയെയും രാജ്യത്തെയും നയിച്ച വഴിയിൽ ഡോ. മൻമോഹൻ സിംഗ് എന്നും ഓർമ്മിക്കപ്പെടും. 2004 മുതൽ മൻമോഹൻ സിംഗ് ദീർഘകാലം രാജ്യത്തെ നയിച്ച രീതിയെ പുകഴ്ത്തി മോദി പറഞ്ഞു. ചർച്ചകൾക്കിടയിൽ ഞങ്ങൾ പരസ്പരം ആക്രമിച്ചു. പക്ഷേ, അത് താൽക്കാലികമാണ്. വോട്ടെടുപ്പിൽ ട്രഷറി ബെഞ്ചുകൾ ജയിക്കുമെന്ന് അറിയാമായിരുന്നെങ്കിലും മൻമോഹൻ സിംഗ് വീൽ ചെയറിൽ വന്ന് വോട്ട് രേഖപ്പെടുത്തി. അങ്ങനെ തന്റെ കടമകളിൽ അംഗങ്ങളുടെ ജാഗ്രതയ്ക്ക് ഉദാഹരണമായി. അദ്ദേഹം ആരെയാണ് പിന്തുണച്ചതെന്നതു പ്രശ്നമല്ല. അദ്ദേഹം നമ്മുടെ ജനാധിപത്യത്തെ പിന്തുണയ്ക്കുകയായിരുന്നു. അദ്ദേഹം ഒരു പ്രചോദനാത്മക മാതൃകയാണ്: മോദി പറഞ്ഞു. വിരമിക്കുന്ന രാജ്യസഭാ എംപിമാർക്ക് ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ ജഗ്ദീപ് ധൻകർ അദ്ദേഹത്തിന്റെ വസതിയിൽ വിരുന്നു നല്കി.

# നോവൽ

(29–ാം പേജിൽ നിന്നും)

എനിക്കറിയാം എന്നോടുള്ള സ്നേഹം എത്രയധികമാണെന്ന്. എനിക്കുവേണ്ടി എന്തും ചെയ്യുമെന്ന്. ഈ സ്നേഹത്തിൽ മുങ്ങി ശ്വാസംമുട്ടി മരിക്കുന്നതാണ് എന്റെ സായൂജ്യം. ദൈവമേ... നമുക്കൊന്നിച്ചു ജീവിക്കാൻ സാധിച്ചില്ലെങ്കിൽ ഒന്നിച്ചു മരിക്കാനെങ്കിലും സാധിക്കണേ.'

പിന്നെയും എഴുതിയിട്ടുണ്ട്. പക്ഷേ, കണ്ണീർപാട വന്നുമൂടി അക്ഷരങ്ങൾ മാഞ്ഞു. അല്ലിമ കൺമുന്നിലെ ഫോട്ടോയ്ക്കു മുന്നിൽ കൈകൂപ്പി വിതുമ്പി. എന്തെങ്കിലും ഒരു വഴി കാണിച്ചു തരണേ നിങ്ങളെ രണ്ടുപേരെയും കാണാൻ നിങ്ങളുടെ അരികിലെത്താൻ. അവളുടെ മിഴികളിൽ തിളച്ച നീർകണം ക്രമേണ ആവിയായി മറഞ്ഞു പോയി.

*** *** ***

അഞ്ചു ദിനരാത്രങ്ങൾക്കു ശേഷം–രാവിലെ ട്യൂഷനു പോകാനായി വാതിൽ തുറന്നു സിറ്റൗട്ടിലേക്കിറങ്ങിയ വിശാഖ് വേഗം ലിവിങ് റൂമിലേക്കു തിരിച്ചു കയറിവന്നു.

"അച്ഛാ, കാർപോർച്ചിലൊരാള്."

ചായ കുടിച്ച്, ന്യൂസ്പേപ്പർ വായിച്ചുകൊണ്ടിരുന്ന രാജഗോപാൽ നെറ്റി ചുളിച്ചു.

"ആരാണെന്നു ചോദിച്ചില്ലേ?"

"ഇല്ല. നോട്ടം കണ്ടപ്പോ എനിക്കു പേടി വന്നു. ഗുണ്ടയെപ്പോലെ ഒരാള്."

"ഗുണ്ടയോ?"

രാജഗോപാൽ എഴുന്നേറ്റ് സിറ്റൗട്ടിലേക്കു ചെന്നു. കുറ്റിത്താടിയും കുറ്റിത്തലമുടിയുമുള്ള ഒരാൾ.

വിശാഖ് പറഞ്ഞതു ശരിയാണെന്ന് ഒറ്റനോട്ടത്തിൽ തോന്നി. തലയിലും താടിയിലും ഒറ്റതിരിഞ്ഞ നരച്ച രോമങ്ങൾ. ഒരു കറുത്ത ടീഷർട്ടും കാവിമുണ്ടുമാണു വേഷം. തോളത്ത് ഒരു ചുവന്ന തോർത്ത്.

"ആരാ, മനസ്സിലായില്ല... എന്തിനു വന്നതാ?"

"സാറാണോ രാജഗോപാൽ സാറ്?"

"ആ... അതെ... എന്താ?"

"ഞാൻ പെരിയാർവാലീന്നു വരുവാ... കണിയാമ്പറമ്പിലെ ശേഖരൻകുട്ടീടെ മകനാ... ജയിലിലാരുന്നു. തൊടുപുഴേല്. എറങ്ങി."

രാജഗോപാലിന്റെ മനസ്സിലൂടെ ചില ഓർമകൾ ചീറിക്കടന്നുപോയി. പെരിയാർവാലിയിലെ ശേഖരൻകുട്ടിയുടെ വീട്. ചില സംഭാഷണങ്ങൾ–വീടിനു താഴെയുള്ള പെരിയാറിന്റെ അസ്ഥിപഞ്ജരം!

"പേരെന്താ?"

"അനിബാബു. ചന്ദ്രബാബൂന്റെ അനിയനാ..."

അയാൾ തിടുക്കപ്പെട്ട് സ്വയം പരിചയപ്പെടുത്തി.

(തുടരും)

# അഭിമാനം മൂത്ത് കൊലപാതകം

(19–ാം പേജിൽനിന്നും)

യഥേഷ്ടം ജീവിക്കുന്ന ദുഷ്ടതലമുറ! ഇവയൊക്കെ കണ്ടും കേട്ടും മനമുരുകിക്കഴിയുന്ന ചില മുൻതലമുറക്കാർ. ഇവയ്ക്കൊക്കെ പ്രതിവിധി ഒന്നു മാത്രമേയുള്ളൂ.

ദൈവത്തെ ഭയപ്പെട്ട്, പാപങ്ങൾ ഏറ്റുപറഞ്ഞ് അനുതപിച്ച് ഉപവസിച്ച് പ്രാർത്ഥിച്ച് ദൈവത്തിങ്കലേക്ക് മടങ്ങിവരുക. തിന്മകളെ വെറുത്ത് നന്മയെ ആശ്ലേഷിക്കുക. ന്യായം പ്രവർത്തിപ്പാനും ദയാതല്പരരായിരിക്കാനും ദൈവസന്നിധിയിൽ താഴ്മയോടെ നടപ്പാനും ഉള്ളതിൽ തൃപ്തിപ്പെട്ട് സാധാരണജീവിതം മതി എന്നു വെക്കുക. നിർവ്യാജസ്നേഹത്തോടെ എല്ലാവരേയും സ്നേഹിക്കുക. തീയതിനെ വെറുത്ത് നല്ലതിനോടു പറ്റിച്ചേരുക. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ സ്വന്തം ഗുണമല്ല, മറ്റുള്ളവന്റെ ഗുണം മാത്രം നോക്കി, സൽപ്രവൃത്തികളാൽ സമ്പന്നരാകുവാൻ ശ്രമിക്കുക. നല്ല ഒരു സമൂഹം സംജാതമാകുവാൻ ഉപവസിച്ചു പ്രാർത്ഥിക്കുക.

കാരുണ്യവാനായ ദൈവം നമ്മുടെ ഭവനങ്ങളേയും സമൂഹത്തേയും ഉദ്ധരിച്ച് ശുദ്ധീകരിച്ച്, അനുഗ്രഹിക്കപ്പെട്ട ഒരു തലമുറ കാണുവാൻ പ്രത്യാശിച്ച് കാത്തിരിക്കാം.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______


❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______
CARD ACCOUNT NUMBER
SEC. CODE:

Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
Subscription fee non-refundable


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**